# സത്യദൂതൻ

2023 ഡിസംബർ | ലക്കം 12

വില ₹ 30



## തഹ്‌രീക് ജദീദ്: നവലോക ക്രമത്തിന്റെ ധനത്യാഗ പദ്ധതി

## യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും

## ധാർമികത: ജീവിലോകവും മനുഷ്യനും

## ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*





لاالٰہ الااللّٰہ محمد رسول اللّٰہ

# സത്യദൂതൻ

2023 ഡിസംബർ
ഹി.ശ. 1403– ഫതഹ്
1445 ജ അവ്വൽ – ജ ആഖിർ
പുസ്തകം 95 ലക്കം 12
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം






**5** എഡിറ്റോറിയൽ

**6** യുഗശബ്ദം




**7**
**തഹ്‌രീക് ജദീദ്: നവലോക ക്രമത്തിന്റെ ധനത്യാഗ പദ്ധതി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹുല്ലാഹു)
2023 നവംബർ 3 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്‌ബ ജുമുഅയുടെ സംഗ്രഹം.

**10**
**ധാർമികത: ജീവിലോകവും മനുഷ്യനും**
ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

**16**
**യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും**
എ.എം.മുഹമ്മദ് സലിം

**24**
**സർ സയ്യിദ് അഹ്‌മദ് ഖാനും അഹ്‌മദിയ്യാ ജമാഅത്തും**
എൻ. അബ്ദുർറഹീം

**28**
**ആരാധനയുടെ അന്തസ്സാരം**
മഹ്‌മൂദ് കൽക്കുളം



**31**
**ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ അദ്ധ്യാപനങ്ങൾ**
ഡോ. ഷാനവാസ് ഖാൻ

**33**
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
ഖലീഫത്തുൽ മസീഹ് അവ്വൽ رضی اللہ عنہ
ഇബ്‌നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**സത്യം പതുക്കെ പരക്കുക തന്നെ ചെയ്യും**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 89071 82933
Email-salimqld@gmail.com



Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹുവിന്റെ ദിക്റിനും (അവനിൽ നിന്ന്) ഇറങ്ങിയ സത്യത്തിനും വേണ്ടി ഹൃദയങ്ങളിൽ ഭയഭക്തിയുണ്ടാവാനും മുമ്പു ഗ്രന്ഥം നല്കപ്പെട്ടവരെ പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്തുപോയി അവരിൽ അധികപേരും ആജ്ഞാ ലംഘകന്മാരായി തീർന്നു. (57: 16)



## നബിവചനം

തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും, അന്ന് ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും അവരുടെ പള്ളികൾ ജനപ്പെരുപ്പമുള്ളതായിരിക്കുമെങ്കിലും അവ ഭക്തി ശൂന്യങ്ങളായിരിക്കും. അവരുടെ ആലിംകൾ ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ടജീവികളായിരിക്കും. ഫിത്ന അവരിൽ നിന്ന് പുറപ്പെടുകയും അവരിലേക്ക് തന്നെ മടങ്ങുകയും ചെയ്യും. (മിശ്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം

ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും കൂടി ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ. ഞാൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക. മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കികാണുന്നു. ഇതാ ഞാൻ അതിമഹത്തായ വിജയത്തെ കൈവരിക്കാൻ അടുത്തിരിക്കുകയാണ്. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്ത് സ്വർഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അത് എന്റെ ഓരോ വാക്കിനും അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കങ്ങളും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ പാവയെപ്പോലെ എഴുന്നേൽപ്പിച്ചു നിർത്തി. തൗബയുടെ വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തു തന്നെ അറിയുമാറാകും ഞാൻ സ്വയം എഴുന്നേറ്റവനല്ല എന്ന്. ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ച്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോട് പ്രതികരിക്കാത്തവൻ കാഴ്ച്ചയുള്ളവനാണോ? (ഇസാലെ ഔഹാം പേ. 593)



# ആകാശത്ത് നിന്ന് ആരും വരികയില്ല.

വിവിധ ദേശങ്ങളിൽ വ്യത്യസ്ത ജനവിഭാഗങ്ങളിൽ ആവിർഭവിച്ച എല്ലാ മതങ്ങളും ദൈവ പ്രോക്തങ്ങളാണ്. മനുഷ്യ സമൂഹം ഒന്നായിത്തീരുന്ന യുഗാന്ത്യത്തിൽ അടയാള സമേതം ആഗതനാകുന്ന ദൈവപ്രേഷിതനായ ഒരു മഹാത്മാവിനെ കുറിച്ച് ആ മതങ്ങളിലെല്ലാം പ്രവചനമുണ്ട്. അലങ്കാരങ്ങളും പ്രതീകങ്ങളും രൂപകങ്ങളും ഉപയോഗിച്ച് പ്രവചനഭാഷയിൽ മതഗ്രന്ഥങ്ങളിൽ അവ രേഖപ്പെട്ടുകിടക്കുന്നു. ഈ അർഥപൂർണമായ പ്രവചനങ്ങളുടെ അകപ്പൊരുളും അർഥവും വിവക്ഷയും മനസ്സിലാക്കാതെ പുരാവൃത്തങ്ങളിലും ഇതിഹാസങ്ങളിലും ഉള്ളത്പോലെ അയഥാർഥങ്ങളായ സങ്കൽപ്പത്തിൽ അവസാനകാലത്തെ രക്ഷകൻ ആകാശത്തു നിന്നും അവരോഹിതനാകുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. സമകാലീന ലോകത്ത് രക്തരൂക്ഷിതമായി നടന്നുകൊണ്ടിരിക്കുന്ന ഇസ്രയേൽ-ഹമാസ് യുദ്ധം പോലും രക്ഷകൻ വരാൻ ഇസ്റായേലിനെ ഒരുക്കുകയാണെന്ന മതവ്യാഖ്യാനം വ്യാപകമാണെന്ന് വരുമ്പോൾ ഈ വിശ്വാസത്തിന്റെ വിപത്തും സ്വാധീനവും എത്രത്തോളം സമൂഹത്തിൽ രൂഢമൂലമാണ്.

വാസ്തവത്തിൽ യേശു അഥവാ ഈസാ നബി(അ) യഹൂദർക്ക് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹയായി വന്നത് ബൈബിളിലും ഖുർആനിലും വിവരിക്കുന്നുണ്ട്. അന്നും യഹൂദർ വിശ്വസിച്ചത് ദാവീദിന്റെ നഷ്ടപ്പെട്ട സിംഹാസനം വീണ്ടെടുക്കാൻ അധികാര വിഭൂഷിതനായി ആഗതനാകുന്ന രാജകീയ മസീഹിനെയായിരുന്നു. ദരിദ്രനും നിസ്വനുമായ യേശു ഞാൻ മിശിഹാ ആണെന്നും എന്റെ രാജ്യം ദൈവികമാണെന്നും പറഞ്ഞപ്പോൾ ആ വിശുദ്ധനായ ദൈവപ്രേഷിതൻ നിഷ്ക്കരുണം നിരാകരിക്കപ്പെട്ടു. തലയിൽ മുൾകിരീടം ചൂടി, മുഖത്ത് കാർക്കിച്ചു തുപ്പി, ഞാണങ്ങാകോൽക്കൊണ്ട് തലക്കടിച്ചു, യഹൂദരുടെ രാജാവേ സ്വസ്തി എന്ന് പരിഹസിച്ചു, അവസാനം കുരിശിൽ കയറ്റി കൊല്ലാൻ അവർ ധൃഷ്ടരായി. ഇതാണ് മസീഹിനെ പറ്റിയുള്ള മിഥ്യാ സങ്കൽപ്പങ്ങളെ താലോലിച്ചിരുന്ന യഹൂദികൾക്കിടയിൽ യേശു മിശിഹാ വന്നപ്പോൾ സംഭവിച്ചത് എന്നാണ് ബൈബിൾ വിവരണം. ഇതിൽ നിന്നും പാഠം ഉൾക്കൊള്ളാതെ മിശിഹാ ആകാശത്ത് നിന്നും മാലാഖമാരുടെ അകമ്പടിയോടെ രണ്ടാമതും അവരോഹിതനാകുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിച്ച് കാത്തിരിക്കുന്നത്. മുസ്‌ലിംകൾ അദ്ദേഹത്തെ പീഡന വർണനകളില്ലാതെ ആകാശത്തേക്ക് നേരെ ഉയർത്തിയിരിക്കുകയാണ്. യേശുവിന്റെ രണ്ടാം വരവിന്റെ വർണ്ണനകൾ ഇരുമതക്കാരുടെയും ഏകദേശം ഒരുപോലെ തന്നെ

മുസ്‌ലിംകളും ക്രിസ്ത്യാനികളും പങ്കുവെക്കുന്ന ഇതിസാഹ വർണനകൾകൊണ്ട് നിറം പിടിപ്പിച്ച ഈസാ മസീഹ് ഒരിക്കലും ആകാശത്ത് പോയിട്ടുമില്ല, ആകാശത്ത് നിന്നും വരികയുമില്ല. ശപ്തമായ കുരിശ് മരണത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെ തേടി കിഴക്കൻ രാജ്യങ്ങളിൽ പ്രേഷിത പ്രവർത്തനം നടത്തി ഇന്ത്യയിൽ ദിവംഗതനാകുകയാണുണ്ടായത് അദ്ദേഹത്തിന്റെ മൃതകുടീരം കാശ്മീരിലെ ശ്രീനഗറിൽ ആ മഹദ് ജീവിതത്തിന്റെ സാക്ഷ്യമെന്നോണം ഇന്നും നിലകൊള്ളുന്നു.

ദൈവം വാഗ്ദാനം പാലിച്ചു. ഈസാ നബി(അ) അഥവാ യേശുവിന്റെ രണ്ടാം വരവ് ഭാരതത്തിൽ ജനിച്ച ഹദ്റത്ത് അഹ്മദിൽ(അ) തിരുവെഴുത്തുകളിൽ പറഞ്ഞ അടയാള സമേതം പൂർത്തിയായതായി ബുദ്ധിമാന്മാരായ സത്യാന്വേഷികൾക്ക് കാണാം. പക്ഷേ അന്നത്തെ യഹൂദരെപോലെ ആകാശത്ത് നിന്നുള്ള മസീഹിന്റെ വരവും കാത്തിരുന്നവർ അദ്ദേഹത്തെ നിഷേധിച്ചു. ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു.

'വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ് ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചു കൊള്ളുക. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും എന്നാലവർക്ക് ആകാശത്ത് നിന്നും മറിയമിന്റെ മകൻ യേശു (ഇബ്നു മറിയം) ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല.........തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും അങ്ങനെ ഇന്ന് മുതൽ മൂന്നു നൂറ്റാണ്ടുകൾ പൂർത്തിയാകുന്നതിനു മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലികളാവട്ടെ ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെ കുറിച്ച് നിരാശപ്പെടുകയും മനം മടുത്ത് വിശ്വാസം പരിത്യജിക്കുകയും ചെയ്യും.' *(തദ്കിറത്തു ശഹാദതൈൻ)*



# അവസാനകാലത്തെ അടയാളങ്ങൾ

**ഹ്ദറത്ത് അഹ്മദ്(അ)**

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ടു ജനതകളാണ്. അതിനെ പറ്റി പൂർവിക ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ട് പലതും കാട്ടികൂട്ടും എന്നതിനാലാണ്. ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായിതീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗ്ഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങൾക്കും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും ഭൂമിയിൽനിന്നും പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. അന്നാളുകളിൽ ആകാശത്ത് സൂര്യചന്ദ്ര ഗ്രഹണങ്ങളുണ്ടാകും ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകരമായി ഭവിക്കും. എന്നുവച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതിപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റെയിൽ മാർഗ്ഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റെയിൽ മാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്.


വലയുത്റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ (മുസ്ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങളെല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രങ്ങളിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്നും നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴു ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിതവചനമാണെന്ന് വ്യക്തമായി. ദൈവം ഒറ്റയാകുന്നു. അതു കൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലേകത്തിന്റെ അവസാനത്തെ കാലചക്രമാണെന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്ലുൽ കശ്ഫുകാരും (കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിന്നപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിന്റെ ഈ ഉമ്മത്തിൽ സമുദായത്തിൽ-നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി(സ) തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി(അ)ന്റെ നുബുവ്വത്ത് കാലത്തിന്റെ സദൃശനായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി(സ)യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (ഫിർഔന്നും അയാളുടെ സൈന്യത്തിന്നും മേൽ വിജയം നല്കിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകയും എല്ലാവരെയും നശിപ്പിച്ചുകൊണ്ട് ഇസ്ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവിക സഹായം മുഖേന 'ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു'(73:16)

അവസാന കാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലർന്നിരിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താല്പര്യമില്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുധ്യങ്ങൾ പ്രകടമാവുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാ ഭരണത്തിന്നു കീഴിലായി. ഹദ്റത്ത് മൂസാ നബി(അ)ന്ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. അദ്ദേഹത്തിൽ ഇസ്റായേലി നുബൂവ്വത്ത് പരമ്പര അവസാനിക്കുകയും ചെയ്തിരുന്നു. *(ലക്ചർ സിയാൽകോട്ട്)*

# തഹ്രീക് ജദീദ്: നവലോക ക്രമത്തിന്റെ ധനത്യാഗ പദ്ധതി

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2023 നവംബർ 3 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

***നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്നും നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ചെലവഴിക്കുന്നതിനെ കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. (03:93)***

അല്ലാഹുവിന്റെ പ്രീതി നേടുന്നതിനായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ഇഷ്ടപ്പെടുന്നത് ചെലവഴിക്കുമ്പോഴാണ് നന്മയുടെ ഏറ്റവും ഉയർന്ന നിലവാരം നിങ്ങൾ കൈവരിക്കുന്നത് എന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾക്ക് പ്രിയപ്പെട്ട സമ്പത്തും വസ്തുക്കളും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കുന്ന യഥാർഥ നന്മ നിങ്ങൾക്ക് കരസ്ഥമാക്കാനാകില്ല. മറ്റൊരിടത്ത് പറഞ്ഞു: സമ്പത്തിനെ സ്നേഹിക്കരുത്. ഈ വസ്തുക്കളിൽ നിന്ന് നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ഒരിക്കലും നന്മ പ്രാപിക്കാനാവില്ലെന്ന് അല്ലാഹു പറയുന്നു. ഉപയോഗശൂന്യവും അനാവശ്യവുമായ സാധനങ്ങൾ ചെലവഴിച്ച് മനുഷ്യന് നന്മ ചെയ്തുവെന്ന് അവകാശപ്പെടാൻ കഴിയില്ല. നന്മയുടെ വാതിൽ ഇടുങ്ങിയതാണ്. അതിനാൽ ഉപയോഗശൂന്യമായ വസ്തുക്കൾ ചെലവഴിക്കുന്നതിലൂടെ ആരും അതിൽ പ്രവേശിക്കില്ലെന്ന് ഓർമ്മിക്കുക. കാരണം ഏറ്റവും പ്രിയപ്പെട്ട വസ്തുക്കൾ ചെല വഴിക്കുന്നതുവരെ നിങ്ങൾക്ക് (അവന്റെ) പ്രേമഭാജനമാകുക എന്ന ആ പദവി ലഭിക്കുകയില്ല.

നിങ്ങൾ കഷ്ടപ്പെടാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ യഥാർഥ നന്മ സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെയാണ് വിജയിക്കാനും ലക്ഷ്യം കരസ്ഥമാക്കാനും സാധിക്കുക? സ്വഹാബികൾ സൗജന്യമായി നേടിയെടുത്തതാണോ ആ പദവികൾ. താത്കാലികമായ കഷ്ടപ്പാടുകൾ സഹിച്ചില്ലെങ്കിൽ യഥാർഥ സന്തോഷത്തിലേക്ക് നയിക്കുന്ന ദൈവപ്രീതി നേടാനാവില്ല. അല്ലാഹു വഞ്ചിക്കുന്നവനല്ല. ദൈവപ്രീതിക്കായി കഷ്ടതകൾ സഹിക്കുന്നവർ ഭാഗ്യവാന്മാരാണ്. കാരണം ശാശ്വതമായ സന്തോഷവും നിത്യസുഖവും ഈ താത്കാലിക യാതനകൾക്കുശേഷമാണ് വിശ്വാസിക്ക് ലഭിക്കുന്നത്. അതിനാൽ, അല്ലാഹുവിന്റെ വചനങ്ങൾക്കനുസൃതമായി സമ്പത്ത് ചെലവഴിക്കുന്നതിനായി ഈ ഒരു തിരിച്ചറിവാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നത്. ഇത് മനസ്സിലാക്കി തന്റെ സമ്പത്ത് ദീനിന്റെ മാർഗത്തിൽ ചെലവഴിക്കാൻ കഴിയുന്നത് ജമാഅത്തിനും എല്ലാ അഹ്മദികൾക്കും മേലുള്ള അല്ലാഹുവിന്റെ വലിയ ഒരു ഔദാര്യമാണ്.

ജമാഅത്തിലെ ആളുകളിൽ ഒരു വലിയ വിഭാഗം സ്വന്തം

ആവശ്യങ്ങൾ ഉണ്ടായിരുന്നിട്ടും ദീനീപരമായ ആവശ്യങ്ങൾക്കായി തങ്ങളുടെ സമ്പത്ത് സമർപ്പിക്കുന്നു. അത്തരത്തിലുള്ള ആയിരക്കണക്കിന് ഉദാഹരണങ്ങൾ ഉണ്ട്. ഇന്ന് ലോകത്ത്, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിൽ സാമ്പത്തിക സ്ഥിതി കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്നത് നാം കാണുന്നു. വികസിത രാജ്യങ്ങളിലും മുമ്പുണ്ടായിരുന്ന (നല്ല) അവസ്ഥ ഇപ്പോഴില്ല. റഷ്യയും ഉക്രൈനും തമ്മിലുള്ള യുദ്ധവും സ്ഥിതി കൂടുതൽ വഷളാക്കിയിട്ടുണ്ട്. മാത്രമല്ല, ഈ രാജ്യങ്ങളിലെ രാഷ്ട്രീയക്കാരുടെ അഴിമതിയും സ്ഥിതി കൂടുതൽ മോശമാക്കിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും, അഹ്മദികൾ തങ്ങളുടെ സാമ്പത്തിക ത്യാഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ലൗകികരുടെ ദൃഷ്ടിയിൽ ഇതിനെ (അവർക്ക്) മനസ്സിലാക്കാൻ പ്രയാസമാണ്; എന്നാൽ ദൃഢവിശ്വാസമുള്ളവർക്കറിയാം, ഇതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹം ദർശിക്കാൻ വേണ്ടിയാണ് ഈ ത്യാഗം ചെയ്യുന്നത് എന്ന്. നവംബർ ആദ്യവാരം തഹ്‌രീക് ജദീദിന്റെ പുതുവർഷം പ്രഖ്യാപിക്കുന്നതിനാൽ തഹ്‌രീക് ജദീദുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഞാൻ സമർപ്പിക്കുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക് ജദീദ് പ്രഖ്യാപിച്ച അവസരത്തിൽ, സ്ത്രീകളുടെ സാമ്പത്തിക ത്യാഗവുമായി ബന്ധപ്പെട്ട് അദ്ദേഹം ഉന്നയിച്ച ആവശ്യങ്ങളിൽ, അവർ ആഭരണങ്ങൾ ഉണ്ടാക്കരുതെന്നും കുറഞ്ഞ ആഭരണങ്ങൾ ഉണ്ടാക്കുക എന്നും ഉണ്ടായിരുന്നു. അന്നും ഇന്നും സ്ത്രീകൾ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. ചില സ്ത്രീകൾ അവരുടെ എല്ലാ ആഭരണങ്ങളും ചന്ദയായി നല്കുന്നു.

വിശപ്പിനെ ഗൗനിക്കാതെ ചന്ദഃ നല്കുന്ന പാവങ്ങളുണ്ട്. (പിന്നീട്) അല്ലാഹു അനുഗ്രഹിച്ച നിരവധി പേരും അവരിലുണ്ട്. ധനികരും പാഠം പഠിക്കുകയും അവരുടെ ത്യാഗങ്ങളുടെ നിലവാരം വർധിപ്പിക്കുകയും വേണം. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മാസവരുമാനത്തിന്റെ നാല്പ്പത്തിയഞ്ച് ശതമാനം നല്കുന്ന ദരിദ്രരുണ്ട്; എന്നാൽ സമ്പന്നർ ഒന്നര ശതമാനം മാത്രമാണ് നൽകുന്നത്. അത്രയുമല്ല; ദരിദ്രർ 100 ശതമാനം നല്കുകയും സമ്പന്നർ ഒരു ശതമാനം മാത്രം നല്കുകയും ചെയ്യുന്നു. ഈ അർഥത്തിൽ ദരിദ്രരുടെ ത്യാഗത്തിന്റെ നിലവാരം വളരെ ഉയർന്നതാണ്. ഈ രീതിയിൽ, സമ്പന്നരായ ആളുകൾ അവരെ സ്വയം വിലയിരുത്തേണ്ടതാണ്. അല്ലാഹു ഒരിക്കലും കടം ബാക്കിവെക്കാറില്ലെന്ന് ഓർമവെക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽ ഒരിടത്ത് അത് എഴുനൂറോ അതിലധികമോ മടങ്ങ് വർധിപ്പിച്ചു നല്കുന്നതായി പറഞ്ഞിട്ടുണ്ട്.

ഏതൊക്കെ സ്ഥലങ്ങളിൽ ജമാഅത്തിനെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചിരുന്നു. എന്നാൽ ജമാഅത്തിനുവേണ്ടി ത്യാഗത്തിന്റെ

**ഇപ്പോൾ 220 രാജ്യങ്ങളിലായി ആകെയുള്ള പള്ളികളുടെ എണ്ണം 9300 നു മുകളിലാണ്. മിഷൻ ഹൗസുകളുടെ എണ്ണം മൂവായിരത്തി നാനൂറിന് മുകളിലാണ്. ഡസൻ കണക്കിന് മസ്ജിദുകൾ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ മിഷൻ ഹൗസുകളും നിർമാണത്തിലാണ്.**

ആത്മാവ് നവഅഹ്മദികളുടെ ഹൃദയത്തിൽ അല്ലാഹു സൃഷ്ടിച്ചത് എങ്ങനെയെന്ന് കാണുക. തുടർന്ന് അല്ലാഹു അവർക്ക് അനുഗ്രഹങ്ങളും നല്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു കൊളുത്തിയ ഈ വിളക്കിനെ ഊതിക്കെടുത്താൻ ഈ എതിരാളികൾക്ക് കഴിയുമോ? നിങ്ങൾ ആഗ്രഹിക്കുന്നത്രയും ശക്തിചെലുത്തുക; (എന്നാൽ) പരാജയപ്പെടാനാണ് എതിരാളികളുടെ വിധി. ലോകത്തിന്റെ എല്ലാ കോണുകളിലും ത്യാഗങ്ങളുടെ മാതൃകകൾ സൃഷ്ടിച്ച് ജമാഅത്ത് വളർന്നുകൊണ്ടേയിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക് ജദീദ് ആരംഭിച്ചത് തന്നെ നാനാഭാഗത്തുനിന്നും ജമാഅത്തിന്നെതിരായി പ്രശ്നങ്ങൾ ഉണ്ടായ സന്ദർഭത്തിൽ ആണ്. അന്ന് സർക്കാർ ഉദ്യോഗസ്ഥർ പോലും എതിരാളികൾക്ക് പിന്തുണ നല്കിയിരുന്നു.

തബ്ലീഗ് ചെയ്ത് ജമാഅത്ത് വിപുലമാക്കുകയും ലോകത്തെ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്ലാമിന്റെ പതാക ഉയർത്തുകയും ചെയ്യുക എന്നതാണ് തഹ്‌രീക് ജദീദിന്റെ ലക്ഷ്യം. അങ്ങനെ അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാം ആശ്ലേഷിച്ച ഈ ആളുകൾ വിശ്വാസത്തിലും ത്യാഗത്തിലും മാതൃക കാണിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. അത്തരത്തിലുള്ള എണ്ണിയാലൊടുങ്ങാത്ത സംഭവങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം ഇപ്പോൾ ഇവിടെ വിവരിക്കാൻ സാധിക്കുകയില്ല.

തഹ്‌രീക് ജദീദിനെക്കുറിച്ചും അതിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ചും കുറച്ചു കാര്യങ്ങൾ പറയാം. എല്ലാ ഭാഗത്തുനിന്നും ജമാഅത്തിന് എതിരെ പ്രശ്നങ്ങളും കുഴപ്പങ്ങളും ഉയർന്നുകൊണ്ടിരുന്നു. അഹ്റാരി

കൾ പ്രത്യേകിച്ചും, കലാപങ്ങൾ സൃഷ്ടിക്കാൻ അവരുടെ എല്ലാ ശ്രമങ്ങളും നടത്തി. അഹ്മദിയ്യത്തിനെ (ഭൂമുഖത്തു നിന്നും) തുടച്ചുനീക്കുമെന്നതായിരുന്നു അവരുടെ മുദ്രാവാക്യം. ഖാദിയാന്റെ പേരും അടയാളവും അവർ മായ്ക്കുമെന്നും ഖാദിയാന്റെ അസ്തിവാരം ഇളക്കുമെന്നുമായിരുന്നു അവരുടെ വീരവാദങ്ങൾ. ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ മഖ്ബറയും (ഖാദിയാനിലെ) വിശുദ്ധ സ്ഥലങ്ങളും അപമാനിക്കപ്പെടുന്ന തരത്തിലുള്ള പരിപാടികൾപോലും തയ്യാറാക്കിയിരുന്നു. അക്കാലത്ത് ബ്രിട്ടീഷ് സർക്കാർ കുഴപ്പങ്ങൾ അവസാനിപ്പിക്കുന്നതിനു പകരം അവരെ പിന്തുണക്കുകയാണു ചെയ്തത്. സർക്കാരിനും എതിരാളികളോട് കൂടുതൽ ചായ്‌വുള്ളത് പ്രകടമായിരുന്നു. ഈ സാഹചര്യങ്ങളിൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഒരു പദ്ധതി നല്കികൊണ്ട് ജമാഅത്തിനോട് സാമ്പത്തിക ത്യാഗം ചെയ്യാൻ ആഹ്വാനം നല്കുകയുണ്ടായി. 1934 ൽ ആയിരുന്നു ഇത്. ചിലപ്പോൾ ത്യാഗങ്ങൾ നീട്ടേണ്ടി വരുമെന്നും സ്ത്രീകളും കുട്ടികളും അതിന് തയ്യാറാവണമെന്നും ഇത് വെറും പുരുഷന്മാരുടെ മാത്രം ജോലിയല്ല; സ്ത്രീകളും അവരുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കേണ്ടതുണ്ട് എന്ന് മുസ്‌ലിഹ് മൗഊദ്[റ] പറയുകയുണ്ടായി. അക്കാലത്ത് മുഴുവൻ അഹ്മദികൾക്കും അത് നിർബന്ധമായിരുന്നില്ലെങ്കിലും, (അന്ന്) ജമാഅത്ത് അസാധാരണമായ ആത്മാർഥതയും വിശ്വസ്തതയും പ്രകടിപ്പിച്ചു. എതായിരുന്നാലും, 1934 ൽ അദ്ദേഹം ഒരു വ്യവസ്ഥാപിതമായ ഫണ്ട് പ്രഖ്യാപിക്കുകയും ശത്രുക്കളുടെ ആക്രമണങ്ങൾക്ക് മറുപടി നല്കണമെന്ന് പറയുകയും ചെയ്തു. അദ്ദേഹം അക്കാലത്ത് ജമാഅത്തിന് ഒരു പ്രോഗ്രാം നല്കികൊണ്ട് സ്വന്തം സംസ്കരണത്തിലേക്കും ത്യാഗത്തിന്റെ നിലവാരം ഉയർത്തുന്നതിലേക്കും സാമ്പത്തിക ത്യാഗത്തിലേക്കും ശ്രദ്ധചെലുത്തി. അക്കാലത്ത് തങ്ങളുടെയും മക്കളുടെയും ഭക്ഷണം കുറച്ചു കൊണ്ട് ജമാഅത്ത് മുഖേന ത്യാഗങ്ങൾ ചെയ്തു സ്ഥാപിച്ച മാതൃക അല്ലാഹു സ്വീകരിച്ചപ്പോൾ ലോകത്ത് അസാമാന്യമായ പ്രബോധന മാർഗങ്ങൾ തുറന്നു എന്നു മാത്രമല്ല; ഈ ത്യാഗങ്ങൾ അവരിൽ മാത്രം ഒതുങ്ങാതെ ഞാൻ വിവരിച്ച സംഭവങ്ങൾ പോലുള്ള ഉദാഹരണങ്ങൾ ഇന്നും നാം കാണുന്നു. ഏതായിരുന്നാലും, ഈ ആളുകൾ സാമ്പത്തിക ത്യാഗങ്ങൾ എന്ന പോലെ തങ്ങളുടെ ജീവിതവും മതത്തിനായി സമർപ്പിച്ചിരുന്നു. അവർ വിദൂര രാജ്യങ്ങളിൽ തബ്ലീഗ് ചെയ്യാൻ പോയി. ചിലർക്ക് ജയിൽവാസത്തിന്റെ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] തുടക്കത്തിൽ ഈ പദ്ധതി മൂന്ന് വർഷം എന്നത് പത്ത് വർഷത്തേക്ക് നീട്ടി. പിന്നീട് പത്ത് വർഷം പൂർത്തിയായപ്പോൾ; അതിന്റെ സൽഫലങ്ങൾ കണ്ടപ്പോൾ കൂടുതൽ ത്യാഗികളുടെ ആഗ്രഹത്തെ മാനിച്ചുകൊണ്ട് അത് കൂടുതൽ നീട്ടി. പിന്നീട് അത് ഒരു സ്ഥിര പദ്ധതിയായി മാറി. ഇന്ന് നാം കാണുന്ന അല്ലാഹുവിന്റെ പിന്തുണയുടെയും സഹായത്തിന്റെയും ദർശനങ്ങൾ, ദൈവ സമക്ഷം സ്വീകാര്യത നേടിയ ആ ആദ്യകാല മനുഷ്യരുടെ ത്യാഗത്തിന്റെ ഫലമാണ്. മാത്രമല്ല, ഇന്നും ചിലപ്പോൾ സ്വപ്നങ്ങളാൽ നവാഗതരെ ഈ പദ്ധതിയിലേക്കും സാമ്പത്തിക ത്യാഗങ്ങളിലേക്കും ഞാൻ സമർപ്പിച്ച സംഭവങ്ങളിൽ സൂചിപ്പിച്ചതുപോലെ അല്ലാഹു ശ്രദ്ധതിരിക്കുന്നു. ഈ ആദ്യകാല ത്യാഗികളുടെ പിൻഗാമികൾ ഇന്നും അവരുടെ പൂർവികരുടെ ത്യാഗങ്ങളെ സ്മരിച്ചുകൊണ്ട് നമ്മളും നമ്മുടെ തലമുറകളും ഈ ത്യാഗങ്ങളെ നിലനിർത്താൻ ശ്രമിക്കേണ്ടതും നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കായി നാം കൂടുതൽ കൂടുതൽ ത്യാഗം ചെയ്യേണ്ടതുമാണ്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ആദ്യം തഹ്‌രീക് ജദീദ് മുഖേന നമുക്ക് ദർശിക്കാൻ സാധിച്ച ഫലങ്ങളെ കുറിച്ച് പറയട്ടെ. തുടക്കത്തിൽ നമ്മൾ ഖാദിയാനിൽ നിന്ന് പുറത്തു പോയിരുന്നില്ല; അല്ലെങ്കിൽ ഇന്ത്യയ്ക്ക് അകത്ത് കുറച്ച് മാത്രമേ വ്യാപിച്ചിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ 220 രാജ്യങ്ങളിലായി ആകെയുള്ള പള്ളികളുടെ എണ്ണം 9300 നു മുകളിലാണ്. മിഷൻ ഹൗസുകളുടെ എണ്ണം മൂവായിരത്തി നാനൂറിന് മുകളിലാണ്. ഡസൻ കണക്കിന് മസ്ജിദുകൾ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ മിഷൻ ഹൗസുകളും നിർമാണത്തിലാണ്. ലോകത്ത് മുബല്ലിഗുകളുടെയും മുഅല്ലിമുകളുടെയും എണ്ണം അയ്യായിരത്തോളം വരും. അത് ഇപ്പോഴും വർധിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശുദ്ധ ഖുർആന്റെ വിവർത്തനങ്ങളും നടക്കുന്നു. എഴുപത്തിയേഴ് ഭാഷകളിലേക്ക് അത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. സാഹിത്യങ്ങൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു. വിവിധ ഭാഷകളിലേക്ക് സാഹിത്യങ്ങൾ വിവർത്തനം ചെയ്യപ്പെടുന്നു. തഹ്‌രീക് ജദീദിന്റെ തുടക്കം മുതൽ ആരംഭിച്ച എണ്ണമറ്റ പ്രവർത്തനങ്ങളുണ്ട്. ഇതിൽ ബാക്കിയുള്ള ചന്ദകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ തഹ്‌രീക് ജദീദിന് ഇതിൽ വലിയ പങ്കാണ് ഉള്ളത്.

# ധാർമികത: ജീവിലോകവും മനുഷ്യനും

ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യനിൽ കാണപ്പെടുന്ന ഉന്നതമായ ധാർമിക സദാചാരം അദ്‌ൽ, ഇഹ്സാൻ, ഈതാഇ ദിൽ ഖുർബാ എന്നീ ഖുർആനിക തത്വങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മവും യുക്തിസഹവുമായി വിശകലനം ചെയ്യപ്പെടുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ദാർശനികന്മാരുടെ സമീപനം സംബന്ധിച്ച് പരാമർശിക്കുകയാണെങ്കിൽ അവരിൽ ചിലർ വിശ്വസിക്കുന്നത് പ്രപഞ്ച സൃഷ്ടിപ്പിന്ന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നാണ്. അവർ വാദിക്കുന്നത് പ്രപഞ്ച സൃഷ്ടി എന്നത് സ്വയംഭുവും തുടർന്നു കൊണ്ടിരിക്കുന്നതും അന്ധവും പരിണാമാത്മകവുമായ ഒരു പ്രക്രിയയാണെന്നാണ്. വ്യക്തമായും ഈ അന്ധതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ് അവർ മനുഷ്യപ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നതും അത് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതും.

അത്തരം ദാർശനികന്മാർ മുന്നോട്ടുവെക്കുന്ന തത്ത്വം. മനുഷ്യന്റെ മേൽ പ്രത്യേകമായി നൈതികവും ധാർമികവുമായ യാതൊരുവിധ നിബന്ധനകളും ഉണ്ടാവാൻ പാടില്ല എന്നും മൃഗങ്ങൾ എങ്ങനെയാണോ അത്പോലെ തങ്ങളുടെ ജീവിതം രൂപപ്പെടുത്താൻ മനുഷ്യർക്ക് പരിപൂർണ സ്വാതന്ത്ര്യമുണ്ട് എന്നുമാണ്. ഈ ഒരു പശ്ചാത്തലത്തിൽ മനുഷ്യന് നിയമം നിർമിക്കാൻ ഒരു പരമോന്നത നിയമദാതാവ് എന്ന നിലയിൽ പുറമെനിന്നും ദൈവത്തെ പോലെയുള്ള ഒരു ബാഹ്യ എജൻസിയുടെ പങ്ക് നാം കാണുന്നില്ല എന്നുമാണ്. അവരുടെ അഭിപ്രായത്തിൽ നീതിയുടെ സങ്കൽപ്പം മനുഷ്യന്റെ ദൈഷണിക പ്രവർത്തനങ്ങളിൽ നിന്നുമാത്രം സംജാതമായതാണ്. ചരിത്രാതീതകാലം മുതൽ അവന്റെ സുദീർഘമായ അനുഭവ പരമ്പരകളുടെ വെളിച്ചത്തിൽ മനുഷ്യസമൂഹം വികസിക്കുന്ന മുറക്ക് ക്രമേണ നിയമങ്ങളും ചട്ടങ്ങളും അവൻ രൂപികരിക്കാൻ ആരംഭിച്ചു. അങ്ങനെ അവൻ നീതിയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾക്കുകൂടി നിയമനിർമാണം ആരംഭിച്ചു.

മതപരമായ ആദർശങ്ങൾ ഈ സെക്കുലർ സാമൂഹിക സിദ്ധാന്തങ്ങളുമായി നേരിട്ടുള്ള സംഘട്ടനത്തിലേർപ്പെടുന്നു. മതം നമ്മെ പഠിപ്പിക്കുന്നത് ഒരു സവിശേഷ ഉദ്ദേശ്യത്തോടെയാണ് ദൈവം മനുഷ്യന്ന് വിവേചന ബോധം നല്കിയിരിക്കുന്നത് എന്നാണ്. അതായത് മൃഗത്തെ പോലെ അവന്റെ സഹജ വാസനകൾ പിന്തുടരണമോ അതല്ലെങ്കിൽ ചില അവസരങ്ങളിൽ ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിട്ടുനിൽക്കണമോ എന്ന്.

അവസാനമായി ഈ ഗുണങ്ങൾ മനുഷ്യന് ദൈവം നല്കിയതാണെന്ന് വിശ്വസിക്കാമെങ്കിൽ എന്താണ് മനുഷ്യൻ ചെയ്യേണ്ടതെന്നും എന്താണ് ചെയ്യരുതാത്തതെന്നുമുള്ള മാർഗദർശനം വെളിപാട് മുഖേന ദൈവത്തിൽ നിന്ന് തന്നെ വരേണ്ടതാണെന്ന് ന്യായമായും കരുതണം.

എന്തായാലും ഈ വാദമുഖങ്ങൾ ചില മാതൃകകളുടെ സഹായത്തോടെ വിശദീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു സിംഹത്തിന്റെ സഹജാവബോധം അതിനോട് പറയുക വിശപ്പ് മാറ്റാനായി ഏതെങ്കിലും ഒരു മൃഗത്തെ പോയി കൊല്ലുക എന്നാണ്. എന്നാൽ അതിന് സിംഹത്തിന്റെ ഇരയായ മൃഗത്തിനെ ഏറ്റവും കുറഞ്ഞ അളവിൽ വേദനിപ്പിച്ചുകൊണ്ട് കൊല്ലാൻ തീരുമാനിക്കുക എന്നത് അതിന്റെ നൈസർഗികമായ കഴിവിന്റെ പരിധിക്കപ്പുറത്താണ്. ദൈവം തന്നെയാണ് അതിന്ന് തന്റെ ഇരയെ ഏറ്റവും വേദനാരഹിതമായി കൊല്ലാൻ സഹജാവബോധത്താൽ പഠിപ്പിച്ചിട്ടുള്ളത്. ആ അർഥത്തിൽ ഇര അനാവശ്യമായ വേദന സഹിക്കുന്നത് ഒഴിവാക്കപ്പെടുന്നു.

തഖ്‌വീം (കേവല നീതി എന്ന പ്രക്രിയ ജൈവ അജീവ ലോകത്ത് പ്രാവർത്തികമാക്കൽ) എന്ന പ്രക്രിയ ദീർഘകാലമായി ക്രമാനുസൃതം പ്രാവർത്തികമാക്കിയതിനാൽ മറ്റുള്ള ജീവികളുടെ യാതനയെയും വേദനയെയും കുറിച്ച് മൃഗങ്ങൾക്ക് ഒരു ബോധം ലഭിച്ചത് വളരെ സാവകാശത്തിലും എന്നാൽ സുനിശ്ചിതവും ലക്ഷ്യോന്മുഖവുമായ ഒരു പരിവർത്തനത്തിലൂടെയുമാണ്. മനുഷ്യരിൽ അത് പ്രാഥമിക ചുവട് എന്ന നിലക്ക് അടുത്ത ബന്ധു മിത്രാദികളോടാണ് ആരംഭിക്കുന്നത്. പിന്നീട് അത് വിപുലമായ ഒരു കുടുംബ വൃത്തത്തിലും പിന്നീട് സഹജീവികളായ എല്ലാ മനുഷ്യരും ഉൾപ്പെടു

ന്ന അതിവിസ്തൃതമായ ഒരു വൃത്തത്തിലേക്കും പകരുന്നു. അതിന്ന് ശേഷം താഴ്ന്ന ജീവികൾ അനുഭവിക്കുന്ന യാതനാ-വേദനകളുടെ ഊഴം വരുന്നു. ഒരു മൃഗത്തിന്ന് മറ്റൊരു മൃഗത്തോടുള്ള ഈ ഒരു വികാരത്തിൽ നിന്നാണ് ഈ ഗുണം മുഴുവൻ മൃഗലോകത്തും ഉണ്ടായത് എന്ന് നിരീക്ഷിക്കപ്പെടുന്നു. പ്രതിസന്ധിയുടെ കാലത്ത് ഒരേ വർഗത്തിലുള്ള മൃഗങ്ങൾ കൂട്ടം കൂടുന്നു. ഈ കൂട്ടം കൂടാനുള്ള സഹജാവബോധമായിരിക്കും ഒരു പക്ഷേ നായകൾക്കും ചെന്നയ്ക്കൾക്കും സംഘ ബോധത്തിന്ന് നിദാനമായി വർത്തിച്ചത്. അവ കൂട്ടമായാണ് വേട്ടക്കിറങ്ങുന്നത്. മറ്റുള്ളവരുടെ വികാരങ്ങളെപ്പറ്റി വിപുലീകൃതമായ ബോധം ഉണ്ടാകുന്നത് സംബന്ധിച്ച ചില പരിണാമാത്മക പ്രവണതകളുടെ ഉദാഹരണങ്ങളാണ് ഇവ. വിപദ്ഘട്ടങ്ങളിൽ ആനയും കാട്ടുമൃഗങ്ങളും സീബ്രയും മാനുമെല്ലാം ശത്രുവിനെതിരെ ഒരുകൂട്ടമായി നിന്നോ വർഗമായി നിന്നോ പ്രതികരിക്കുന്നു. ഇവിടെ നമുക്ക് ഒരു ജീവിവർഗ്ഗത്തിന്റെയോ ഒരു സംഘത്തിന്റേയോ ജാഗ്രതാ ബോധത്തിന്റെ അതിർത്തി കൂടതൽ വികസിച്ചു വരുന്നതായി കാണാം. മനുഷ്യൻ പരിണമിച്ച് രൂപപെട്ട് വരുന്നതനുസരിച്ച് മൃഗപരമായ അതേ പ്രവണതകൾ തന്നെയാണ് ശക്തമായും വ്യതിരിക്തമായും അവനിലും വളരുന്നത്. അവന്റെ വൈകാരികതയും മറ്റുള്ളവരെ സംരക്ഷിക്കേണ്ട ബോധവും അവന്റെ സ്വന്തം കുടുംബത്തിൽ മാത്രമായോ മനുഷ്യ വർഗത്തിൽ മാത്രമോ ഒതുങ്ങിയില്ല അത് താഴ്ന്ന ജീവികളുടെ ജീവിലോകത്തേക്ക് കൂടി വ്യാപിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ മനുഷ്യരാശിക്ക് ഒരു ജീവിത സംഹിതയുടെ ആവശ്യം ബോദ്ധ്യമാവുന്നു. അദ്ദേഹത്തിന്റെ മനുഷ്യരാശിയോടുള്ള സംവേദന ബോധം മനുഷ്യവർഗത്തിന്റെ അതിർത്തികളേയും അതിവർത്തിക്കുന്നു.

അവസാനമായി, ഈ പ്രകൃതി വിദ്യാഭ്യാസത്തിന്റെയും അധ്യാപനങ്ങളുടെയും പദ്ധതി പ്രകാരം ജീവനുള്ള മൃഗങ്ങളുടെ സ്വഭാവ വാഹക ജീനുകളിൽ ഭൗതിക മാറ്റങ്ങൾ ഉണ്ടാവുന്നു. അങ്ങനെ മാറ്റം വന്ന ഈ ജീനുകൾ കണ്ണിമുറിയാതെ അഖണ്ഡമായി ഒരു വർഗത്തിൽ നിന്നും മറ്റ് ഉയർന്ന വർഗത്തിലേക്ക് കൈമാറുകയും അത് മനുഷ്യൻ വരെയുള്ള ജീവികളിൽ എത്തിചേരുകയുയും ചെയ്യുന്നു. അതാത് ജീവികളുടെ പരിസരത്ത് വെച്ച് പരിണമിച്ചു വരുന്ന ഓരോ ജീവിവർഗങ്ങളുടെയും ബോധം പ്രകൃതി വികസിപ്പിക്കുന്നതിനനുസരിച്ച് അതിന്റെ സ്വഭാവ വാഹക ജീനുകളിൽ കൊത്തിവെക്കപ്പെടുകയും ചിലത് അതിന്റെ പെരുമാറ്റരീതികളിൽ മുദ്രിതമാവുകയും ചെയ്യുന്നു. അതുകൊണ്ടാണ് നാം ഓരോ ജീവികളിൽ നിന്നും വ്യത്യസ്തമായി മറ്റു ജീവികളിൽ വേറിട്ട പെരുമാറ്റ രീതികൾ കാണുന്നത്. മനുഷ്യന്റെ സ്ഥാനത്ത് എത്തപ്പെടുന്ന ജീവിയെ നോക്കുമ്പോൾ, ഒരാൾ വിസ്മയിച്ചുപോകും. അതായത് മനുഷ്യനും അവന്റെ പൂർവ്വ ജീവിയും തമ്മിലുള്ള വ്യത്യാസം കേവലം ഒന്നോ രണ്ടോ വ്യതിയാനങ്ങളല്ലെന്നും മറിച്ച് വമ്പിച്ച ഒരു വ്യത്യാസം തന്നെയാണെന്നും കണ്ടെത്തുമ്പോഴാണ് ആ വിസ്മയം. മനുഷ്യൻ അവനു ചുറ്റും കാണുന്നതിൽ മാത്രമല്ല സജീവനാവുന്നത്. അവൻ കാണാനും കേൾക്കാനും നേരിട്ട് അനുഭവിക്കാനും കഴിയാത്ത ചില അസ്തിത്വരൂപങ്ങളെ പറ്റിയും ബോധവനാകുന്നു. അസ്തിത്വം സാധ്യമാകുന്ന വിവിധ തരം രുപങ്ങളെ സംബന്ധിച്ച് ഭാവന കൊള്ളാനുള്ള കഴിവുകളാണ് മനുഷ്യന് നല്കപ്പെട്ടിരിക്കുന്നത്. ഇത് മനുഷ്യഭാവനയെ ഭൗമഗൃഹത്തിന്റെ അതിരുകളെ ഭേദിക്കുന്ന വിധത്തിൽ അറ്റമില്ലാതെ വികസിപ്പിക്കുന്നു. പരിണാമത്തിന്റെ ഉന്നത രൂപത്തിലുള്ള വികാസമാണിത്. ഈയൊരു ബോധം അവന്ന് വിധിക്കപ്പെട്ട അടുത്ത ഉന്നത നിലവാരത്തിലുള്ള കൃത്യനിർവഹണത്തിലേക്ക് തയ്യാറെടുക്കാൻ സജ്ജമാക്കുകയും അത് അവന് അതിരില്ലാത്ത പുരോഗതിയിലേക്കെത്തിക്കാനുള്ള കഴിവ് പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഈ പുതിയ കഴിവുകൾ സ്രഷ്ടാവും മനുഷ്യനും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുകയും ദൈവവുമായി വിനിമയം നടത്താനുള്ള ഒരുപാധിയായിത്തീരുകയും ചെയ്യുന്നു.

മനുഷ്യന്റെ നിലനിൽപ്പിന്ന് ഭക്ഷണം ആവശ്യമായതിനാൽ കഴിവനുസരിച്ച് അവന് മാംസഭുക്കോ സസ്യഭുക്കോ ആകാമായിരുന്നു. ചരിത്രാതീതകാലം മുതൽ മൃഗമാംസം അവന്റെ ഭക്ഷണത്തിന്റെ ഭാഗമായി മാറി. അതേസമയം പൂർണമായും സസ്യോത്പന്നങ്ങളെ മാത്രം ആശ്രയിച്ച് അവന് ജീവിക്കാനും കഴിയുമായിരുന്നു. ഈ ഭക്ഷണശീലം സ്വയം തന്നെ മനുഷ്യന്റെ പരിണാമാത്മകമായ വികാസദിശ സൂചിപ്പിക്കുന്നു. അതിന്ന് പുറമേ സാമൂഹ്യപരമായും ധാർമികമായും സുപ്രധാനമായ മറ്റൊരു ചോദ്യം ഉയരാം. മനുഷ്യന്റെ ഏറ്റവും വ്യതിരിക്തവും പ്രധാനപ്പെട്ടതുമായ ഒരു സവിശേഷത കണക്കിലെടുക്കേണ്ടതുണ്ട്. അതായത് അവന് തന്റെ സഹജമായ ആഗ്രഹങ്ങളെ പിന്തുടരാനോ അതല്ല ആ ആഗ്രഹങ്ങളുടെ കല്പനകളെ തിരസ്ക്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം നല്കപ്പെടുകയുണ്ടായി എന്നതാണ്.

ഇവിടെ മനുഷ്യന്റെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അതിന്റെ മുഴുവൻ പ്രയോഗവും പുന: പരിശോധിക്കുമ്പോൾ നിയമ നിർമ്മാണത്തിന്റെയും പെരുമാറ്റ സംഹിതയുടെയും ആവശ്യകത സ്വയം ബോധ്യപ്പെടുന്നതാണ്. മനുഷ്യന്റെ നിലനിൽപ്പിനായുള്ള ഭക്ഷണ ഉപഭോഗവുമായി ബന്ധപ്പെട്ട യഥാർഥ പ്രശ്നത്തിലേക്ക് തന്നെ തിരിച്ചു വരാം. നമുക്ക് മൃഗ

മാംസം ഭക്ഷിക്കുന്ന വിഷയത്തിലേക്ക് തന്നെ വീണ്ടും വരാം. മനുഷ്യന് അവന്റെ നിലനില്പിനായുള്ള അടിസ്ഥാന ആവശ്യം നിവർത്തിക്കാനും വ്യക്തിപരമായ അഭിരുചികൾക്കും ഇഷ്ടങ്ങൾക്കും വേണ്ടി ഏത് മൃഗത്തേയും വേട്ടയാടാനുള്ള സ്വാതന്ത്ര്യമുണ്ട്. ഓരോ മനുഷ്യനും മറ്റ് മനുഷ്യരെപ്പോലെ ഒരേ പ്രവണതയും ഒരേ അഭിരുചിയും പ്രാപിച്ചുവെന്ന് കരുതാൻ സാധ്യമല്ല. വിഭിന്നങ്ങളായ അഭിരുചികളുടെ വൈവിധ്യം വളരെ വിസ്തൃതമായി വളരുകയുണ്ടായി. മാത്രമല്ല ഇത് മനുഷ്യന്റെ സഹജാവബോധത്തിന്റെ പ്രത്യേകതകൾ മറ്റു താഴ്ന്ന ജീവികളുടെ ഘട്ടങ്ങളുമായി താരതമ്യം ചെയ്യാനുള്ള ഒരു അവസരം പ്രദാനം ചെയ്യുന്നു.

മൃഗലോകത്തെ ഭക്ഷണശീലം മൊത്തത്തിൽ പ്രത്യേകമായി പ്രോഗ്രാം ചെയ്യപ്പെട്ടതാണ്. വ്യക്തിപരമായ അഭിരുചികളുടെയും മൂല്യങ്ങളുടെയും വൈവിധ്യങ്ങൾക്ക് മൃഗലോകത്ത് വളരെ കുറച്ച് പ്രാധാന്യമേ ഉള്ളൂ. എന്തായിരുന്നാലും മനുഷ്യന്റെ ഭക്ഷണ ശീലങ്ങളിൽ അവന്റെ തിരഞ്ഞെടുപ്പും അഭിരുചികളും വളരെ വിശാലമാണ്. മനുഷ്യൻ ഇന്ന് ഭക്ഷണശീലത്തിന്റെ ഒരു ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതായത് മറ്റു മൃഗങ്ങളുടെ ഭക്ഷണശീല പ്രവണതകളിൽ നിന്നും വ്യത്യസ്തനായി, മാംസം ഭക്ഷിക്കാനുള്ള വ്യഗ്രത ഉണ്ടായിരിക്കെ വേറെ ഭക്ഷണങ്ങൾ തിരഞ്ഞെടുത്ത് മാംസാഹാരത്തിന്നായുള്ള ആഗ്രഹം നിയന്ത്രിക്കാനും അടക്കിവെക്കാനും അവന് കഴിയും. ഇവിടെ മനുഷ്യന്റെ വികസിതമായ മാനസിക കഴിവുകളും ബോധത്തിന്റെ അതിവിശാലമായ വൈവിധ്യങ്ങളും ഉന്നതമായ ആദർശങ്ങൾക്ക് വേണ്ടി തന്റെ ആന്തരികമായ ആവേഗങ്ങളെ നിരാകരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുകയുണ്ടായി. ഈ ആദർശങ്ങൾ അവന് ഏറ്റവും പ്രധാനപ്പെട്ടതായി തീർന്നു. അവന്റെ പ്രകൃതിപരമായ ആവശ്യങ്ങൾ പോലും ത്യജിച്ച് ആദർശങ്ങൾക്ക് വേണ്ടി മറ്റു ബദലുകളിൽ സംതൃപ്തി കണ്ടെത്താൻ അവന് കഴിഞ്ഞു. മാംസം ഭക്ഷിക്കാനുള്ള സ്വന്തം പ്രലോഭനങ്ങൾ ഉണ്ടായിരിക്കെ അതിനു കീഴടങ്ങാൻ പാടില്ല എന്ന് സ്വന്തം പ്രലോഭനങ്ങളോട് അനുശാസിക്കാൻ അവന് സാധിച്ചു.

മൃഗങ്ങൾ അവയുടെ സഹജാവബോധത്തിനനുസരിച്ച് മാത്രമാണ് നിയന്ത്രിക്കപ്പെടുന്നത്. എന്നാൽ മനുഷ്യൻ ഇച്ഛകൾക്കനുസരിച്ചാണ് പെരുമാറുന്നത്. അവന് ചിലപ്പോൾ മാംസഭുക്കുകളെപ്പോലെയും സസ്യഭുക്കുകളെപ്പോലെയും പെരുമാറാനാകും. അത്ഭുതകരമെന്ന് പറയട്ടെ രണ്ട് ഭക്ഷണശീലങ്ങൾക്കും ഉതകുന്ന രീതിയിലാണ് അവന്റെ ദന്തനിരകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യനും മൃഗവും തമ്മിൽ മറ്റൊരു വലിയ വ്യത്യാസമുണ്ട്. ചില ഘട്ടങ്ങളിൽ മനുഷ്യൻ മൃഗങ്ങളെക്കാൾ മൃഗീയമായി പെരുമാറുന്നു. മൃഗങ്ങൾക്ക് ഒരിക്കലും തന്നെ സ്വന്തം ജീവിവർഗ്ഗത്തെ ഭക്ഷിക്കുന്ന (Cannibals) ജീവിയായി മാറാൻ സാധ്യമല്ല. എന്നാൽ മനുഷ്യന് അതിന് സാധിക്കും. ഈ കാലഘട്ടത്തിൽ പോലും ആഫ്രിക്കയിൽ ചില കറുത്ത പുള്ളികൾ നമുക്ക് കാണാം. അവിടെ നരഭോജികളായ മനുഷ്യരെ നമുക്ക് കാണാം. അവിടുത്തെ ചില ഗോത്രവർഗ്ഗക്കാർ തങ്ങളുടെ രാഷ്ട്രീയ അതിർത്തിക്കപ്പുറത്ത് താമസിക്കുന്ന ഗോത്രക്കാരിൽപെട്ടവരെ പിടിച്ചുകൊണ്ടു വരുന്നു. എന്നിട്ട് അവരുടെ മാംസത്തിനു വേണ്ടി അവരെ കൊല്ലുന്നു. ഭേരീനാദം മുഴക്കി വാദ്യഘോഷങ്ങൾ നടത്തിയാണ് അവർ ഈ കൃത്യം നിർവ്വഹിക്കുന്നത്. സിംഹമോ ചെന്നായ്ക്കളോ നായയോ അവരുടെ സമജാതിയിൽ പെട്ട സിംഹങ്ങളോടോ ചെന്നായ്ക്കളോടോ നായകളോടോ ഇത്തരത്തിൽ പെരുമാറുമെന്ന് സങ്കൽപ്പിക്കാൻ കൂടി സാധ്യമല്ല. കൊടും പട്ടിണികൊണ്ട് വിശന്നവരായാൽ പോലും മൃഗങ്ങൾ ഒരിക്കലും സ്വവർഗത്തിൽ പെട്ട മൃഗങ്ങളെ കൊന്ന് തിന്നാറില്ല.

മനുഷ്യന്റെ സ്വഭാവത്തിൽ പ്രത്യക്ഷമായി പ്രതിഫലിക്കുന്ന ഇക്കാര്യം കൂടുതൽ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം നാം തെറ്റായ നിഗമനത്തിൽ എത്തിച്ചേരും. മനുഷ്യൻ അവന്റെ സഹചരനെ കൊന്നു തിന്നാതിരിക്കുന്നതിൽ നിന്നും അവനെ തടയുന്നത് വെറും സഹജാവബോധം മാത്രമല്ല. വാസ്തവത്തിൽ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള രണ്ട് വഴികൾ അവനു മുമ്പിൽ ഉള്ളത് കൊണ്ടാണ്. മനുഷ്യന്റെ ഈ ദുഷ്ചെയ്തിക്കും അവനുമിടയിൽ നിൽക്കുന്ന ഒരു പ്രകൃതി നിയമവും ഇല്ല. ഇത്തരം ഹീനപ്രവൃത്തികൾ തടയാൻ മൂല്യങ്ങളിധിഷ്ഠിതമായ ഉന്നത നിലയിലുള്ള പരിഷ്ക്കരണം കൊണ്ട് മാത്രമേ സാധ്യമാകൂ. .

ഈ വസ്തുത കുറെകൂടി ആഴത്തിൽ മനസ്സിലാക്കാൻ സ്വവർഗഭോജിത്വ വിരുദ്ധമായ (Non-Cannibalistic) പ്രവണതകളുടെ അടിസ്ഥാനത്തിൽ പറയേണ്ടതുണ്ട്. അങ്ങനെയാവുമ്പോൾ സിംഹം മനുഷ്യനേക്കാൾ കൂടുതൽ പരിഷ്കൃതനായി കാണപ്പെട്ടേക്കാം. പക്ഷേ ഇതൊരിക്കലും ഒരു അവസാവാക്കല്ല. ഒരു സിംഹം അതിന് പ്രകൃതി പഠിപ്പിച്ചതെന്തോ അതാണ് പ്രവർത്തിക്കുക. ആ നിർദിഷ്ട രീതികളിൽ നിന്നും അത് വ്യതിചലിക്കുന്നില്ല. മറിച്ച് മനുഷ്യൻ അവന്റെ വഴി അവൻ സ്വയം തിരഞ്ഞെടുക്കുന്നു. പ്രതിഫലം നല്കപ്പെടുന്നത് സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെടുന്നതിനു അവസരമുള്ളപ്പോൾ മാത്രമാണ്. തിരഞ്ഞെടുപ്പിനുള്ള അവ

സരമില്ലെങ്കിൽ പ്രതിഫലത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. പക്ഷേ എവിടെയാണോ തിരഞ്ഞെടുപ്പിനുള്ള അവസരങ്ങളുണ്ടാകുന്നത് അവിടെയെല്ലാം അവകാശങ്ങൾ, ബാധ്യതകൾ, ഔചിത്യം അനൗചിത്യം മുതലായ മേഖലകളിൽ ഒരു പെരുമാറ്റ സംഹിതയുടെ നിയമ നിർമാണം ആവശ്യമായി വരുന്നു. അതുകൊണ്ട് ശരിയായ തീരുമാനമെമെടുക്കാൻ മനുഷ്യന്ന് ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശനത്തിന്റെ ആവശ്യമുണ്ട്. കാരണം ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള വിവിധങ്ങളായ ആചാരങ്ങളും, ശീലങ്ങളും പാരമ്പര്യങ്ങളും മൂല്യങ്ങളും സാമൂഹിക സാഹചര്യങ്ങളും വ്യത്യസ്തമായാണ് നിലകൊള്ളുന്നത്. ഇതാണ് ലോകത്തിലെ മുഖ്യ മതങ്ങളെല്ലാം പങ്കുവെക്കുന്ന ദിവ്യമായ അധ്യാപനങ്ങളുടെ തത്ത്വശാസ്ത്രം.

അതിനാൽ സാവകാശം ക്രമികവും സ്ഥിരവും സുദീർഘവുമായ അധ്യാപനങ്ങളാൽ മനുഷ്യൻ അവസാനം താഴ്ന്ന വർഗത്തിൽപ്പെട്ട മൃഗലോകത്ത് നിന്നും മാനവീയ പെരുമാറ്റത്തിലൂടെ തിരിച്ചറിയപ്പെടുന്ന മനുഷ്യന്റെ സ്ഥാനത്തെത്തി. ഈ അദ്ധ്യാപനങ്ങൾ അദ്ൽ (കേവല നീതി)ന്റെ മേഖലയിൽ നിരന്തര പ്രബോധനത്തിലൂടെ അനുശാസനം ചെയ്യപ്പെട്ട മൂല്യങ്ങൾ മാത്രമല്ല ഉൾക്കൊള്ളുന്നത്. ഇഹ്സാൻ(ഒരാൾക്ക് അർഹിക്കുന്നതിനെക്കാൾ നൽകൽ) ഈതാഇ ദിൽ ഖുർബാ (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം) എന്നീ മേഖലയിലെ മൂല്യങ്ങൾ കൂടി ഉൾക്കൊള്ളുന്നു.

അതിൽ കൂടുതലായി അജ്റും ഖൈറു മംമ്നൂൻ (അവസാനിക്കാത്ത പ്രതിഫലം) എന്നതിന്റെ അർഥത്തിലേക്ക് കൂടി അത് വെളിച്ചം വീശുന്നു. ഈ വചനം പറയുന്നത് മനുഷ്യൻ കൂടുതൽ പുരോഗമിക്കുന്നതനുസരിച്ച് തന്റെ സ്വഭാവം സ്ഫുടീകൃതമാവുകയും നേട്ടങ്ങളുടെയും പ്രതിഫലങ്ങളുടേയും അറ്റമില്ലാത്ത ഒരു പ്രയാണത്തെ കുറിച്ചുമാണ്. പക്ഷേ അതെല്ലാം മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ശരിയായ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യൻ ശരിയായ തീരുമാനമാണ് തുടരുന്നതെങ്കിൽ അവൻ ശാശ്വതമായി സ്ഥൈര്യത്തിന്റെ പരിഷ്ക്കരണ പാതയിലായിരിക്കും അടിവെച്ച് മുന്നേറുന്നത്. മനുഷ്യൻ എപ്പോഴാണോ അവന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നത് അപ്പോൾ അവൻ അധ:പതിക്കാൻ ആരംഭിക്കുന്നു. അസ്ഫല സാഫിലീൻ (പതിതരിൽ ഏറ്റവും പതിതൻ) എന്ന പതിതസ്ഥാനത്ത് എത്തുന്നു. അവനേ സംബന്ധിച്ചിടത്തോളം അവന്റെ സഹചരന്മാരെ കുറിച്ച് ആശങ്കകകൾ ഒന്നുമില്ലാത്ത അവസ്ഥയിൽ അവൻ എത്തിചേരുന്നു. അവൻ തന്റെ പെരുമാറ്റത്തിൽ അത്യതിധികം ഹൃദയശൂന്യനും സ്വാർഥനുമായിത്തീർന്ന് താഴ്ന്ന ജീവിയേക്കാൾ സ്വയം അധമാവസ്ഥ പ്രാപിച്ചേക്കാം.

അതേ പോലെ ബാക്കി ജീവിലോകത്ത് കാണാൻ കഴിയാത്ത വിധത്തിൽ പരിഷ്ക്കരണത്തിന്റെ അസാധാരണ വിതാനത്തിലേക്ക് ഉയരാനുള്ള കഴിവുകളും മനുഷ്യനുണ്ട്. തന്റെ വ്യക്തിപരമായ നേട്ടങ്ങളും സുഖങ്ങളും യഥാർഥ ബന്ധുക്കളല്ലാത്ത മറ്റുള്ളവർക്ക് വേണ്ടി ത്യജിച്ചു കൊണ്ടും സൽക്കർമ്മങ്ങളിലൂടെ നീതിയും ന്യായവും മുറുകെ പിടിച്ചുകൊണ്ടും ഈതാഇ ദിൽ ഖുർബാ (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം.) എന്നതിന്റെ അത്യുന്നതാവസ്ഥയെ പ്രാപിക്കാനും മനുഷ്യന് കഴിയും.

മനുഷ്യന്റെ സ്ഥാനത്തിനു നിരക്കാത്ത കൃത്യങ്ങൾ ചെയ്ത കാര്യങ്ങൾ നാം വിവരിച്ചു. യാതൊരു നിർബന്ധവും കൂടാതെ നിഷ്കളങ്കരായ മനുഷ്യസന്താനങ്ങളെ അവരുടെ മാംസഭോജനത്തിനായി മാത്രം കൊല്ലുന്ന നരാധമന്മാരെ നാം കണ്ടു. അതേ ഗണത്തിൽ പെട്ടതാണ് ബാലപീഢനവും. ഇവിടെയാണ് മനുഷ്യൻ ഏറ്റവും താഴ്ന്ന ജീവിയിലേക്ക് മടങ്ങാനുള്ള അപകടസാദ്ധ്യതയെപ്പറ്റി വിശുദ്ധ ഖുർആൻ നല്കിയ താക്കീത് പ്രസക്തമാവുന്നത്.

മനുഷ്യൻ ഒരു സംഘമായി നിന്ന് മതപരവും രാഷ്ട്രീയവുമായ വ്യത്യാസത്തിന്റെ പേരിൽ അവന്റെ സഹചരനെതിരെ നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ നടത്തുന്നു. മതഭ്രാന്തനും കുടുസ്സായ മനസ്സിനുടമയുമായ ഒരു മതപുരോഹിതൻ അല്ലെങ്കിൽ സ്വേചരാധിപതിയും അധാർമികനുമായ ഒരു രാഷ്ട്രീയക്കാരൻ അധികാരസ്ഥാനങ്ങളിൽ അവരോധിതനായാൽ അവർക്ക് തങ്ങളുടെ സകല സന്തുലനവും നീതിബോധവും നഷ്ടപ്പെടുന്നു. സ്പാനിഷ് ഇൻങ്ക്വിസിഷൻ* അത്തരത്തിലുള്ള ഒരു സംഭവമാണ്.

അത്പോലെ തന്നെ മധ്യകാല മുസ്ലിം ചരിത്രം അത്തരത്തിലുള്ള ക്രൂരതകൾ കൊണ്ട് കളങ്കിതമായിരിക്കുന്നു. അക്കാലത്ത് മതപരമായ അഭിപ്രായഭേദത്തിന്റെ പേരിൽ മതതീവ്രവാദികൾ ആളുകളെ വധിക്കുന്നതിൽ നിന്ന് തടയാൻ ഭരണകൂടങ്ങൾ യാതൊരു നടപടികളും എടുത്തിരുന്നില്ല. അത്തരത്തിലുള്ള മൃഗീയമായ നൃശംസതയുടെ ഘോരകൃത്യങ്ങളിലേക്കുള്ള ഒരു ചെറുനോട്ടം പോലും നമുക്ക് നടുക്കമുണ്ടാക്കും. അഹോ കഷ്ടം! ഈ അധ്യായങ്ങൾ ഒരിക്കലും പൂർണമായും അടയുന്നില്ല. മനുഷ്യൻ പരിഷ്കൃതനെന്ന് ഇപ്പോഴും ആർക്കും പറയാനായിട്ടില്ല. അതായത് മനുഷ്യനേക്കാൾ താഴ്ന്ന ജീവികളുടെ സ്വഭാവത്തിലേക്ക് അവൻ തിരിച്ചു വരുമെന്ന അപകടം ഒരിക്കലും

ഉണ്ടാവില്ല എന്നു ആർക്കും ഉറപ്പ് പറയാനായിട്ടില്ല. അഹ്മദിയ്യാ മുസ്‌ലിം സമൂഹം അത്തരത്തിലുള്ള വളരെ നികൃഷ്ടമായ രീതിയിലുള്ള മതപീഡനത്തിനു വളരെക്കാലമായി വിധേയരായിക്കൊണ്ടിരിക്കുന്നു. ഇത്രയായിട്ടും ചരിത്രത്തിലെ ഏടുകളിൽ ഇത്രയേറെ തെളിവുകളുണ്ടായിട്ടും പണ്ഡിതന്മാർക്ക് അത്തരമൊരു ഗവേഷണത്തിന്റെ ആവശ്യകത ബോധ്യമായിട്ടില്ല.

ഇതിന് വിരുദ്ധമായി മനുഷ്യന്റെ ഭാഗത്ത് നിന്നും അദ്ൽ (കേവല നീതി), ഇഹ്സാൻ (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ), ഈതാഇ ദിൽ ഖുർബാ (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം.) എന്ന ഖുർആൻ അധ്യാപനത്തിന്റെ മാന്യവും സംസ്കാരസമ്പന്നവുമായ പെരുമാറ്റവും മനസ്സിലേക്ക് വരികയാണ്. മനുഷ്യ സമൂഹം മുഴുവനും ധാർമികമായി അധ:പതനത്തിൽ ആപതിച്ചാലും അത്തരത്തിലുള്ള ഒരൊറ്റ ഉൽകൃഷ്ടമായ ഉദാഹരണം മാത്രം മതി മനുഷ്യന്റെ ഭാവിയെ സംബന്ധിച്ച ആത്മവിശ്വാസം പുന:സ്ഥാപിക്കപ്പെടാൻ.

ഇവിടെ ഈ മൂന്നു തത്ത്വങ്ങളുമായി ബന്ധപ്പെട്ട താല്പര്യജനകമായ ഒരു കഥയുണ്ട്. അതൊരു കഥയായിരിക്കാം. പക്ഷേ അത് എഴുതിയ ആൾ അദ്ൽ, ഇഹ്സാൻ, ഇതായിദിൽ ഖുർബാ എന്നിവ തമ്മിൽ യഥാക്രമം ഉള്ള സഹബന്ധം മനസ്സിലാക്കാനുള്ള നല്ല ഒരു അവസരമാണ് ഒരുക്കിത്തന്നിരിക്കുന്നത്.

ഒരിക്കൽ ഒരു വിശുദ്ധൻ തുറസ്സായ ഒരു സ്ഥലത്ത് ഇരിക്കുകയായിരുന്നു. പെട്ടെന്നൊരു പ്രാപ്പിടിയനാൽ വേട്ടയാടപ്പെട്ട പരവശയായ ഒരു പ്രാവ് അദ്ദേഹത്തിന്റെ മടിയിൽ വന്നു വീണു. ഹതാശയനായ പ്രാവിന് ആ വിശുദ്ധൻ അഭയം നൽകി. താൻ അധ്വാനിച്ച് സമ്പാദിച്ച എന്റെ ഇരയെ എനിക്ക് നിഷേധിക്കുന്നത് നീതിയുടെ താല്പര്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന് പറഞ്ഞ് പ്രാവിനെ വേട്ടയാടാൻ പിന്തുടർന്ന് വന്ന ആ വേട്ടപ്പക്ഷി വിശുദ്ധനോട് രൂക്ഷമായി പ്രതിഷേധിച്ചു. പ്രാപ്പിടിയൻ പറഞ്ഞു. 'എന്റെ ഉപജീവനത്തിനായി പ്രകൃതി എനിക്ക് നൽകിയത് ഇതാണ്.' വിശുദ്ധൻ പ്രാപിടിയന്റെ ഈ വാദം അംഗീകരിച്ചു. പക്ഷേ മഹാനായ വിശുദ്ധന്റെ കാരുണ്യം നിസ്സഹായ പ്രാവിനെ പ്രാപ്പിടിയനു കൈമാറാൻ അനുവദിച്ചില്ല. കഥയനുസരിച്ച് ആ പരിശുദ്ധൻ പ്രാവിന്റെ അത്രയും തൂക്കം മാംസം തന്റെ ശരീരത്തില നിന്ന് പ്രാപ്പിടിയനു വാഗ്ദാനം ചെയ്തുകൊണ്ട് പറഞ്ഞു: 'പ്രാപിടിയന്ന് നല്ല ഒരു കഷണം മാംസം മാത്രമാണ് ആവശ്യം. പ്രാവിന്റെ ഭക്ഷണം തന്നെ വേണം എന്ന് വാശിപിടിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. പ്രകൃതിയിലൊരിടത്തും പ്രാവാണ് നിനക്കുള്ള ഭക്ഷണമെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല. നിനക്ക് ആവശ്യമായ മാംസം ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് മതിയായതാണ്.'

നാം ഇപ്പോൾ ചർച്ച ചെയ്യുന്ന വിഷയം ഉദാഹരിക്കാൻ വിസ്മയമാംവിധം ഉചിതമായ കഥയാണിത്. ഈ കഥ നീതിയുടെ യഥാർഥ അർഥം വെളിപ്പെടുത്തുന്നു. ഒരു ജീവിയുടെ ജീവിതം മറ്റൊന്നിന്റെ മരണവുമായുള്ള ബന്ധത്തിന്റെയും സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലും ഈ കഥയിലെ തം വിശദീകരിക്കുന്നുണ്ട്.

ഈ കഥയിൽ തഖ്‌വീമിന്റെയും നീതിയുടെയും തത്ത്വമനുസരിച്ച് ഓരോ മൃഗത്തിനും അതിന്റെ ജീവസന്ധാരണത്തിന്നുള്ള ഭക്ഷണവും അത് തേടാനുള്ള ഉപാധികളും നല്കപ്പെട്ടിരിക്കുന്നു. അതേ സമയം ഓരോ ജീവിയും 'നിലനിൽപ്പിന് വേണ്ടിയുള്ള സമരം' എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി നാശവും അഭിമുഖീകരിക്കുന്നു. അങ്ങനെ നീതിയുടെ അടിസ്ഥാന തത്ത്വത്തിൽ പ്രവർത്തിക്കുന്ന നല്ലരീതിയിൽ സന്തുലിതമായ ആവാസ വ്യവസ്ഥയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഈ കഥാചിത്രം നല്കുന്ന രണ്ടാമത്തെ കാര്യം നീതി എന്നത് അടിസ്ഥാനപരവും കേവലവുമാണ്. നീതിയുടെ നിർവ്വഹണവുമായി കാരുണ്യം ഏറ്റു മുട്ടേണ്ടി വരുന്ന സന്ദർഭം സംജാതമായാൽ നീതിക്ക് മുൻഗണന നല്കണം. നീതി പാലിച്ചു കൊണ്ട് തന്നെ കാരുണ്യത്തെ പ്രാപിക്കാൻ സാധിക്കും. അത് നീതിയെ ഹനിച്ചു കൊണ്ടായിരിക്കരുത്.

ഈ ചിത്രീകരണത്തിന്റെ കേന്ദ്ര പ്രശ്നം നീതി കാരുണ്യവുമായി ഏറ്റുമുട്ടുമ്പോൾ ഈ സമസ്യ നിവർത്തിക്കാനുള്ള മൂന്നാം പരിഹാരമാർഗം എന്താണ് എന്നുള്ളതാണ്. കാരുണ്യത്തിന്റെയും നീതിയുടെയും താല്പര്യങ്ങൾ പരിഹരിക്കാൻ കഥയിലെ വിശുദ്ധൻ തന്റെ ശരീരമാംസം തന്നെ വാഗ്ദാനം ചെയ്യുകയുണ്ടായി. ആ വിശുദ്ധന്റെ പ്രവൃത്തിയെ ഇതാഇ ദിൽ ഖുർബാ (ബന്ധുക്കളാടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം.) യുടെ പ്രവൃത്തിയാണെന്ന് പറയാം. കാരണം അത്തരത്തിലുള്ള തീവ്രമായ ഒരു ത്യാഗം തങ്ങളുടെ ബന്ധു മിത്രാദികൾക്ക് വേണ്ടിയല്ലാതെ വാഗ്ദാനം ചെയ്യാൻ സാധ്യമല്ല.

ഇഹ്സാൻ, അദ്ൽ എന്നിവയുമായി ബന്ധപ്പെട്ട ഇതാഇദിൽ ഖുർബാ എന്നതിന്റെ യഥാർഥ അർഥം ഇതാണ്. വിശുദ്ധ ഖുർആന്റെ പഠനത്തിൽ നിന്നും ലഭിക്കുന്ന ഈ തത്ത്വമാണ് പ്രപഞ്ചം ഭരിക്കുന്നത്. ഒരു കാര്യം നാം

ഓർക്കണം. ഈ മൂന്നു തത്വങ്ങളും സൃഷ്ടിപ്പ് മുതൽ ഒരേ സമയമല്ല പ്രവർത്തനം ആരംഭിക്കുന്നത്. വാസ്തവത്തിൽ ഭൗതിക ലോകം (അജീവികളുടെ) മുഴുവനും ഭരിക്കപ്പെടുന്നത് കേവല നീതിയുടെ തത്വങ്ങൾക്കനുസരിച്ചാണ്. ജീവൻ ബോധത്തിന്റെ ഒരു ഘടകവുമായാണ് ആരംഭിച്ചിരുന്നത്. ജീവൻ വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യുകയുണ്ടായി. അങ്ങനെ ജീവൻ ബോധത്തിന്റെ ഉയർന്ന തലം പ്രാപിച്ചു. അതോടൊപ്പം തന്നെ ഇഹ്സാനും ഇതാഇദിൽ ഖുർബായും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജീവരൂപത്തിന്ന് മാർഗ്ഗദർശനം നൽകുന്ന ഓരോ ചുവടുവെപ്പിലും അതിന്റെ പങ്ക് വർദ്ധിച്ചു കൊണ്ടേ വന്നു. ആ വളർച്ച മനുഷ്യനിൽ എത്തിച്ചേരും വരെ സാവകാശം സ്ഥിരതയോടെ ഈ പ്രക്രിയ തുടർന്നുകൊണ്ടിരുന്നു. മനുഷ്യൻ തന്റെ ആ സ്ഥാനം പ്രാപിച്ചു കഴിഞ്ഞപ്പോൾ മനുഷ്യനും മൃഗവും തമ്മിൽ വലിയൊരു വ്യത്യാസമാണുണ്ടായത്. ഒരു പുതിയ ജീവി ആവിർഭവിച്ചാലെന്ന പോലെ മനുഷ്യജീവിതത്തിന്ന് സമൂല പരിവർത്തനമുണ്ടാക്കിയ ഒരു വൻ കുതിച്ചുചാട്ടമായിരുന്നു അതെന്ന് കാണാം.


മേൽപറഞ്ഞ തത്വങ്ങൾ മനുഷ്യൻ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തുകൊണ്ട് മനുഷ്യ ചരിത്രത്തിൽ വിദൂരമായ ചലനങ്ങൾ സൃഷ്ടിക്കുന്ന യുഗനിർണ്ണായകമായ മാറ്റങ്ങളാണ് സംജാതമായത്.

**അദ്ൽ, ഇഹ്സാൻ, ഇതായിദിൽ ഖുർബായുമായി ബന്ധപ്പെട്ട് സംവേദനത്വത്തിന്റെയും ബോധത്തിന്റെയും പങ്ക്.**

മൃഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യന്റെ സംവേദന ക്ഷമത എന്തുകൊണ്ട് അർത്ഥപൂർണ്ണമാംവിധം സംസ്ക്കരിക്കപ്പെടുകയും വികസിതമാവുകയും ചെയ്തു എന്നതാണ് പ്രശ്നം. ഇതിന്ന് കാരണം ജീവ പരിണാമത്തോടൊപ്പം സംവേദനവും ക്രമേണയാണ് രൂപം കൊണ്ടത് എന്നതാണ്. പരിണാമം മനുഷ്യന്റെ ഘട്ടമെത്തിയപ്പോൾ പിന്നീട് പെട്ടെന്ന് അത്ഭുകരമായ വേഗത്തിൽ കുതിക്കുകയായിരുന്നു. ഈ ഊന്നലിലായിരുന്നു പരിണാമം നടന്നത്. കായികമായി അവൻ മനുഷ്യ സ്ഥിതി പ്രാപിച്ചപ്പോൾ അവന്റെ സംവേദനത്തിലും ആത്മീയതയിലും ഉണ്ടയത്ര വമ്പിച്ച പരിണാമമാറ്റം പിന്നീട് അവന്റെ കായികമായ പരിണാമത്തിലുണ്ടായില്ല.

പുരോഗതിയുടെ ചില സുദീർഘ ഘട്ടങ്ങൾ തരണം ചെയ്തപ്പോൾ അതിന്റെ വൃത്തം വിപുലീകരിക്കപ്പെട്ടു. വ്യക്തികൾ അവരുടെ പരിസരത്തെ പറ്റി ബോധവാന്മാരായി. അവരുടെ വർഗ്ഗത്തിൽപ്പെട്ട ജീവികളെപ്പറ്റി അറിവും ബോധവും ആർജ്ജിച്ചു. ഇതിനേക്കാൾ ഉന്നതമായി അറിവും ബോധവും ആർജിച്ച ഘട്ടത്തിൽ മറ്റു ജീവിവർഗ്ഗങ്ങളിൽ കൂടി അവരുടെ ബോധം വിപുലമായി വികസിച്ചു.

മനുഷ്യനിൽ നിരീക്ഷിക്കപ്പെട്ടത് പോലെ വിവേകജ്ഞാനത്തിന്റെ സാന്നിദ്ധ്യം വിസ്മയകരമാം വിധം വിപുലവും തീഷ്ണവുമായി. ഇവിടെ ബോധവും വിവേകവും രണ്ടും ഒരു പോലെ പ്രവർത്തിക്കുകയുണ്ടായി. ഈ രണ്ട് പ്രക്രിയകളുടെയും വ്യത്യാസം അവ പ്രവർത്തിക്കുന്ന മേഖലകളിൽ മാത്രമല്ല സംവേദനത്തിന്റെയും വിവേകത്തിന്റെയും ഗുണവുമായി കൂടി ബന്ധപ്പെട്ടതാണ്. അതായത്, എന്തിനെപ്പറ്റിയെങ്കിലുമുള്ള അവ്യക്തമായ ഒരു ബോധമായിരുന്നില്ല അത്. വേദനിക്കുന്നതോ സന്തോഷിക്കുന്നതോ ആയ ഒരു പുഴുവിനെ പോലെ അല്ലായിരുന്നു. അല്ലെങ്കിൽ ഭക്ഷണം കാണുമ്പോൾ ഒരു പ്രാണിക്കുണ്ടാകുന്ന സന്തോഷം പോലെയുമായിരുന്നില്ല. അതിനെക്കാൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടതും തീഷ്ണവുമായിട്ടായിരുന്നു മനുഷ്യനിൽ അത് പ്രവർത്തിച്ചത്. അത് മനുഷ്യശരീരത്തിന്റെ വിവിധ പ്രവർത്തനങ്ങളും അതിന്റെ ഓർമകളുമായി അതിസങ്കീർണ്ണമായി ബന്ധപ്പെട്ടതാണ്. അങ്ങനെ അത് സങ്കീർണ്ണമായ ഒരു പ്രതിഭാസമായി മാറി.




സംവേദനം ബോധം എന്നീ രണ്ടു ഗുണങ്ങൾ എല്ലാ രംഗത്തുമുള്ള മനുഷ്യ സ്വഭാവം അവനിൽ വളർത്തിയെടുക്കാനും സംസ്ക്കരിച്ചെടുക്കാനും സുപ്രധാനവും സങ്കീർണ്ണവുമായ പങ്കാണ് വഹിച്ചത് എന്ന് വ്യക്തമാണ്.

മനുഷ്യനിൽ സംവേദനവും ബോധവും കൈകോർത്തു പിടിച്ചാണ് അദ്ൽ, ഇഹ്സാൻ, ഇതാഇദിൽ ഖുർബാ എന്നിവയോടുകൂടി പ്രവർത്തിക്കുന്നത്. അവ പുതിയ ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും സങ്കൽപ്പങ്ങൾക്കും വിശ്വാസങ്ങൾക്കും ജന്മം നൽകുന്നു. മനുഷ്യജീവിതം കരുപ്പിടിപ്പിക്കുന്ന നാനാ വർണ്ണ ശബളിമയുടെ ചക്രവാളം വികസിപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അദ്ൽ ഇഹ്സാൻ ഇതാഇദിൽ ഖുർബാ എന്നിവ മനുഷ്യന്റെ അന്തിമ സ്ഥാനവുമായുള്ള ബന്ധം നിർമിക്കുന്നതിന്നും വിഛേദിക്കുന്നതിന്നും പ്രമുഖമായ ഒരു പങ്കാണ് വഹിക്കുന്നത്.

# യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും

ദൈവത്തിന്ന് വേണ്ടി ഉജ്ജ്വല ത്യാഗങ്ങൾ വരിച്ച മഹാനായ പ്രവാചകനാണ് യേശു. അവിടുത്തെ പിതാവില്ലാതെയുള്ള ജനനം ബുദ്ധിയുള്ള മനുഷ്യന്റെ ശ്രദ്ധയാകർഷിക്കുന്നു. ദൈവശാസ്ത്രവും ജൈവ ശാസ്ത്രവും ഉള്ളടങ്ങിയ ഈ വിഷയം കൗതുകകരം എന്നത് പോലെ വിവാദാത്മകമായ വിശ്വാസ പ്രശ്നം കൂടിയാണ്. ഇതിനോടനുബന്ധിച്ച് ദൈവപുത്രത്വം മുതൽ ദൈവത്തിന് മാത്രം ചേർന്ന അനേകം അമാനുഷ പദവികളും പ്രവൃത്തികളും വരെ ക്രിസ്ത്യാനികളും മുസ്‌ലിംകളും അദ്ദേഹത്തിൽ ചാർത്തുന്നു. ദൈവത്തിന്റെ ഏകത്വത്തെ ശക്തമായി പ്രബോധിക്കുന്ന വിശുദ്ധ ഖുർആൻ യേശുവിന്റെ ജനന വിഷയത്തിൽ നൽകുന്ന ശാസ്ത്രീയ സൂചനകളും പാഠങ്ങളും ഈ ലേഖനത്തിൽ വിവരിക്കുന്നു.

എ.എം.മുഹമ്മദ് സലിം

സംവാദങ്ങളെ ഇഷ്ടപെടുന്ന രണ്ട് പ്രബല മതങ്ങളാണ് ക്രിസ്തുമതവും ഇസ്‌ലാം മതവും. ഈ പരിഷ്കൃതയുഗത്തിൽ എല്ലാ ചിന്താ പ്രസ്ഥാനങ്ങളും ജീവിത പദ്ധതികളും ആശയ വിനിമയങ്ങളുടെയും സംവാദങ്ങളുടെയും പ്രസക്തി മനസ്സിലാക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരുമാണ്. പ്രത്യേകിച്ച് തങ്ങളുടെ മോക്ഷാർഹമായ മതത്തിലേക്ക് വരുവിൻ എന്ന് അന്യമതസ്ഥരിൽ മതപ്രചാരണം നടത്തുന്ന ക്രിസ്തുമതവും ഇസ്‌ലാം മതവും ചോദ്യങ്ങളെയും ആശയ വിനിമയങ്ങളെയും സംവാദങ്ങളെയും അഭിമുഖീകരിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഖുർആൻ പറയുന്നു:

***'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക'*** *(അന്നഹൽ 16: 126)*

സംവാദത്തെ പറ്റിയുള്ള ഒരു ബൈബിൾ വചനം ഇപ്രകാരമാണ്. 'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവായി പൂജിക്കുക. അവനെക്കുറിച്ച് നിങ്ങളിലുള്ള പ്രതീക്ഷയെപറ്റി ആരെങ്കിലും വിശദീകരണം ആവശ്യപ്പെട്ടാൽ എപ്പോഴും ഒരു പ്രതിവാദത്തിന്ന് സന്നദ്ധരായിരിക്കണം. പക്ഷേ സൗമ്യതയോടും ബഹുമാനത്തോടും കൂടി വേണം. ഇതു ചെയ്യാൻ' (പത്രോസ് 3: 13-15)

ഇവിടെ നാം ചർച്ച ചെയ്യുന്നത് ജനകോടികളുടെ ഹൃദയത്തിൽ പ്രതിഷ്ഠിതനും പുണ്യാത്മാവുമായ യേശുവിന്റെ ജനനത്തെ സംബന്ധിച്ച പ്രശ്നമാണ്. പുരുഷന്റെ സ്പർശനമില്ലാതെയാണ് യേശുവിന്റെ പരിശുദ്ധ മാതാവ് ഹദ്റത്ത് മറിയം ബീവി ഗർഭം ധരിച്ചത്. ഈ പ്രതിഭാസത്തിന്റെ ദൈവശാസ്ത്രപരവും ജൈവശാസ്ത്ര പരവുമായ സാധുതയും സാംഗത്യവും നിഷ്പക്ഷവും നീതിയുക്തവുമായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മതസാഹിത്യങ്ങളിലും ഇതിഹാസങ്ങളിലും പുരാണങ്ങളിലും പുരാവൃത്തങ്ങളിലും ഇത്തരം സംഭവങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിലേറ്റവും പ്രസിദ്ധമായതും പ്രചാരപ്പെട്ടതും ഹദ്റത്ത് യേശു [അ] വിന്റെ ജനനമാണ്. യേശു ജനിച്ചത് ഹദ്റത്ത് മറിയം ബീവി കന്യകയായിരുക്കുമ്പോഴാണ് എന്നാണ് ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നത്. പിതാവില്ലാതെ ജനിച്ച യേശുവിന്റെ പിതാവ് ദൈവമാണ് എന്നാണ് എല്ലാ ക്രിസ്തീയ വിഭാഗങ്ങളും വിശ്വസിക്കുന്നത്. ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസമായി കരുതുന്ന ദൈവപുത്രവാദത്തിന്റെ ഏറ്റവും പ്രബലമായ ആധാരം കന്യാമറിയത്തിന്റെ ഈ അസാധാരണമായ ഗർഭ ധാരണവും പ്രസവവുമാണ്. പിതാവില്ലാതെ ഭൂജാതനായ യേശുവിന്റെ ജനനം ഒരു ദിവ്യാത്ഭുതമാണ് എന്ന് കരുതുന്ന മുസ്‌ലിംകൾ, ദൈവമാണ് യേശുവിന്റെ പിതാവ് എന്ന ക്രിസ്തീയ വാദത്തോട് തികച്ചും വിയോജിക്കുന്നു. മുസ്‌ലിംകളുടെ ഏകദൈവ സങ്കൽപ്പത്തിന് കടകവിരുദ്ധവും വിശുദ്ധ ഖുർആൻ വ്യക്തമായ വചനങ്ങളിൽ ഖണ്ഡിച്ചതുമായ ഒരുവിശ്വാസമാണ് യേശു ദൈവപുത്രനാണെന്ന വാദം. മുസ്‌ലിംകളുടെ അഭിപ്രായ പ്രകാരം ഒരു മനുഷ്യനിൽ ദൈവത്വം ആരോപിക്കുന്നതും ലൈംഗിക സംബന്ധിയായ പുത്രോൽപാദനം ദൈവത്തിൽ ചാർത്തുക എന്നതും ദൈവസങ്കൽപ്പത്തിൽ വ്യക്തമായ കളങ്കം ചേർക്കലാണ്. അതുകൊണ്ടാണ് യേശുവിന്റെ മാതാവ് പരിശുദ്ധയായ കന്യാമറിയം യേശുവിനെ ഗർഭം ധരിച്ച സംഭവം ദൂരവ്യാപകമായ മാനങ്ങ

ളുള്ള നിർണായകമായ ഒരു പരിശോധനാ വിഷയമായി മാറുന്നത്. ഇസ്‌ലാമിന്റെ ഏകദൈവസങ്കൽപ്പത്തിന് കടക വിരുദ്ധമായി യേശുവിൽ ആരോപിക്കപ്പെടുന്ന ദൈവപുത്രവാദത്തിന് അടിസ്ഥാനമായി നിലകൊള്ളുന്ന അദ്ദേഹത്തിന്റെ ജനന പ്രശ്നത്തിന്ന് ഖുർആനിക വീക്ഷണത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ഏകദൈവത്തിൽ വിശ്വസിക്കുന്ന മുസ്‌ലിംകളുടെ കടമയാണ്. നിർഭാഗ്യവശാൽ ദൈവപുത്ര വാദത്തെ ഫലപ്രദമയി ഖണ്ഡിക്കാനോ ഏക ദൈവവിശ്വാസത്തെ പ്രതിരോധിക്കാനോ പറ്റാത്ത വിധം അവ്യക്തവും അന്ധവിശ്വാസ ജഡിലവും ക്രൈസ്തവ വീക്ഷണത്തിന്റെ കലർപ്പുള്ളതും ദുർബലവുമാണ് യേശുവിനെ സംബന്ധിച്ച മുസ്‌ലിം ബഹുഭൂരിപക്ഷത്തിന്റെയും വിശ്വാസം.

## ദൈവത്തിന്റെ ഏകത്വം

ഇസ്‌ലാമിന്റെ ഏറ്റവും അടിസ്ഥാന പ്രമാണമാണ് ദൈവത്തിന്റെ ഏകത്വം അഥവാ തൗഹീദ്. വിശുദ്ധ ഖുർആൻ ഇരുന്നൂറിലധികം തവണ ദൈവത്തിന്റെ ഏകത്വത്തെപറ്റി പരാമർശമുണ്ട്. ദൈവത്തിന്ന് പുത്രനോ സഹധർമിണിയോ മറ്റു പങ്കുകാരോ ഉണ്ടെന്ന വിശ്വാസം ഇസ്‌ലാമിലെ ദൈവത്തിന്റെ ഏകത്വ സങ്കൽപ്പത്തിന് കടക വിരുദ്ധമാണ്. ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തിയിലും ഏകനാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

‘പറയുക: അവൻ അല്ലാഹുവാകുന്നു, ഏകൻ. അല്ലാഹു സർവാധിനാഥനാണ്. അവൻ ആരെയും ജനിപ്പിച്ചിട്ടില്ല. അവൻ ആരുടെയും ജാതനുമല്ല. അവനു സമാനമായി ആരും തന്നെയില്ല.’ (112:15) ‘അതിനാൽ അറിയുക അല്ലാഹു അല്ലാതെ വേറൊരു ആരാധ്യനുമില്ല തന്നെ’(47:20) ‘(അവൻ) ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകകളില്ലാതെ സൃഷ്ടിച്ചവനത്രെ അവന് ഒരു സഹധർമിണി ഇല്ലെന്നിരിക്കെ അവന് സന്താനമുണ്ടാകുന്നതെങ്ങനെ?’(6:102)

യേശുവിന്റെ ജനനം പ്രകൃതി നിയമത്തിന് വിധേയമായിക്കൊണ്ടുള്ള അസാധാരാണമായ ഒരു സംഭവമാണെന്നും പ്രകൃതിയമത്തിന് വിരുദ്ധമായി അതിൽ ഒന്നും തന്നെ ഇല്ല എന്നും ഖുർആൻ പറയുന്നു: ‘അല്ലാഹുവിന്റെയടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെതന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽ നിന്നും സൃഷ്ടിച്ചു’(3:60) മനുഷ്യരെല്ലാം മണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചതെന്ന പ്രകൃതി സാധാരണമായ തത്ത്വം ഖുർആൻ ഇവിടെ നമ്മെ ഓർമിപ്പിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല അല്ലാഹുവിന് ഒരു പുത്രനുണ്ട് എന്ന വിശ്വാസം അങ്ങേയറ്റം ദൈവനിന്ദാപരമാണെന്നും ദൈവമഹത്വത്തിന് അത് കടക വിരുദ്ധമാണെന്നും വിശുദ്ധ ഖുർആൻ അസന്നിഗ്ദമായ വചനങ്ങളിൽ ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നു: ‘പരമകാരുണികനായ അല്ലാഹുവിന്ന് ഒരു പുത്രനെ സ്വീകരിച്ചിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങളൊരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോവുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം. പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ച കാരണത്താൽ. ഒരു പുത്രനെ സ്വീകരിക്കുക എന്നത് പരമകാരുണികന് ഒട്ടും ഭൂഷണമല്ല.’ (19: 90 – 92)

## യേശുവിന്റെ പിതൃരഹിതജനനം

ദൈവത്തിന്ന് വേണ്ടി സ്തോഭജനകമായ ത്യാഗങ്ങൾ വരിച്ച പരിശുദ്ധനായ ദൈവിക പ്രവാചകനാണ് യേശു. പിതാവില്ലാത്ത അസാധാരാണ ജനനം കാരണം അദ്ദേഹത്തെ വിശുദ്ധ ഖുർആൻ മാതാവിനോടൊപ്പം ചേർത്ത് ഈസബ്നു മറിയം എന്നാണ് വിളിച്ചത്. വിശുദ്ധ ഖുർആൻ യേശുവിന്റെ വന്ദ്യമാതാവ് ഹദ്‌റത്ത് മർയം ബീവിക്ക് സമുന്നത സ്ഥാനമാണ് നൽകിയിരിക്കുന്നത്. അവരെപറ്റി ബൈബിൾ പുതിയ നിയമത്തിലുള്ളതിനേക്കാൾ വിശുദ്ധ ഖുർആനിലാണ് പരമർശമുണ്ട്. 114 ഖുർആൻ സൂറത്തുകളിൽ ഒന്ന് അവരുടെ നാമത്തിൽ സൂറ: മറിയം എന്നാണ്. ഖുർആൻ പറയുന്നു:

‘അവൾ (മറിയം) പറഞ്ഞു: എന്റെ നാഥാ, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്ക് എങ്ങനെ ഒരു കുട്ടിയുണ്ടാകും? അവൻ (അല്ലാഹു) പറഞ്ഞു: അതങ്ങനെ തന്നെയാണ്. താൻ ഇച്ഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ അതുണ്ടാവുന്നു.’(3:48) മറ്റൊരു വചനം ഇങ്ങനെയാണ്. ‘അവൾ (മറിയം) പറഞ്ഞു, എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിണി ആയിട്ടുമില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാകുക? അദ്ദേഹം (മലക്ക്) പറഞ്ഞു: അതങ്ങനെതന്നെ (പക്ഷേ ഇതെനിക്ക് എളുപ്പമുള്ള കാര്യമാണെന്ന് നിന്റെ നാഥൻ പറയുന്നു’(19:22) ബൈബിൾ വിവരണം ഇങ്ങനെയാണ്: ‘യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ അമ്മയായ മറിയം യോസേഫിനു പ്രതിശ്രുത വധുവായിരിക്കേ, അവർ സഹവ

**ഫലസ്തീൻ പ്രശ്നം മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ എന്ന തുടർ ലേഖനം അടുത്ത ലക്കത്തിൽ**

സിക്കും മുമ്പ് പരിശുദ്ധാത്മാവി നാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ അപ ഹാസ്യയാക്കാൻ അയാൾക്ക് മന സ്സു വന്നതുമില്ല' (മത്താ: 1: 18 20)

പ്രകൃതിയിലെ എല്ലാ പ്രതിഭാസ ങ്ങളും അത്ഭുതങ്ങൾ തന്നെയാ ണ്. പല അസാധാരണ പ്രതിഭാ സങ്ങളും മനുഷ്യനിൽ ആശ്ചര്യ വും അത്ഭുതാശിയങ്ങളും ജനിപ്പി ക്കുന്നു. ശാസ്ത്രം അതിന്റെ രീതി യിൽ ഈ പ്രതിഭാസങ്ങളെ ക്കു റിച്ച് വിശകലനം ചെയ്ത് മന സ്സിലാക്കിത്തരുമ്പോഴാണ് അത്ഭുത ങ്ങൾ അറിവായി മാറുന്നത്. ശുദ്ധ മായ ദൈവിക വെളിപാടുകളും തത്ത്വജ്ഞാന നിർഭരമായ ദിവ്യാ ത്മാക്കളുടെ വചനങ്ങളിലും അന്ധ വിശ്വാസങ്ങളും ദൈവമഹത്വത്തി ന്ന് വിരുദ്ധമായ സങ്കൽപ്പങ്ങളും കലർപ്പുകളും കടന്നുകൂടില്ല എന്നത് നിസ്തർക്കമാണ്. മനുഷ്യൻ ഇന്ന് ആർജിച്ച ശാസ്ത്രീയ ജ്ഞാനം നുറ്റാണ്ടുകളായി ആർജിച്ച അറി വിന്റെ സഞ്ചിത രൂപമാണ്. മനു ഷ്യൻ അറിഞ്ഞതിനേക്കാൾ കൂടു തലാണ് അറിയാനുള്ള കാര്യങ്ങ ളാണ് എന്നത് തീർച്ചയാണ്. മനു ഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ച് വേണ്ടത്ര ശാസ്ത്രീയ ജ്ഞാനം ആർജിച്ചിട്ടില്ലാത്ത പുരാതനകാ ലത്ത് സാധാരണ രീതിയിലുള്ള ഗർഭധാരണത്തെക്കുറിച്ച് തന്നെ കൃത്യവും വിശദവുമായ അറിവ് മനുഷ്യന്നുണ്ടായിരുന്നില്ല. ഇക്കാലത്തും പൂർണമായി കൈ വന്നിട്ടില്ല അങ്ങനെ വരുമ്പോൾ പിതാവില്ലാതെ ഗർഭം ധരിക്കുന്ന അത്യപൂർവ്വമായ പ്രതിഭാസം വിശ ദീകരിക്കപ്പെടുക എന്നത് അസാ ദ്ധ്യമാണ്. അത് കൊണ്ട് ഈ വിഷയത്തിൽ സധാരണ മനുഷ്യ രുടെ അയുക്തിക ഭാവനയും അ ന്ധവിശ്വാസങ്ങളും പ്രവർത്തിക്കുക സ്വാഭാവികമാണ്. യേശുവിനെ സം ബന്ധിച്ച് ഈ ഭാവനാ വിലാസങ്ങൾ ദൈവ മഹത്വത്തിന്ന് നിരക്കാത്ത മാനങ്ങളിലേക്ക് വഴിപിഴച്ചു പോ കുകയുമാണുണ്ടായത്. ഈ വഴി ക്കാണ് ക്രിസ്ത്യാനികളുടെ ദൈവ പുത്ര വാദം രൂപപ്പെട്ടത്.

## യേശു: അല്ലാഹുവിന്റെ വചനവും ആത്മാവും

പ്രവാചക സമൂഹത്തിൽ അംഗമാ യിരുന്ന യേശുവിനെ ജീവിത ദൗ ത്യവും സന്ദേശവും എന്തായിരു ന്നുവെന്നും യേശുവിനെ സംബ ന്ധിച്ച് വിശുദ്ധ ഖുർആൻ രേഖ പ്പെടുത്തിയ വചനങ്ങൾ വ്യക്ത മായി വിളംബരം ചെയ്യുന്നുണ്ട്. എങ്കിലും വിശുദ്ധ ഖുർആൻ ക്രി സ്ത്യാനികൾ വൻതോതിൽ ദുർ വ്യഖ്യാനം ചെയ്യാൻ ശ്രമിച്ച് ദയ നീയമാം വിധം പരാജയപ്പെടാറുണ്ട് എന്നതാണ് വാസ്തവം. അതിന് ഉപോൽബലകമായ രീതിയിൽ യാ ഥാസ്ഥിതിക മുസ്‌ലിം പണ്ഡിത ന്മാരുടെ അർഥ വിവരണങ്ങളും സഹായകമായിട്ടുണ്ട്. അത്തരത്തി ലുള്ള ഖുർആനിലെ രണ്ട് പരാമർ ശങ്ങളാണ്,'കലിമത്തുല്ലാഹ്','റൂഹു ല്ലാഹ്' എന്നിവ.

## കലിമത്തുല്ലാഹ്

'ഓ മറിയം! നിശ്ചയമായും അ ല്ലാഹു തന്റെ പക്കൽ നിന്നുള്ള ഒരു വചനം (ബി കലിമത്തിൻ മിൻ ഹു) മുഖേന നിനക്ക് (ഒരു മക നെക്കുറിച്ചുള്ള) സുവിശേഷം അറി യിക്കുന്നു. അവന്റെ പേര് മസീ ഹിബ്നു മർയം എന്നായിരിക്കും. (അദ്ദേഹം) ഇഹത്തിലും പരത്തി ലും ആദരണീയനും ദൈവസാ മീപ്യം സിദ്ധിച്ചവരിൽപ്പെട്ടവരു മായിരിക്കും. എന്ന് മലക്കുകൾ പ റഞ്ഞ സന്ദർഭം സ്മരിക്കുക'(3:46)

സൂറ: ആലു ഇംറാനിലെതാണ് പ്ര സ്തുത വചനങ്ങൾ. നജ്റാനിൽ നിന്നും റസൂൽ തിരുമേനി(സ)യു മായി സംവാദം നടത്താൻ വന്ന പ്പോഴായിരുന്നു സൂറ: ആലു ഇംറാനിലെ 83 വചനങ്ങൾ അവ തരിച്ചത്. അതുവരെ റസൂൽ തിരു മേനി(സ) ഉന്നയിച്ച യേശുവിന്റെ ദൈവ പുത്രവാദത്തെ ഖണ്ഡി ക്കുന്ന വാദങ്ങൾക്കൊന്നും മറുപ ടി പറയാതിരുന്ന ക്രിസ്ത്യാനി കൾ യേശുവിനെ പറ്റി ഖുർആൻ പറഞ്ഞ 'ബി കലിമത്തിൻ മിൻ ഹു' എന്ന പദത്തിൽ കയറിപ്പിടി ച്ചു റസൂൽ തിരുമേനിയുടെ വിവ രണം കേൾക്കാതെ വിജയഭാവ ത്തിൽ എഴുന്നേറ്റു പോകുകയാ ണുണ്ടായത്. ഖുർആന്റെ അർഥം മനസ്സിലാക്കാതെ ഇപ്പോഴത്തെ ക്രിസ്ത്യൻ വിമർശകരും അത് തന്നെയാണ് ആവർത്തിക്കുന്നത്. വാസ്തവത്തിൽ പ്രവാചകനായ യേശുവിന്റെ ദൈവപുത്രത്തെയും ദിവ്യത്വത്തെയും നിശിതമായി നി രാകരിക്കുന്നതിന്നും അദ്ദേഹത്തി ന്റെ യഥാർഥ വ്യക്തിത്വം എന്താ ണെന്ന് വ്യക്തമാക്കാനുമാണ് ക ലിമത്തുഹു, റൂഹും മിൻഹു എന്നീ വാക്കുകൾ ഖുർആൻ ഉപയോഗി ക്കുന്നത്. മറ്റാരു വചനം ഇപ്ര കാരമാണ്.:

'ഗ്രന്ഥാനുസാരികളെ നിങ്ങൾ നി ങ്ങളുടെ മതകാര്യത്തിൽ അമിത ത്വം പ്രവർത്തിക്കരുത്. അല്ലാഹു വിനെ സംബന്ധിച്ച് നിങ്ങൾ സ ത്യമല്ലാതെ പറയുകയുമരുത്. നി ശ്ചയമായും മറിയമിന്റെ മകൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറ ക്കി ക്കൊടുത്ത വചനവും (കലിമ ത്തുഹു വചനത്തിന്റെ സാക്ഷാത് ക്കാരവും) അവന്റെ പക്കൽനിന്നു ള്ള ഒരു കാരുണ്യവും (റൂഹു മിൻഹു) മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വ സിക്കുക. നിങ്ങൾ (ദൈവം) മൂ ന്നാണ് എന്ന് പറയരുത്. നിങ്ങൾ (അങ്ങനെ പറയുന്നതിൽ നിന്നും) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗു ണകരമായിരിക്കും. അല്ലാഹു ഒരേ യൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽനിന്നും അവൻ പരിശുദ്ധനത്രെ. ആകാശ ങ്ങളിലുള്ളതും

ഭൂമിയിലുള്ളതെല്ലാം അവന്റെതാ കുന്നു. രക്ഷാകർത്താവായി അല്ലാ

ഹു മതിയായവനാണ്. (4: 172)

'വചനം' (കലിമ) എന്ന അർത്ഥത്തിലുള്ള അറബി പദം അടയാളം, വചനം (66:13) ശിക്ഷ (19:97) ആസൂത്രണം (9:40) സുവിശേഷം (7:138) ദൈവ സൃഷ്ടി (31:28) കേവല വചനം (23:110) ഇങ്ങനെ നിരവധി അർത്ഥങ്ങളിൽ വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. യേശുവിനെ സംബന്ധിച്ച് കലിമ എന്നാണ് ഉപയേഗിച്ചതെങ്കിൽ റസൂൽ തിരുമേനി(സ)യെ ക്കുറിച്ച് ദിക്ർ (65: 11,12) ഗ്രന്ഥം, വചന സമാഹാരം എന്നിങ്ങനെയുള്ള അർത്ഥത്തിൽ പരിഭാഷ പ്പെടുത്താവുന്ന വിധത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് ഒരു വചനത്തെക്കാൾ അധികമാണല്ലോ?

## റൂഹുല്ലാഹ്

'തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും (മർയമിനെയും) സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചില വചനങ്ങൾ (മിൻ റൂഹിനാ) ഇറക്കി. അവളേയും അവളുടെ പുത്രനേയും നാം ലോകത്തിന്ന് ഒരടയാളമാക്കിയിരിക്കുന്നു.'(21:92)

ഈ ഖുർആൻ വചനത്തിൽ അല്ലാഹു യേശുവിനെ ഒരു അടയാളമാക്കിയത് സംബന്ധിച്ച കാര്യമാണ് പറയുന്നത്. യേശുവിന്റെ ഗർഭധാരണത്തിൽ അല്ലാഹുവിന്റെ റൂഹിന്ന് യാതൊരു വിധത്തിലുമുള്ള ഇടപെടലുണ്ടായതായി ഇവിടെ ഖുർആൻ പറയുന്നില്ല. അടയാളമാക്കുക, റൂഹുൽ ഖുദുസ് ഇറങ്ങുക എന്നതെല്ലാം ഹദ്റത്ത് മറിയം ബീവിയെ ക്കോ ഹദ്റത്ത് ഈസാ നബി(അ)ക്കോ മാത്രം പ്രത്യേകമായി ഉണ്ടായ പ്രതിഭാസമല്ല. എല്ലാ പ്രവാചകന്മാരെ ബന്ധപ്പെടുത്തിയും ഖുർആൻ പറഞ്ഞ കാര്യമാണ്. ഹദ്റത്ത് മറിയം ബീവിയെക്കുറിച്ചും ഹദ്റത്ത് ഈസാ നബി(അ)യെ ക്കുറിച്ചും പ്രത്യേകം പരിശുദ്ധപ്പെടുത്തി പറയാൻ കാരണം അവർ ഇരുവരും ജനനത്തിന്റെ പ്രത്യേകതകൊണ്ട് അധിക്ഷേപിക്കപ്പെടാൻ സാദ്ധ്യതയുണ്ട് എന്നത് കൊണ്ട് കൊണ്ടുകൂടിയാണ്. ഈസാ നബി(അ) പോലെ മറ്റു പ്രവാചകന്മാർക്കും അടയാളങ്ങളും ദൃഷ്ടാന്തങ്ങളും നൽകിയതായി വിശുദ്ധ ഖുർആൻ പറയുന്നു: 'അതിന്ന് കാരണം തീർച്ചയായും അവരുടെ ദൂതന്മാർ വ്യക്തമായ അടയാളങ്ങളുമായി (ബിൽ ബയ്യിനാത്തി) അവരുടെ അടുക്കൽ ചെന്നുകൊണ്ടിരുന്നപ്പോൾ അവർ നിഷേധിച്ചു' (24:23) റസൂൽ തിരുമേനി(സ)യെകുറിച്ച് പറയുന്നു: 'തീർച്ചയായും നാം നിനക്ക് സ്പഷ്ടമായ തെളിവുകൾ (ആയാത്തിൻ ബയ്യിനാത്തിൻ) തന്നിരിക്കുന്നു.'(2:100)

അപ്രകാരം റുഹൂൽ ഖുദുസിന്റെ ഇറക്കത്തെ പറ്റിയുള്ള നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. റസൂൽ തിരുമേനി(സ)ക്ക് റുഹുൽ ഖുദ്സിന്റെ മാധ്യമത്തിലൂടെ വിശുദ്ധ ഖുർആൻ ഇറങ്ങിയതിനെ പറ്റി ഖുർആൻ പറയുന്നത് കാണുക: 'പറയുക എന്റെ നാഥനിൽ നിന്ന് പരിശുദ്ധാത്മാവ് (റൂഹുൽ ഖുദുസ്) സത്യമായ വിധത്തിലിറക്കിയതാണിത്. വിശ്വാസിളെ ഉറപ്പിച്ചു നിർത്തുന്നതിന്ന് വേണ്ടിയും മുസ്ലിംകൾക്ക് മാർഗ്ഗദർശനവും സുവിശേഷവുമായും (ഇത് ഇറക്കിയിരിക്കുന്നു).' (16:103) പ്രവാചകരിൽ മാത്രമല്ല. സത്യത്തിന്റ കഠിന വിരോധികളുടെ എതിർപ്പുകൾ ഏറ്റുവാങ്ങി ജീവിക്കുന്ന സചരിതരായ സത്യ വിശ്വാസികളിൽ പോലും റൂഹുൽ ഖുദുസ് ഇറങ്ങുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: 'അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള റൂഹിനെ കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.' (58:23)

ഉന്നതമായ വെളിപാടുകളുടെ വാഹകനായി വരുന്ന മലക്ക് ജിബ്രീരിലിനെക്കുറിച്ചും റൂഹുൽ ഖുദുസ് എന്ന് പറയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ സഹായം എന്ന അർത്ഥത്തിൽ റൂഹുൽ ഖുദുസ് എന്ന പ്രയോഗം ഹദീസികളിൽ വന്നിട്ടുണ്ട്. റസൂൽ തിരുമേനി(സ) കവിയായിരുന്ന ഹസൻ(റ)വിനോട് പറഞ്ഞു: 'ഓ, ഹസൻ (അവിശ്വാസികളോട്) അല്ലാഹുവിന്റെ ദൂതനു വേണ്ടി മറുപടി പറയുക. അല്ലയോ നാഥാ, റൂഹുൽ ഖുദ്സു കൊണ്ട് ഹസനെ നീ സഹായിക്കുക' (ബുഖാരി & മുസ്ലിം).

അല്ലാഹു സൃഷ്ടിച്ച സകല മനുഷ്യരിലും തന്റെ ആത്മീയ ചൈതന്യത്തിൽ നിന്ന് ഒരംശം ഊതി എന്ന് പറയുമ്പോൾ അത് ഒരാൾക്ക് മാത്രം ലഭിച്ച പ്രത്യേകതയായി കാണുവാൻ സാദ്ധ്യമല്ല.

'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ മുഴങ്ങുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്നും ഞാൻ അവനിൽ ഊതുകയും (വനഫഖ്തു ഫിഹി മിൻ റൂഹി) ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ പരിപൂർണ്ണമായി അനുസരിച്ചു കൊണ്ട് അവന്ന് കീഴ്പ്പെടുവീൻ'(15:29,30) സൂറ: സാദിലും (38:73) അൽ സജദ (32: 10) യിലും ഇതേ പരാമർശം ആവർത്തിക്കുന്നു. 'പിതാവ്'എന്ന വിശേഷണം

## ദൈവ മഹത്വത്തിന്ന് ചേർന്നതല്ല.

അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ദൈവത്തെ 'പിതാവ്' എന്ന സ്തോത്ര നാമത്തിൽ ക്രിസ്ത്യാനികൾ വാഴ്ത്തുന്നതിനെ നിശിതമായ നിരൂപണത്തിന്ന് വിധേയമാക്കിയിട്ടുണ്ട്. ദൈവത്തെ 'പിതാവ്' എന്ന് അഭിസംബോധന ചെയ്യുന്നതിലെ പദ

നിരുക്തി ശാസ്ത്രപരവും ദൈവ ശാസ്ത്രപരവുമായ വൈകല്യങ്ങളും പ്രമാദങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. യേശു ദൈവത്തെ പിതാവ് എന്ന് വിളിച്ചു എന്ന് പറയുന്നത് ആ മഹാത്മാവിന് നേരെയുള്ള ഒരു വ്യാജ്യാരോപണം മാത്രമാണെന്നും ദൈവമഹത്വത്തിന്റെ അർഥ പ്രകാശനത്തിന്ന് പിതാവ് എന്ന പദം ഒരിക്കലും പര്യാപ്പതമല്ല എന്നുമാണ് ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദം.

ഭാഷാശാസ്ത്രപരമായി പിതാവ് എന്ന അർഥം വരുന്ന അബുൻ എന്ന പദം ലൈംഗിക വേഴ്ച്ചയും കാമശമനവും ബീജദാനവുമുൾപ്പെടെ മനുഷ്യനടക്കമുള്ള എല്ലാ ജീവികളുടെ പ്രത്യുത്പദനപരമായ ജൈവ പ്രവർത്തനത്തെ കുറിക്കുന്നു. സന്താനോൽപാദനത്തെ സംബന്ധിച്ച് അഭികൽപ്പനയോ ആസൂത്രണമോ ഉദ്ദേശം പോലുമോ ഈ പദം ദ്യോതിപ്പിക്കുന്നില്ല. എല്ലാ ഭാഷകളിലും പിതാവ് എന്ന സ്ഥാനത്തിന്ന് ഉപയോഗിക്കുന്ന പദങ്ങളെല്ലാം ഈ അർഥം തന്നെയാണ് ദ്യോതിപ്പിക്കുന്നത്. ധാത്വാർഥ സമ്പന്നവും അറിയപ്പെടുന്നവയിൽ വച്ച് ഏറ്റവും പ്രാചീനവുമായ അറബി ഭാഷയിലെ അബുൻ എന്ന പദത്തിന്റെ വ്യതിരൂപങ്ങൾ എല്ലാ ഭാഷയിലും കാണാമെന്നും ഹദ്റത്ത് അഹ്മദ്(അ) പറയുന്നു. ലൈംഗിക പ്രത്യുൽപ്പാദനത്തിൽ ബീജദാതാവ് എന്ന അർത്ഥം മാത്രം ദ്യോതിപ്പിക്കുന്നതും പരിചരണണത്തിന്റേയോ സ്നേഹ വാത്സല്യങ്ങളുടെയോ അർത്ഥം ധ്വനിപ്പിക്കാത്തതുമായ 'അബുൻ' എന്ന അറബി പദം ദൈവത്തിന്ന് ഉപയോഗിക്കാൻ നിഘണ്ടുക്കളും നിരുക്ത കോശങ്ങളും ആ പദത്തിന്ന് നൽകുന്ന അർത്ഥം ഒരു വിധത്തിലും അനുവദിക്കുന്നില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) 'മിനനുർ റഹ്മാൻ' എന്ന വിഖ്യാത ഗ്രന്ഥത്തിൽ അനിഷേധ്യമാം വിധം സ്ഥാപിക്കുകയും താഴെ പറയുന്ന നാല് വിധത്തിലുള്ള ന്യായങ്ങളും ഭാഷാ പ്രയുക്തിയും ഉപയോഗിച്ച് തെളിയിക്കുകയുണ്ടായി.

'അബുൻ' എന്നതിന്ന് ' അബാഅ്' അതായത് അവസനിക്കാത്ത ജല സംഭരണി എന്നാണ് ഒരർഥം. ശുക്ലം സംഭരിച്ചു വെക്കുകയും ഉൽസർജ്ജിക്കുകയും ചെയ്യുന്നത് കൊണ്ടും ദ്രവത്തിൽ നിന്ന് ശിശുവിനെ ദൈവം ഉദ്പാദിപ്പിക്കുന്നത് കൊണ്ടും പിതാവിന്ന് അബുൻ എന്ന പേരുണ്ടായി. രണ്ടാമത്തെ അർഥം 'അബാ' നിർത്തുക അഥവാ അവസാനിപ്പിക്കുക എന്നാകുന്നു. പുരുഷൻ ബീജം നിക്ഷേപിക്കുന്നതോടെ അയാളുടെ ജോലി അവസാനിക്കുന്നു. മൂന്നാമത്തെ അർഥം 'അബാർ' അഥവാ ഓടം എന്നാകുന്നു. നെയ്ത്തിന്ന് ഉപയോഗിക്കുന്ന ഓടത്തിന്റെ രൂപത്തിലുള്ള പുരുഷന്റെ ജനനേന്ദ്രിയത്തെ അനുസ്മരിച്ചാണ് പിതാവിന് ഈ പേര് ഉണ്ടായത്. നാലാമത്തെ അർഥം. വിശപ്പ് ശമിപ്പിക്കുക എന്നാണ്. സംഭോഗത്തോടെ കാമം ശമിക്കുക എന്നായതിനാലാണ് ഈ പേരുണ്ടായത്. 'അബുൻ' എന്നതിന് അറബി ഭാഷയിൽ ഈ നാലർഥമാണുള്ളത്. അറബി ഭാഷയാകട്ടെ ഭാഷകളുടെ മൂല സ്രോതസ്സും ധാത്വ പദസമ്പന്നവുമാണ്. എന്നിരിക്കെ സർവ്വശക്തനും സർവസ്രഷ്ടാവും സർവജ്ഞനും സർവവ്യാപിയുമായ ദൈവത്തിന് എങ്ങനെ പിതാവ് എന്നുള്ള ഈ പദം ഉപയോഗിക്കും? ബലഹീനതയുടെയും കാമ ശമനത്തിന്റേയും ലൈംഗിക വേഴ്ച്ചയുമായി ബന്ധപ്പെട്ട താഴ്ന്ന അർത്ഥം ഉത്പ്പാദിപ്പിക്കുന്ന പിതാവ് എന്ന പദം ദൈവത്തിന്ന് ഉപയോഗിക്കാൻ ഭാഷാശാസ്ത്രവും ദൈവശാസ്ത്രവും അനുവദിക്കുന്നില്ല. യേശുവിന്ന് മറുപാതി ക്രോമോസോം എവിടെ നിന്ന്?

ദൈവത്തിന്റെ പ്രകൃതി നിയമത്തിൽ മനുഷ്യശിശു സാധാരണയായി എങ്ങനെ രൂപംകൊള്ളുന്നുവെന്ന ഏകദേശ വിവരണം നോക്കാം. മനുഷ്യനടക്കം എല്ലാ ജീവജാലങ്ങളും ഇണയായിട്ടാണ് സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ ഖുർആനും ഇക്കാര്യം പ്രത്യേകം പരാമർശിക്കുന്നുണ്ട്.

'നാം സർവ്വ വസ്തുക്കളിൽ നിന്നും ഇണകളെ സൃഷ്ടിച്ചിരിക്കുന്നു' (51: 50) മറ്റൊരു ഖുർആൻ വചനം ഇപ്രകാരമാണ്. 'രേതസ്കണം സ്രവിപ്പിക്കപ്പെടുമ്പോൾ അവൻ തന്നെയാണ് അതിൽ നിന്നും ആൺ പെൺ എന്നീ രണ്ടിണകളെ സൃഷ്ടിച്ചത്. (53: 46,47) പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവ് കൂടാതെ ഒരു പെണ്ണും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല. (35: 12) മനുഷ്യനടക്കം എല്ലാ ജീവികളും ലിംഗപരമായി ആൺ പെൺ ദ്വന്ദങ്ങളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. ജീവികളുടെ ലിംഗ കോശങ്ങൾ മുതൽ എല്ലാ സൃഷ്ട വസ്തുക്കളിലും ഈ ദ്വന്ദാത്മകത സാർവ്വത്രികമായി നമുക്ക് കാണാം.

ജനിതക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ പ്രത്യുൽപാദന കോശങ്ങളിൽ അണ്ഡത്തിലും ബീജത്തിലും 23 ജോഡികളായി 46 ക്രോമോസോമുകളാണുള്ളത്. മനുഷ്യന്റെ എല്ലാ ജൈവിക സ്വഭാവങ്ങളും പാരമ്പര്യഗുണങ്ങളുമടങ്ങിയ ഡി എൻ എ സ്ഥിതിചെയ്യുന്നത് ഈ ക്രോമാസോമുകളിലാണ്. സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും സംയോജിച്ച് ഒരു മനുഷ്യ ഭ്രൂണം ജന്മം കൊള്ളുമ്പോൾ അതിന് ലഭിക്കുന്ന 46 എണ്ണം ക്രോമോസോമിൽ പകുതി (23) എണ്ണം സ്ത്രീയുടെ അണ്ഡത്തിൽ നിന്നും മറുപാതി (23) എണ്ണം ക്രോമോ സോമുകൾ പൂരുഷന്റെ ബീജത്തിൽ നിന്നും ലഭിക്കുന്നു. അതുകൊണ്ട് ഭ്രൂണത്തിൽ പിതാവിന്റെയും മാതാവിന്റെയും ജൈവിക ഗുണങ്ങൾ അലിഞ്ഞു ചേരു

ന്നു. യേശുവിന്റെ ജനനപ്രശ്നം സങ്കീർണ്ണമാകുന്നത് ഇവിടെയാണ് 46 ക്രോമോസോമുകളിൽ 23 എണ്ണം മാത്രമേ യേശുവിന്റെ വിശുദ്ധ മാതാവിൽ നിന്നും ലഭിക്കുന്നുള്ളൂ. പിതാവിന്റെ ഭാഗത്ത് നിന്നും ലഭിക്കേണ്ട ബാക്കി 23 ക്രോമോസോമുകൾ ആര് നല്കി? എങ്ങനെ നല്കപ്പെട്ടു? എന്താണ് അതിന്റെ ജൈവിക ഗുണം? അത് ദൈവം നല്കിയതാണോ? ഈ സങ്കീർണ പ്രശ്നത്തിനു ക്രിസ്തുമതം ഉത്തരം പറയേണ്ടതുണ്ട്. ക്രോമോസോമുകളിൽ ഏതെങ്കിലും ഒന്നിന്നോ അതിലെ ഡി എൻ എ യിലെ കോടിക്കണക്കിന്ന് ജീനുകളിൽ ഏതെങ്കിലും ഒന്നിനോ എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ അപരിഹാര്യമായ ജന്മജാത വൈകല്യങ്ങൾ സന്തതികളിൽ ഉണ്ടാവുമെന്നും നാമോർക്കണം.

### പിതാവില്ലാതെ ജനിക്കുമോ? ജീവശാസ്ത്രപരമായ സാധ്യതകൾ

വംശവർദ്ധനവിനായിട്ടാണ് ജീവികൾ പ്രത്യുത്പാദനം നടത്തുന്നത്. ജീവികളിലും സസ്യങ്ങളിലും രണ്ട് വിധത്തിലുള്ള പ്രത്യുത്പാദന രീതികളാണ് കാണപ്പെടുന്നത്. ഒന്ന് ലൈംഗിക (Sexual) പ്രത്യുത്പാദനം മറ്റൊന്ന് അലൈംഗിക (Asexual) പ്രത്യുത്പാദനവും. ഇതിൽ ലൈംഗിക പ്രത്യുത്പാദനം (Sexual Reproduction) എന്നാൽ ആൺ പെൺ ലിംഗ കോശങ്ങളുടെ ബീജ സങ്കലനത്തിലൂടെ നടക്കുന്ന ലൈംഗിക പ്രത്യുത്പാദനമാണ്. മനുഷ്യനടക്കം ഈ പ്രത്യുത്പാദന രീതിയിടെയാണ് വംശവർദ്ധനവ് നടത്തുന്നത്. പരിണാമ ശ്രേണിയിൽ ഉന്നത കിടയിലുള്ള ജീവികളിൽ ഏറ്റവും വ്യാപകമായി കാണപ്പെടുന്നതും ഈ രീതിയാണ്.

അലൈംഗിക പ്രത്യുത്പാദനം (Asexual Reproduction) മറ്റൊന്ന്. അലൈംഗിക പ്രത്യുത്പാദനം രണ്ട് രീതികളിലുണ്ട്. ഒന്ന് പാർഥെനൊജെനിസിസിസ് (Parthenogenesis) മറ്റൊന്ന് ഹെർമാഫ്രൊഡെറ്റിസം. (Hermaphroditism) അഥവാ ഇന്റർസെക്സ് (Intersex). പാർത്ഥെനൊജെനിനിസ് താഴ്ന്ന ജീവികളിൽ ബീജ സങ്കലനം നടക്കാതെ തന്നെ ഭ്രൂണം ഉത്പാദിപ്പിക്കുന്ന അലൈംഗിക പ്രത്യുത്പാദന പ്രക്രിയയാണ്. Parthenos (കന്യക) Genesis(ജനനം) എന്നീ അർത്ഥങ്ങളുള്ള രണ്ട് ഗ്രീക്ക് പദങ്ങൾ കൂടി ചേർന്നാണ് പാർഥെനോ ജെനിസിസ്. പ്രാണികളിലും താഴ്ന്ന ജീവികളിലും വംശവർദ്ധനവിനായുള്ള ഒരു പ്രജനന രീതിയാണിത്. പാർഥെനൊജെനിസിസിൽ ആൺ പെൺ ബീജങ്ങൾ തമ്മിലുള്ള സങ്കലനമില്ലാത്തതിനാൽ ജനിതകപരമായ പുനസ്സംയോജനം നടക്കുന്നില്ല. അതുകൊണ്ട് ജനിപ്പിക്കുന്ന സ്ത്രീയുടെ ഭാഗത്ത് നിന്നുള്ള ക്രോമോസോം മാത്രമേ സന്തതിക്ക് ലഭിക്കു. അതിനാൽ സന്തതി ക്രോമോസോമുള്ള പെണ്ണായിരിക്കാനാണ് സാധ്യത. ഉയർന്ന സസ്തനികളായ ജീവികളിൽ പാർഥെനോജെനിസിസിസ് വളരെ അപൂർവമായി സംഭവക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. കോശവിഭജന വളർച്ചയുടെ ആദ്യഘട്ടം തന്നെ അപൂർണമായിരിക്കും. അതിനാൽ സമഗ്രമായ വളർച്ച സാധ്യമല്ലാതെ വരുന്നു.

രണ്ടാമത്തെത് ഹെർമാഫ്രൊഡൈറ്റിസം (ഉഭയലിംഗത്വം) അഥവാ ഇന്റർ സെക്സ് ആണ്. യേശുവിന്റെ ജനനത്തെ ശാസ്ത്രീയമായി വിശദീകരിക്കാൻ ഹെർമോഫ്രെ ഡൈറ്റിസത്തിന്ന് സാധിക്കും. ആധുനിക ശാസ്ത്രം അതിനുള്ള സൂചനകൾ നൽകുന്നു. ബാഹ്യമായും ആന്തരികമായും സ്ത്രീയുടെയും പുരുഷന്റെയും പ്രത്യുത്പാദനാവയവങ്ങൾ ജന്മജാതമായി ഒരേ ശരീരത്തിലുണ്ടാവുന്ന അവസ്ഥയാണ് ഹെർമാഫ്രൊഡൈറ്റിസം. ഇതിഹാസ പുരാണങ്ങളിൽ പലപ്പോഴും ഇത്തരം കഥാപാത്രങ്ങളെ കാണം. അതിൽ ഗ്രീക്ക് പുരാണത്തിലെ പ്രശസ്തമായ കഥാപാത്രമാണ് ഹെർമോഫ്രെഡൈറ്റ്. കാമത്തിന്റെ ദേവൻ ഒരു ജല ദേവതയുമായി ലയിച്ചു ചേർന്നതാണ് ഹെർമൊഫ്രൊഡൈറ്റ് സൃഷ്ടിക്കപ്പെട്ടത്.

ഉഭയലിംഗമുള്ള ഈ കഥാപാത്രത്തിൽ നിന്നാണ് ഹെർമാഫ്രൊഡൈറ്റ് എന്ന പേർ നിഷ്പന്നമായത്. മഹാഭാരത കഥയിലുമുണ്ട് ഇത്തരമൊരു കഥാപാത്രം. ദ്രുപദ രാജാവ് ദീർഘനാൾ പുത്രലാഭത്തിന് വേണ്ടി തപസ്സ് ചെയ്ത് ജനിക്കുന്ന സന്താനം ആദ്യം പുത്രിയും പിന്നീട് പുത്രനുമായിതീരും എന്നായിരുന്നു വരം. പെൺ കുട്ടിയായ സന്തതിയെ ആൺകുട്ടിയായാണ് രാജാവ് വളർത്തിയത് ആണും പെണ്ണുമല്ലാത്ത ഈ കഥാപാത്രമാണ് പുരാണപ്രശസ്തനായ ശിഖണ്ഡി. മഹാഭാരത യുദ്ധത്തിൽ ഭീഷ്മരെ ആക്രമിക്കുന്ന വേളയിൽ ആണും പെണ്ണുമല്ലാത്തവനോട് ഞാൻ യുദ്ധം ചെയ്യില്ല എന്ന് പറഞ്ഞ് ഭീഷ്മർ ആയുധം താഴെ വെച്ചപ്പോഴാണ് അർജ്ജുനൻ അദ്ദേഹത്തെ വധിച്ചത്. അതുപോലെ പുരാണങ്ങളിലെ അപ്സരസുകൾ സ്ത്രീകളും, ഗന്ധർവ്വന്മാർ പുരുഷന്മാരുമാണ്. സദാസമയവും കൈയ്യിൽ വീണയുമായി നടക്കുന്ന കിന്നരന്മാർ ഉഭയലിംഗികളുമായിട്ടാണ് അറിയപ്പെടുന്നത്.

### ഹെർമാഫ്രെഡൈറ്റ് അഥവാ ഇന്റർസെക്സ്

ആണോ പെണ്ണോ എന്ന് തീർച്ചയാക്കി പറയാൻ സാധിക്കാത്തതും ഇരു ലിംഗങ്ങളുടെയും പ്രത്യേകതകളുള്ളതുമായ വ്യക്തികളെയായിരുന്നു ഹെർമൊഫ്രൊഡൈറ്റ് എന്ന് വിളിച്ചിരുന്നത്. ഇന്ന് ശാസ്ത്രം ഇത് സംബന്ധിച്ച് വളരെയധികം വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഉഭയലിംഗിംക




*ഉഭയലിംഗക്കാരുടെ അന്താരാഷ്ട്ര വേദിയായ ഇന്റർ നാഷണൽ ഇന്റർ സെക്സ് ഫോറത്തിന്റെ മൂന്നാം സമ്മേളനം 2013 ഡിസംബറിൽ മാൾട്ടയിൽ ചേർന്നപ്പോൾ.*

ളുടെ ശാരീരികവും മനശ്ശാസ്ത്രപരവും മാനവീയവും സാമൂഹ്യപരവുമായ സങ്കീർണതകൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ പഴയ ഗ്രീക്ക് മിത്തോളജിയിൽ നിന്നും സ്വീകരിച്ച ഹെർ മാഫ്രെഡൈറ്റ് എന്ന നാമത്തിന് പകരം കൂടുതൽ അർഥ സമ്പുഷ്ടമായ ഇന്റർസെക്സ് (Intersex) എന്ന നാമമാണ് ഉപയോഗിക്കുന്നത്. ഹെർമാഫ്രൊഡൈറ്റ് എന്ന നാമം അവരുടെ വ്യക്തിത്വം സൂചിപ്പിക്കാൻ പര്യാപ്തമല്ല. Intersex നെ ആണും പെണ്ണുമല്ലാത്ത മധ്യനിലയിലുള്ള ലിംഗാവസ്ഥ, അപരലിംഗം, മൂന്നാം ലിംഗം എന്നെല്ലാം പരാവർത്തനം ചെയ്ത് വിളിക്കാം.

ലോകത്തിലുടനീളം ഇത്തരത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർ ഉള്ളതായി വൈദ്യശാസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിട്ടുണ്ട്. അവരനുഭവിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ, നിയമ പ്രശ്നങ്ങൾ, മാനസിക പീഢനങ്ങൾ, സാമൂഹിക വിവേചനങ്ങൾ, സമ്മതമില്ലാത്ത ശസ്ത്രക്രിയകൾ ഏതെങ്കിലും ഒരു ലിംഗത്തിൽപ്പെടുത്താനുള്ള മറ്റുള്ളവരുടെ നിർബന്ധങ്ങൾ, വൈദ്യശാസ്ത്ര മേഖലയിലെ ചൂഷണങ്ങൾ മുതലായ പ്രശ്നങ്ങളുടെയെല്ലാം പരിഹാരത്തിനായി 2003 ൽ അപരലിംഗസ്ഥരാൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്രാ സംഘടനയാണ്. ഓർഗനൈസേഷൻ ഇന്റർസെക്സ് ഇന്റർനാഷണൽ (Organisation Intersex International) വർഷം തോറും അവർ തങ്ങളുടെ സംഘടനയുടെ അന്തർദേശീയ സമ്മേളനങ്ങൾ നടത്തിവരുന്നു. LGBT എന്നറിയപെടുന്ന ലൈംഗിക ന്യൂനപക്ഷ സമൂഹത്തോടൊപ്പവും അവർ പ്രത്യക്ഷപ്പെടാറുണ്ട്. പക്ഷേ ഇന്റർ സെക്സിന്റെ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. വൈകാരികം എന്നതിനേക്കൾ ജന്മജാതവും ജനിതകപരവും ഹോർമോൺപരവും ശരീരശാസ്ത്ര പരവുമാണ് അവടെ പ്രശ്നങ്ങൾ.

ഇവരിൽ ചിലർക്ക് പ്രത്യക്ഷത്തിൽ പുരുഷലൈംഗികാവയവവും ആന്തരികമായി സ്ത്രീയുടെ പ്രത്യുൽപ്പാദനാവയവുമായിരിക്കും. ചിലർക്ക് നേർവിപരീതമായി പ്രത്യക്ഷത്തിൽ സ്ത്രീലിംഗവും ആന്തരികമായി പുരുഷന്റെ പ്രത്യുൽപ്പാദനാവയവങ്ങളുമായിരിക്കും. അവരുടെ ചില അവയവങ്ങൾക്ക് സ്ത്രീയെ പ്രതിനിധീകരിക്കുന്ന xx ക്രോമോസോമുകളും ചില അവയവങ്ങൾക്ക് പുരുഷന്മാരുടെ xy കോമോസോമും ചിലവക്ക് ഇരു ലിംഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന xxy ക്രോമോസോമുമായിരിക്കും. ഈ പ്രത്യേകതകൾ ഒരു വ്യക്തിയിൽ പ്രകടമായി തന്നെ കണ്ടെത്താവുന്നതാണ്. ചിലപ്പോൾ പ്രകടമല്ലാതെയുമിരിക്കാം. ചിലപ്പോൾ യാദൃശ്ചികമായി കണ്ടെത്തുന്നതായിരിക്കാം. അല്ലെങ്കിൽ അവ ഒരു നിശ്ചിത പ്രായത്തിലോ അതുമല്ലെങ്കിൽ മരണത്തിന് ശേഷമുള്ള മൃതദേഹ പരിശോധനയിലോ ആയിരിക്കാം കണ്ടെത്തുന്നത്. ഒരു വ്യക്തിയുടെ ആന്തരിക രഹസ്യം എന്ന നിലക്ക് ഇത് വ്യക്തമായി മറ്റുള്ളവരാൽ തിരിച്ചറിയപ്പെടണമെന്നില്ല. തിരിച്ചറിയാൻ ശ്രമിക്കുന്നതും ശരിയല്ല.

## ഹദ്റത്ത് മർയമിന്റെ ഗർഭധാരണത്തിലെ നിഗൂഢത

ജനകോടികളുടെ വിശ്വാസത്തെ ദൈവ പങ്കാളിത്തത്തിലേക്ക് നയിക്കുന്ന യേശുവിന്റെ ജനന പ്രശ്നത്തിന്റെ എല്ലാ നിഗൂഢതകളിലേക്കും വെളിച്ചം വീശുന്ന വിശുദ്ധ ഖുർആന്റെ ഗഹനമായ വചനങ്ങളിൽ നിന്നും തന്നെ നമുക്ക് ഈ സമസ്യയുടെ കുരുകഴിക്കാൻ സാധ്യമാകും. യേശുവിന്റെ ജനനം തീർച്ചയായും അസാധാരണമായ ഒന്നാണ്. പക്ഷേ അത് പ്രകൃതി നിയമത്തിന് എതിരല്ല എന്ന് മാത്രമല്ല അപൂർവ്വം അവസരങ്ങളിൽ പ്രകൃതിയിൽ സംഭവിക്കുന്നതുമാണ്. യേശുവിന്റെ ജനന പ്രശ്നത്തിലെ ജൈവ ശാസ്ത്രപരവും ദൈവ ശാസ്ത്ര പരവുമായ ദുരൂഹതകൾ അകറ്റുക എന്നത് തൗഹീദിന്റെ സംരക്ഷണത്തിന് അനിവാര്യവുമാണ്.

മനുഷ്യൻ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം വിശുദ്ധ ഖുർആനിൽ ഉണ്ടാവും എന്നത് വിശ്വാസികളുടെ ദൃഢബോധ്യമാണ്. നേരത്തെ പ്രതിപാദിച്ച രീതി

യിലുള്ള ഉഭയലിംഗികൾ അപരലിംഗികൾ മൂന്നാംലിംഗികൾ എന്നിങ്ങനെ പ്രതിപാദിക്കപ്പെടുന്ന മനുഷ്യ ജീവിതങ്ങൾ ഒരു യാഥാർഥ്യമായി മറ്റെന്നെത്തെക്കാളും ശാസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളായ അവർ ഒരു അനിഷേധ്യ യാഥാർഥ്യമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. അത്തരം അപര ലിംഗികളായ വ്യക്തികളെ പറ്റിയും ചില വചനങ്ങളിൽ വിശുദ്ധ ഖുർആൻ സൂചന നൽകുന്നുണ്ട്.

‘ആകാശഭൂമികളുടെയും ആധിപത്യം അല്ലാഹുവിനുള്ളതാണ്. താനിഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. താനിച്ഛിക്കുന്നവർക്ക് അവൻ പെൺ മക്കളെ നൽകുന്നു. താനിച്ഛിക്കുന്നവർക്ക് അവൻ ആൺ മക്കളെയും നൽകുന്നു. അല്ലെങ്കിൽ അവൻ അവർക്ക് ആൺ സന്താനങ്ങളെയും പെൺസന്താനങ്ങളെയും ഇടകലർത്തി നല്കുന്നു. (അവ് യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ) താനിച്ഛിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു.(42: 50, 51)

സൂറ: അശ്ശൂറയിലെ ഈ ആയത്തിൽ ‘അവ് യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ’ (അല്ലെങ്കിൽ അവൻ അവർക്ക് ആൺസന്താനങ്ങളെയും പെൺസന്താനങ്ങളെയും ഇടകലർത്തി നല്കുന്നു.) എന്നാണ് അർഥം പറയുന്നതെങ്കിലും ‘എന്നാൽ ആണിനെയും പെണ്ണിനേയും മിശ്രണം ചെയ്ത് നല്കുന്നു.’ എന്നാണ് പദാർഥം. എന്നതിനാൽ ഇത് ഉഭയലിംഗക്കാരെ അഥവാ മൂന്നാം ലിംഗക്കാരെക്കുറിച്ചാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

ഇനി നമുക്ക് യേശുവിന്റെ ജനനത്തിനു പിന്നിൽ നടന്ന അസാധാരാണമായ ജീവശാസ്ത്ര പ്രതിഭാസത്തെക്കുറിച്ച് ഖുർആൻ നല്കുന്ന സൂചനകൾ എന്താണെന്ന് നോക്കാം. ഹദ്റത്ത് മറിയം ബീവിക്ക് തന്നിൽ പുരുഷ സ്പർശമില്ലാതെ ഗർഭിണിയാകുന്ന അസാധാരണമായ ഈ പ്രതിഭാസത്തെക്കുറിച്ച് അറിഞ്ഞിരുന്നില്ലെന്ന് മാത്രമല്ല അവർ ഈ ഘട്ടത്തിൽ സംഭീതയും വിഹ്വലയുമായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ വചനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ‘അവൾ (മറിയം) പറഞ്ഞു: ‘എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിയുമായിട്ടില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാവുക?’ (19:21)

ഈ പ്രതിഭാസത്തെപറ്റി കൂടുതൽ ഉൾക്കാഴ്ച്ച ലഭിക്കാൻ ഹദ്റത്ത് മറിയം ബിവിയുടെ മാതാവ് അവരെ ഗർഭം ധരിച്ച് പ്രസവിച്ചപ്പോൾ ശിശുവായിരുന്ന മറിയം ബീവിയുടെ ശരീരശാസ്ത്രപരമായ പ്രത്യേകതകളെ സൂചിപ്പിച്ചുകൊണ്ടുള്ള ഹ്രസ്വ നിഗൂഢമായ ഒരു ഖുർആൻ വചനം ഇപ്രകാരമാണ്:

‘ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ഓർക്കുക). നാഥാ, എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്ക് വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് നീ എന്നിൽ നിന്ന് അത് സ്വീകരിക്കേണമേ! എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച്) ആൺ കുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ?. ‘ഞാൻ അവൾക്ക് മറിയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിന്റെ (പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കാനായി) ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു’. (3: 36,37)

ഇവിടെ ശ്രദ്ധേയമായ വസ്തുത അല്ലാഹു ഈ വചനത്തിൽ ഇംറാന്റെ ഭാര്യ പ്രസവിച്ചത് പെൺകുട്ടിയാണ് എന്ന് ഖണ്ഡിതമായി പറയുന്നില്ല. വളരെ നിഗൂഢാത്മകമായ വാക്കുകളിലാണ് അല്ലാഹു കുഞ്ഞിന്റെ ലിംഗവർഗ്ഗം സൂചിപ്പിച്ചിട്ടുള്ളത്. ഖുർആൻ പറയുന്നു: ‘പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച്) ആൺ കുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ? (വളഅത്ഹാ കാലത്ത് റബ്ബി ഇനീ വളഅ്തുഹാ ഉൻശാ വള്ളാഹു അഅ്ലമു ബിമാ വളഅത്ത് വലയ്സ ദ്ദകറു കൽഉൻഥാ)

ഈ ഖുർആൻ വചനങ്ങളിൽ നിന്നും പുംബീജത്തെ പ്രദാനം ചെയ്യുന്നതും നിഗൂഢാത്മകവുമായ ഒരു സ്രോതസ്സ് ഹദ്റത്ത് മറിയം ബീവിയുടെ ശരീര ഘടനയിൽ സാധാരണ സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി അല്ലാഹു ഉള്ളടക്കിയിട്ടുണ്ട് എന്ന സൂചനയാണെന്ന് ന്യായമായും ഊഹിക്കേണ്ടിരിക്കുന്നു.

## ഉപസംഹാരം

ഏതായാലും യേശു ദൈവപുത്രനാണ് എന്ന വാദം ജീവശാസ്ത്രത്തിന്റെതുകൂടിയാണ്. സകല പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും പരിപാലകനും സർവ്വവ്യാപിയും ശാശ്വതനുമായ ദൈവത്തിന് ഭൂമിയിൽ 33 വർഷക്കാലം ജീവിച്ച ജഡികനായ ഒരു ഔരസ പുത്രനുണ്ടാകുക എന്നത് പ്രകൃതി നിയമത്തിനും മനുഷ്യന്റെ കേവല ബുദ്ധിക്കും സർവ്വോപരി ദൈവമഹത്വത്തിനും അസ്വീകാര്യമാണ്. തീർച്ചയായും അനിഷേധ്യമാം വിധം ഒരു നാൾ ശാസ്ത്രം ഈ സത്യം തെളിയിക്കാതിരിക്കില്ല.

# സർ സയ്യിദ് അഹ്മദ് ഖാനും അഹ്മദിയ്യാ ജമാഅത്തും

പ്രാർഥനക്ക് ഫലമില്ലെന്നും ദൈവം പ്രാർഥനയോട് പ്രതികരിക്കില്ലെന്നും
വിധി പ്രകൃതിനിർണിതമാണെന്നും അത് മാറ്റാൻ പ്രാർഥനക്കാകില്ലെന്നും വാദിച്ച
സർ സയ്യിദ് അഹ്മദ് ഖാനുമായി ഹദ്റത്ത് അഹ്മദ്[അ] നടത്തിയ ആത്മീയ സമരത്തിന്റെ വിവരണം.

**എൻ. അബ്ദുർറഹീം**

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി[അ]യുടെ സമകാലീനനും അലിഗഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ് ഖാൻ (കെ. സി എസ്. ഐ) ഇന്ത്യയിലെ മുസ്‌ലിം നേതാക്കളിൽ അഗ്രിമസ്ഥാനീയനും അതുല്യ പ്രഭാവനുമായ ഒരു ഭൗതികപണ്ഡിതനുമായിരുന്നു. മുഗൾ ഭരണത്തിന്റെ അടിത്തറ ഇളകുകയും 1857 ലെ സ്വാതന്ത്ര്യ സമരം പരാജയപ്പെടുകയും ചെയ്തതോടെ ഇന്ത്യയിലെ മുസ്‌ലിം പ്രഭാവം അസ്തമിച്ചതിനു ശേഷം മുസ്‌ലിം സമുദായത്തിന്റെ ഭൗതിക പുരോഗതിക്കായി പ്രയത്നിച്ച് തുടങ്ങിയ സർ സയ്യിദ് പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ ഒരു ആരാധകനും പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിൽ പ്രഭാവിതനുമായിരുന്നു. ഇംഗ്ലീഷ് ഭരണത്തിൽ ഒരു ക്ലാർക്കായി ആരംഭിച്ച അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം ബ്രിട്ടീഷ് സിംഹാസനത്തിന്റെ സ്റ്റാർ ഓഫ് ഇന്ത്യ എന്ന ബഹുമതി പട്ടം വരെ അദ്ദേഹത്തിനു നേടി ക്കൊടുത്തു,


വിശ്വാസ പരമായി സർ സയ്യിദ് ഒരു പ്രകൃതിവാദിയായിരുന്നു. (Naturalist) പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിലും വിജ്ഞാനങ്ങളിലും ആകൃഷ്ടനായ അദ്ദേഹം ഇസ്‌ലാമിനെ അവക്കൊപ്പിച്ചു വ്യാഖ്യാനിക്കുകയും മത കാര്യങ്ങളിൽ സ്വതന്ത്ര ചിന്തയും യുക്തിവാദവും സ്വീകരിക്കുകയും ആണ് ചെയ്തത്. ബൈബിളിനെയും ഖുർആനെയും തുല്ല്യനിലയിൽ കണ്ട അദ്ദേഹം ഖുർആനെന്ന പോലെ ബൈബിളിന്റെ ഉൽപ്പത്തികഥക്കും ഒരു വ്യഖ്യാനമെഴുതി. പക്ഷേ തികഞ്ഞ സമുദായാഭിമാനിയായിരുന്നു സർ സയ്യിദ്. സർ വില്യം മ്യൂറിന്റെ ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥത്തിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടിയായി ഉറുദുവിൽ അദ്ദേഹമെഴുതിയ ലേഖന പരമ്പര പുസ്തക രൂപത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ഭൗതിക വാദ പ്രവണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും കാരണം മതഭക്തരായ മുസ്‌ലിം പണ്ഡിതന്മാരിൽ നിന്നും അദ്ദേഹം അകന്ന് പോയി. ഉലമാക്കന്മാർ അദ്ദേഹത്തിനെതിരായി മതഭ്രഷ്ട് കൽപ്പിക്കുകയും മദീനത്ത് നിന്നു പോലും അദ്ദേഹത്തിനെതിരെ ഫത്‌വകൾ സമ്പാദിച്ചു പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടാളിയായിരുന്ന നവാബ് മുഹ്സിനുൽ മുൽക്ക് പോലും അദ്ദേഹത്തെ കാഫിർ എന്നു വിളിക്കാൻ മടിച്ചിരുന്നില്ല.

1885 നവമ്പറിൽ ഹ: അഹ്മദ്[അ] സർ സയ്യിദിനെപ്പറ്റി ചില പ്രവചനങ്ങൾ ഹിന്ദുക്കളും മുസ്‌ലിംകളും അടങ്ങിയ സദസ്സിൽ കേൾപ്പിക്കുകയുണ്ടായി 1886 ഫിബ്രവരി 20 ന്നു ഹോഷിയാർപൂറിൽ വെച്ച് പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനത്തിൽ തനിക്ക് അല്ലാഹുവിൽ നിന്നും ലഭിച്ച പല അറിയിപ്പുകളുടെയും കൂട്ടത്തിൽ തന്നെ പറ്റിയും തന്റെ സ്നേഹിതന്മാരിലെ ചിലരെപറ്റിയും ചില ശത്രുക്കളെക്കുറിച്ചും മുന്നറിയിപ്പുകളും സുവാർത്താകളുമടങ്ങിയ ചില വെളിപാടുകൾ ലഭിക്കുകയുണ്ടായെന്ന് അദ്ദേഹം പ്രസ്താവിക്കുകയും അവരിൽ ചിലരുടെ പേരെടുത്ത പറയുകയും ചെയ്തിരുന്നു. നമ്മുടെ 'നജ്മുൽ ഹിന്ദ് ആയ ഫിലോസഫർ സഹോദരൻ' എന്നു വിശേഷിപ്പിച്ച് കൊണ്ട് സർ സയ്യിദിനെ കുറിച്ചുള്ള ചില പ്രവചനങ്ങളെ കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സർ സയ്യിദ് അത് ഗൗനിക്കുയോ ഹദ്റത്ത് അഹ്മദിന്റെ പ്രഖ്യാപനങ്ങളും പ്രവചനങ്ങളും ശ്രദ്ധിക്കുയോ ചെയ്തില്ല എന്ന് മാത്രമല്ല അദ്ദേഹം അതിനു നേരെ അഹങ്കാര പ്രമത്തമായ പുച്ഛ ഭാവം പ്രകടിപ്പിക്കുക പോലും ചെയ്തിരുന്നു. 1889 ൽ ഹ: അഹ്മദ്[അ] അലീഗഡ് സന്ദർശിച്ച അവസരത്തിൽ ശത്രുക്കളോടൊപ്പം ചേർന്ന് കൊണ്ട് ഹദ്റത്ത് അഹ്മദി[അ]നെ പരിഹസിക്കാനും അപമാനിക്കാനും അദ്ദേഹം മുതിരുകയുണ്ടായി.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി[അ] മസീഹ് വാദം പുറപ്പെടുവിച്ചു തുടങ്ങിയ ഘട്ടത്തിൽ സർ സയ്യിദ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ മീർ ഹസൻ സിയാൽകോട്ടിക്ക് എഴുതിയ ഒരു കത്തിൽ ഹ: അഹ്മദിന്റെ ലിഖിതങ്ങൾ ആർക്കും ഒരു പ്രയോജനവും ചെ

യ്യുകയില്ലെന്നും അവയിൽ സത്യം തീരെയില്ലെന്നും എഴുതുകയുണ്ടായി. എന്നുമാത്രമല്ല വെളിപാടിനെ അടിസ്ഥാനമാക്കി പ്രവചനങ്ങൾ പറയുക സാധ്യമല്ലെന്നും അങ്ങനെയാരെങ്കിലും പറയുന്നുവെങ്കിൽ അത് മാനസികമായ മാർഗഭ്രംശത്തിന്റെ ഫലം മാത്രമാണെന്നും അയാൾ അതിൽ ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ തികഞ്ഞ ഭ്രാന്തനാണെന്നും അതിൽ അദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കെതിരായി ആദർശങ്ങൾ വെച്ചു പുലർത്തിപ്പോരുകയും തന്നെ പറ്റി ഏതാദൃശ ദുരഭിപ്രായങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത സർ സയ്യിദിന്റെ നേരെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) യാതൊരു വിദ്വേഷവും കാണിച്ചില്ല. മറിച്ച് അദ്ദേഹത്തിന്റെ മതാഭിമാനത്തെയും സാമുദായികാഭിമാനത്തെയും അഭിനന്ദിക്കുകയാണ് ചെയ്തത്. എങ്കിലും പ്രകൃതി വാദിയായ സർ സയ്യിദിന്റെ വിശ്വാസാഭിപ്രായങ്ങൾ ഹദ്റത്ത് അഹ്മദി(അ)നെ അത്യധികം വേദനിപ്പിച്ചിരുന്നു.

വഹ്‌യ് (ദിവ്യ വെളിപാടുകൾ ) മുഅ്ജിസത്ത (ദിവ്യാദ്ഭുതങ്ങൾ) പ്രവചനങ്ങൾ എന്നിവയെക്കുറിച്ചും പ്രാർഥനയുടെ സ്വീകാര്യതയെ പറ്റിയും സർ സയ്യിദ് പ്രചരിപ്പിച്ച വിശ്വാസങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കും ഖുർആന്റെ വ്യക്തമായ പാഠങ്ങൾക്കും എതിരാണെന്ന് ഹദ്റത്ത് അഹ്മദ്(അ) കണ്ടു. സർ സയ്യിദിനെ പോലെയുള്ള ഒരു പ്രഗത്ഭ പണ്ഡിതൻ തന്റെ പ്രസ്തുത വിശ്വാസങ്ങൾ അനേകരെ വഴിപിഴപ്പിക്കാൻ പോന്നതാണെന്നും മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തെ അത്തരം തെറ്റായ വിശ്വാസത്തിൽ നിന്നും രക്ഷപ്പെടുത്താൻ തുനിഞ്ഞു. സർ സയ്യിദിനെ അഭിസംബോധനം ചെയ്ത് കൊണ്ട് അദ്ദേഹം ഒരു ദീർഘമായ കത്ത് ആയിനെ കമാലാത്തെ ഇസ്‌ലാമിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സഹോദര നിർവ്വിശേഷമായ സ്നേഹത്തോടും അനുഭവസമ്പന്നമായ ആത്മാർഥതയോടും കൂടി അദ്ദേഹം എഴുതിയ ആ സന്ദേശം പ്രകൃതിവാദത്തിന്റെ അഗാധ ഗർത്തങ്ങളിൽ പതിച്ച സർ സയ്യിദിന് നീട്ടി കൊടുത്ത ഒരു രക്ഷാ പാശമായിരുന്നു.



ഖുർആൻ വ്യാഖാനമെഴുതാൻ തുനിഞ്ഞ സർ സയ്യിദ് ഖുർആനെ സമൂലം തള്ളികളഞ്ഞിട്ടില്ല എന്നതിൽ ഞാൻ സ്ന്തുഷ്ടനാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങള ഖുർആന്റെ ആധികാരിക വീക്ഷണങ്ങൾക്ക് കടക വിരുദ്ധങ്ങളായിരിക്കുന്നതിൽ തികച്ചും അസ്വസ്ഥനാണെന്ന് പറഞ്ഞു കൊണ്ടാണ് ഈ ലേഖനം ആരംഭിക്കുന്നത്. സർ സയ്യിദിന്റെ ഓരോ വാക്കിലും യൂറോപ്യൻ തത്വചിന്തയോടുള്ള അത്യാദരങ്ങളും ഭയഭക്തിയുമാണ് പ്രകടമാകുന്നതെന്ന് ഹദ്റത്ത് അഹ്മദ്(അ) സോദാഹരണം ചൂണ്ടിക്കാട്ടി. അദ്ദേഹം ഇപ്രകാരം തുടർന്നു.

താങ്കളെ പോലെ ഇസ്‌ലാമിനോട് സ്നേഹമുണ്ടെന്ന് പറയുകയും ഖുർആന് ഒരു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായിത്തീരുകയും ചെയ്ത ഒരാളിൽ നിന്നും ഖുർആൻ പാഠങ്ങൾക്ക് പ്രത്യക്ഷവിരുദ്ധമായ വാക്കുകൾ കേൾക്കേണ്ടിവന്നതിൽ ഞാൻ അതീവ ദുഖിതനാണ്. അബദ്ധങ്ങളായ ആശയങ്ങൾ പ്രകാശിപ്പിക്കുകയും ദിവ്യവെളിപാടുകൾ ലഭിച്ചിട്ടുള്ളതായി അവകാശപ്പെടുന്നവരിൽ ഭ്രാന്ത് ആരോപിക്കുകയും ചെയ്യുന്നതിനു പകരം ഒരു സത്യാന്വേഷിയെന്ന നിലയിൽ തന്റെ വാദങ്ങൾക്കാധാരമായ തെളിവുകളും യുക്തിന്യായങ്ങളും എന്നിൽ നിന്ന് ആവശ്യപ്പെടുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്....എന്റെ വാദങ്ങൾ സാധാരണ നിലയിലുള്ളതല്ല. അതിനെക്കുറിച്ച് സംസാരിക്കുകയും ചർച്ചചെയ്യുകയുംചെയ്യുന്നവർദശലക്ഷക്കണക്കിനില്ലെങ്കിലും പതിനായിരക്കണക്കിലുണ്ട്. ഹേ, എന്റെ പ്രിയപ്പെട്ട സർ സയ്യിദ് താങ്കളെ ദൈവത്തിലേക്ക് വിളിക്കുന്ന വ്യക്തിയെ നിരാകരിക്കുകയും നിസ്സാര

നാക്കി തള്ളുകയും അയാളുടെ വാദങ്ങളെ പരീക്ഷിച്ചു നോക്കാതെ അവക്കെതിരായി ശബ്ദമുയർത്തുന്നതും ആത്മീയനാശത്തിലേക്കുള്ള വഴിയാകുന്നു..... ദിവ്യ ഗ്രന്ഥങ്ങളെ പറ്റിയുള്ള താങ്കളുടെ വിശ്വാസങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളത് തന്നെയെങ്കിൽ ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ അതായത് അവ ദൈവത്തിന്റെ യഥാർഥ വചനങ്ങളല്ല എന്നുള്ളല്ലെന്നും ദിവ്യവെളിപാടുകൾ എന്നത് പ്രവാചകന്മാർക്കുള്ള ആത്മനിഷ്ഠമായ ഒരു നൈസർഗിക സിദ്ധിയാണെന്നും വരുകിൽ, എന്ന് വെച്ചാൽ ജ്ഞാനവും സത്യവും നിറഞ്ഞ വചനങ്ങൾ പുറപ്പെടുവിക്കാൻ സാധ്യമായ പ്രത്യേക സിദ്ധിയോടുകൂടിയ ആൾ മാത്രമാണ് പ്രവാചകന്മാരെന്നാണ് താങ്കളുടെ പക്ഷമെങ്കിൽ. താങ്കളെ പിന്തുടരുന്ന് മൂലം നിത്യനാശത്തിലകപ്പെട്ടേക്കാവുന്നവരെ രക്ഷപ്പെടുത്തുന്നതിനായിട്ടു താങ്കളെ പരസ്യമായി ഒരു ആത്മീയ സമരത്തിന്നു ആഹ്വാനം ചെയ്യേണ്ടത് എന്റെ ധർമമായിരിക്കുന്നതാണ്. സത്യഹൃദയത്തോടെ താങ്കൾ എന്റെ നേരെ തിരിയുകയാണെങ്കിൽ താങ്കൾക്ക് സംതൃപ്തിയേകുന്നതിന് എന്നെ സഹായിക്കാൻ ഞാൻ ദൈവത്തോട് പ്രാർഥിക്കുകയാണ്. ദൈവം എന്റെ പ്രാർഥന കേൾക്കുമെന്നും താങ്കളെയും താങ്കളെപോലെ മറ്റു പലരേയും സംശയങ്ങളുടെയും സന്ദേഹവാദത്തിന്റെയും ചുഴിയിലേക്കെടുത്തെറിഞ്ഞ പിഴവിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിനും താങ്കളെ ഞാൻ സഹായിക്കുമെന്നും എനിക്ക് ദൃഢമായ വിശ്വാസമുണ്ട്. തങ്കൾ താങ്കളുടെ സ്ഥാനമാനങ്ങളെ കുറിച്ചുള്ള പരിചിന്തകളെല്ലാം മാറ്റിവെച്ച് ഏതാനും ആഴ്ച്ചകൾ എന്നോടൊപ്പം വസിക്കുകയാണെങ്കിൽ മാനുഷികമായ ഗ്രാഹ്യശക്തിക്കതീതമെന്നു താങ്കളിന്ന് കരുതുന്ന പല സംഗതികളും യുക്തിയുക്തങ്ങളും സാധ്യതയിലുൾപ്പെടുന്നതും തന്നെയെന്നു എളുപ്പത്തിൽ ഗ്രഹിച്ചു തുടങ്ങുന്നതാണ്. സയൻസിന്റെയും ഫിലോസഫിയുടെയും ഉന്നത ശിഖരങ്ങളെ താങ്കൾ പ്രാപിച്ചിട്ടുണ്ടെന്നിരിക്കിലും അതിന്റെ ചൈതന്യത്താൽ പ്രഭാപൂരിതനായിട്ടുണ്ടെന്ന് വന്നാലും ആ പ്രഭാപുരം സ്വർഗീയ പ്രകാശത്തിനെതിരിൽ നിസ്സാരമാകുന്നു.

മതവും ശാസ്ത്രവും തമ്മിൽ ഇന്ന് നടക്കുന്ന സമരവും ശാസ്ത്രം മതത്തിന്നെതിരിൽ നടത്തിക്കെണ്ടിരിക്കുന്ന ആക്രമണങ്ങളും നമ്മെ ഭഗനാശയരാക്കികൂടാ. ഈ സമരത്തിൽ ഇസ്‌ലാം പരാജിതനും അശക്തനുമായ ഒരു പ്രതിയോഗിയെ പോലെ സന്ധിചെയ്യാൻ ബദ്ധപ്പെടുകയില്ല. അത് വിജയശ്രീലാളിതനായിട്ടു തന്നെ പുറത്തേക്ക് വരും. ഇസ്‌ലാമിന്റെ ഭൗതികമായ ഖണ്ഡ പ്രഭാവം ലോകം കണ്ടിട്ടുള്ളത് പോലെ അതിന്റെ അധ്യാത്മിക ഖണ്ഡത്തിന്റെ ശക്തി വിലാസവും ലോകം കാണുമാറാകുന്ന സമയം ഇത് തന്നെയാണ്. ഈ പ്രവചനം നല്ലത്പോലെ ഓർമിച്ചു കൊള്ളുവിൻ! ഈ സമരത്തിൽ ഇസ്‌ലാം വിജയിക്കുക തന്നെ ചെയ്യും അതിന്റെ ശത്രു എത്ര കടുത്ത ആക്രമണം നടത്തിയാലും ചതഞ്ഞരഞ്ഞു പോകാതിരിക്കില്ല........

ഞാൻ ഈ കത്ത് ദീർഘിപ്പിക്കാനാഗ്രഹിക്കുന്നില്ല. അസന്നിഗ്ദമായ വാക്കുകളിൽ ഞാനിതാ അറിയിച്ചു കൊള്ളുന്നു. ഇക്കാലത്ത് ഉടലെടുത്തിട്ടുള്ള സംശയങ്ങളെയും തെറ്റായ സങ്കൽപ്പങ്ങളെയും ദുരീകരിക്കുന്നതിനായിട്ടും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും എന്റെ സമുദായ സഹോദരങ്ങളെ രക്ഷിക്കുന്നതിനായിട്ടും ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നവനത്രെ ഞാൻ ഒരു സത്യാന്വേഷിയെന്ന നിലയിൽ താങ്കൾ എന്നെ സമീപിക്കുന്ന പക്ഷം താങ്കൾക്ക് പരിപൂർണ സംതൃപ്തിയേകുന്നതിനുള്ള ശക്തി ദൈവം എനിക്ക് നല്കിയിരിക്കുന്നു. അതിനാൽ ഞാൻ ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ടു പറയട്ടെ. താങ്കളുടെ സംശയങ്ങളെ ദുരീകരിച്ചു തരുന്നതിന്നായിട്ട് ഞാൻ താങ്കളെ ക്ഷണിച്ചു കൊള്ളുന്നു. താങ്കൾ ഈ ക്ഷണം ചെവിക്കൊള്ളാതിരിക്കുന്ന പക്ഷം ഞാൻ എന്റെ കടമ താങ്കളെ സംബന്ധിച്ചിടത്തോളം നിർവഹിച്ചു കഴിഞ്ഞെന്നു സമാശ്വസിക്കും. എന്നാൽ താങ്കളുടെ അനുയായികളുടെയെല്ലാം കുറ്റങ്ങൾക്ക് താങ്കൾ തന്നെയായിരിക്കും ഉത്തരവാദിത്വം വഹിക്കേണ്ടി വരുക. എന്റെ പ്രിയപ്പെട്ട സർ സയ്യിദ് എന്റെ ഈ സന്ദേശത്തെ ലാഘവ ബുദ്ധിയോടെ കയ്യാളല്ലാ! വേണ്ടുവോളം അർഹിക്കും വിധം തന്നെ ആലോചിച്ച് ഇതിനു മറുപടി നല്കിയാലും

ഈ സന്ദേശം ഹ: അഹ്മദ്[അ] തന്റെ സുപ്രസിദ്ധമായ ആയിനെ കമാലാത്തെ ഇസ്‌ലാം എന്ന കൃതിയിൽ പ്രസിദ്ധീകരിച്ചുവെങ്കിലും സർ സയ്യിദ് തികഞ്ഞ മൗനം അവലംബിച്ചതേയുള്ളു.

സർ സയ്യിദ് തന്റെ മേൽപ്പറഞ്ഞ വീക്ഷങ്ങണങ്ങൾക്കൊള്ളു രണ്ടു പുസ്തകങ്ങൾ പുറത്തിറക്കിയിരിക്കുന്നു. 'അദ്ദുആ വൽ ഇസ്തിജാബത്ത്' 'തഹ്‌രീർ ഫീ ഉസൂലി ത്തഫ്‌സീർ' എന്നിവയായിരുന്നു ആ രണ്ടു പുസ്തകങ്ങൾ. പ്രാർഥന ഒരു ആരാധന മാത്രമാണെന്നും അത് ഒരു ആരാധന എന്ന നിലയിൽ ദൈവം സ്വീകരിക്കുന്നതാണെന്നും പ്രാർഥനക്ക് ഫലമുണ്ടെന്നോ പ്രാർഥനക്കനുസരിച്ച് കാര്യം സാധിക്കുമെന്നോ കരുതുന്നത് ശരിയല്ലെന്നുമാണ് അതിലദ്ദേഹം സമർഥിച്ചത്. എല്ലാ കാര്യങ്ങളും വിധിനിർണിതങ്ങളാണ് ദൈവം പ്രകൃതി നിയമങ്ങളിലിടപെടുന്നില്ല. ഒരു കാര്യം സംഭവിക്കുമെന്ന് ദൈവം നിർണയിച്ചിട്ടുണ്ടെങ്കിൽ അതിനായിട്ടു പ്രാർഥിക്കേണ്ടതില്ല. ഒരു കാര്യം സംഭവിക്കുമെന്നാണ് നിർണയിച്ചതെങ്കിൽ പ്രാർ

ഥിച്ചത് കൊണ്ട് ഒരു ഫലവുമില്ല. എന്നിരിക്കിലും കാര്യ സാധ്യാർത്ഥം അത്യുൽക്കടമായ അഭിവാഞ്ച പ്രകടിപ്പിക്കുകയും സഹായിക്കപ്പെടുന്നതി ന് ആഗ്രഹിക്കുകയും ചെയ്ക മനുഷ്യ പ്രകൃതിയിലുൾപ്പെടുന്നതായാൽ അതിനായിട്ടു ദൈവത്തിന്റെ നേർക്ക് മാത്രം തിരിയുമ്പോൾ ഒരു ആരാധനയെന്ന നിലയിൽ ദൈവം അത് സ്വീകരിക്കുന്നതായിരിക്കും. ഇതാണ് സർ സയ്യിദിന്റെ അഭിപ്രായം

സർ സയ്യിദിന്റെ ഈ ആശയങ്ങൾ ഇസ്‌ലാമികമല്ലെന്ന് മാത്രമല്ല. ഖുർആനെ ശക്തയുക്തം ഖണ്ഡിക്കുന്നതും പ്രവാചക ചര്യകൾക്ക് വിരുദ്ധമായിട്ടുള്ളതാണെന്നതു വ്യക്തമാണ്. ഹദ്റത്ത് അഹ്മദ്(അ) ആകട്ടെ തന്റെ ഏറ്റവും വലിയ ആത്മീയ ആയുധമായി പരിഗണിച്ചിരുന്നതു തന്നെ പ്രാർഥനയായിരുന്നു അതിനാൽ ഈ അബദ്ധ തത്വങ്ങളെ ഖണ്ഡിക്കേണ്ടത് തന്റെ അനുപേക്ഷ്യ ധർമമായി അദ്ദേഹം കരുതുകയും 'ബറക്കാത്തുദുആ' എന്ന പേരിൽ പ്രാർഥനയുടെ തത്വരഹസ്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പുസ്തകം രചിക്കുകയും ചെയ്തു.

പ്രാർഥനയുടെ തത്ത്വ രഹസ്യങ്ങളെ സംബന്ധിച്ച അറിവും പ്രാർഥനയുടെ അത്യുൽകൃഷ്ടമായ അനുഭവജ്ഞാനവും സർ സയ്യിദിനില്ലെന്ന് പറഞ്ഞ ശേഷം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സമൂലം ഖണ്ഡിച്ചു കൊണ്ട് ഹ: അഹ്മദ് ഇപ്രകാരം പറഞ്ഞു, ഇത്തരം അബദ്ധ വിശ്വാസങ്ങളെ ഉടക്കുവാനയിട്ടാണ് ഞാൻ ദൈവത്തിൽ നിന്നും നിയോഗിക്കപ്പെട്ടിട്ടുള്ളത്. അത്കൊണ്ട് എന്റെ ചില പ്രാർഥനകൾ മുൻ കൂട്ടി സയ്യിദ് സാഹിബിനെ അറിയിച്ചു കൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല ഞാനവ പ്രസിദ്ധം ചെയ്യുകയും ചെയ്യാം. എന്നാൽ എന്റെ വാദം സ്ഥാപിക്കപ്പെടുന്ന പക്ഷം സയ്യിദ് സാഹിബ് തന്റെ ഈ തെറ്റായ ചിന്താഗതിയെ വിട്ടൊഴ് യേണ്ടതാകുന്നു.....

സയ്യിദ് സാഹിബിന് എന്റെ അടുക്കൽ വരാൻ കഴിയുകയില്ലെങ്കിൽ, സത്യം വെളിപ്പെട്ടാൽ സ്വീകരിക്കാമെന്നുള്ള വാഗ്ദത്തത്തോടുകൂടി തന്നെപ്പറ്റി ദൈവ സന്നിധിയിൽ പ്രാർഥന നടത്തിയ ശേഷം എനിക്ക് വെളിപ്പെടുന്ന സംഗതികൾ പ്രസിദ്ധപ്പെടുത്തികൊള്ളാൻ എന്നെ അനുവദിക്കേണ്ടതാണ് അത് വഴി പൊതു ജനങ്ങൾക്ക് പ്രയോജനമുണ്ടാകുമല്ലോ. സയ്യിദ് സാഹിബിന്റെ അഭിപ്രായമാണ് ശരിയെങ്കിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊരു വിജയവും ലഭിക്കുന്നതല്ല. അല്ലെങ്കിലോ ബുദ്ധിയുള്ളവർ സയ്യിദ് സാഹിബിന്റെ ഈ തെറ്റായ വിശ്വാസങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചു ദൈവ മാർഗത്തിലേക്ക് തിരിയുമാറാകും. വിശ്വാസങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചു ദൈവമാർഗത്തിലേക്ക് തിരിയുമാറാകും (ബറക്കാത്തുദുആ)

ഇത്രയും പ്രസ്താവിച്ച ശേഷം ഒടുവിലായി ചേർത്ത പാർസി കവിതയിൽ ഹ: അഹ്മദ് സർ സയ്യിദിനെ സംബോധനം ചെയ്തു കൊണ്ട് ഇപ്രകാരം എഴുതി:

'പ്രാർത്ഥനക്ക് വല്ല ഫലവുമുണ്ടെങ്കിൽ അതെവിടെ എന്ന് ചോദിക്കുന്ന ഹേ മനുഷ്യാ, ത്സടുതിയിൽ എന്റെയടുത്തേക്ക് വരുക. ഞാൻ ഉച്ചസുര്യനെ പോലെ പ്രാർഥനയുടെ ഫലം കാണിച്ചു തരാം ഭദ്രം! ദൈവത്തിന്റെ ശക്തി രഹസ്യങ്ങളെ നിഷേധിക്കല്ലാ. വാക്കുകൾ മതിയാക്കു. സ്വീകൃതമായി തീർന്ന എന്റെ പ്രാർഥനയുടെ പുലർച്ച നോക്കി പാർക്കു.

ഇവിടെ സ്വീകരിക്കപ്പെട്ട പ്രാർഥനയെന്ന് പറഞ്ഞത് ലേഖ്റാമിന്റെ മരണത്തെ ക്കുറിച്ചുള്ള പ്രവചനത്തെ ഉദ്ദേശിച്ചൊണെന്നു ഹദ്റത്ത് അഹ്മദ്(അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്.. ആറു കൊല്ലത്തിന്നുള്ളിൽ പണ്ഡിറ്റ് ലേഖ്റാം മരണമടയുന്നയതാണെന്ന് തനിക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഇതിനു പുറമെ പ്രസ്തുത കൃതിയുടെ ഒടുവിലത്തെ പേജിൽ അതെഴുതി തീർന്ന ദിവസം അദ്ദേഹം കണ്ട ഒരു ദിവ്യദർശനം വിവരിച്ചിട്ടുണ്ട്. അത് ലേഖ്റാമിന്റെ ദാരുണമായ അന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളടങ്ങിയതായിരുന്നു.

സർ സയ്യിദിന്റെ സിദ്ധാന്തങ്ങളെ ഹ:അഹ്മദ്(അ) ശക്തിയുക്തം വിമർശിക്കുകയും അദ്ദേഹത്തെ ആത്മീയ പരീക്ഷണത്തിനു ക്ഷണിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം തികഞ്ഞ മൗനമവലംബിക്കുകയാണ് ചെയ്തത്. ഹദ്റത്ത് അഹ്മദി(അ)നെതിരായി അദ്ദേഹം പിന്നീടൊരക്ഷരം ഉരിയാടിയിട്ടില്ല. എന്നല്ല ഭയഭക്തിയോടുകൂടി മാത്രമേ ആ മഹാത്മാവിനെക്കുറിച്ച് പിന്നീട് സ്മരിക്കുകയുണ്ടായിട്ടുള്ളൂ. അക്കാരണത്താൽ തന്നെ ഹദ്റത്ത് അഹ്മദ്(അ) സർ സയ്യിദിനെ ഒരു മിത്രമായി കണക്കാക്കപ്പെട്ടു. ഹദ്റത്ത് അഹ്മദി(അ)നെ ആക്ഷേപിച്ചു കൊണ്ട് ഒരാൾ ഒരിക്കൽ സർ സയ്യിദിന്ന് നീണ്ടൊരു കത്തെഴുതിയപ്പോൾ അദ്ദേഹത്തെ എതിർക്കുന്നവൻ ബുദ്ധി കെട്ടവനാണ് എന്ന് സർ സയ്യിദ് പ്രസ്താവിച്ചതാവിച്ചതായും, ഹദ്റത്ത അഹ്മദിന്റെ ഒരു പുസ്തകത്തിന് ഖണ്ഡനമെഴുതാന തുനിഞ്ഞ മറ്റൊരാളെ അദ്ദേഹം വിലക്കിയതായും മൗലാനാ ഹാലി പ്രസ്താവിച്ചിട്ടുണ്ട്. (ഹയാത്തെ ജാവീദ്, ഖ, 2 ഭാ 437)

തന്നെ എതിർക്കുവാനും നിഷേധിക്കുവാനും ബദ്ധപ്പെടുന്നതിന്ന് പകരം ഇസ്‌ലാമിന്നന്ന് വേണ്ടിയുള്ള തന്റെ രക്ഷാവേലയെ അലോരസപ്പെടുത്താതെ തന്റെ അന്ത്യം നോക്കി പാർക്കുകയെന്ന സമീ

ശേഷം പേജ് 39 ൽ

# ആരാധനയുടെ അന്തസ്സാരം

ആരാധനയിലൂടെയാണ് മാനുഷത പൂർണമാവുന്നത്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ആരാധനയിലൂടെ ദൈവത്തെ പ്രാപിക്കുക എന്നാണ്.

മഹ്മൂദ് കൽക്കുളം

മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം അർഥപൂർണമാകുന്നത് ആരാധയിലൂടെയാണ്. അഥവാ ആരാധനയാണ് സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നത്. 'നിങ്ങൾ എന്നോട് പ്രാർഥിക്കുവീൻ ഞാൻ നിങ്ങൾക്കുത്തരം നൽകുന്നതാണ്'(40:61) എന്നാൽ പ്രാർത്ഥിക്കാത്തവരെ ദൈവം ഒരു വിലയും കൽപ്പിക്കുന്നതല്ലെന്നും (25:78) ഉള്ള ഖുർആനിക പരാമർശങ്ങൾ ആരാധനയുടെ മഹത്വത്തെ വിളംബരപ്പെടുത്തുന്നു. മുഴുലോകത്തിന്റെയും സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ സവിധത്തിൽ സ്വീകാര്യത ലഭിക്കുകയും അവൻ വിലമതിക്കുകയും ചെയ്യുന്നു എന്നത് ആരാധനയുടെ സമുൽകൃഷ്ടമായ ഫലസിദ്ധിയാകുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക അവന്ന് വിധേയത്വം കാണിക്കുക. സമർപ്പണം ചെയ്യുക അവനോട് യാചിക്കുക എന്നതാണ് ആരാധനയുടെ കാതൽ. സമ്പൂർണവും അന്യൂനവുമായ ദൈവിക ഗുണങ്ങൾക്കനുരോധകമായി പ്രവർത്തിക്കുകയും അവ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്നത് ഇബാദത്തിന്റെ വിവക്ഷയിൽപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: 'അല്ലാഹുവിന്റെ വർണം സ്വായത്തമാക്കുവിൻ വർണത്തിൽ അല്ലാഹുവിനെക്കാൾ ഉത്തമൻ മറ്റാരുണ്ട് ഞങ്ങൾ അവനെ മാത്രം ആരാധിക്കുന്നവരാകുന്നു.'(2:139)

വർണം, പ്രകൃതി മതം, ദൈവത്തിന്റെ അധ്യാപനങ്ങൾ എന്നീ അർത്ഥങ്ങളിൽ മൊഴി മാറ്റം ചെയ്യപ്പെടുന്ന അറബി വാക്ക് 'സിബ്ഗത്ത്' എന്നതാണ് അല്ലാഹുവിന്റെ നിറം സ്വായത്തമാക്കുക എന്ന് പറഞ്ഞാൽ അവന്റെ സവിശേഷ ഗുണങ്ങളെ സ്വാംശീകരിക്കുക എന്നാണർത്ഥം.

### ആരാധന നൈസർഗികമായ പ്രേരകശക്തി

ഭൂമിയിൽ പിറന്നു വീഴുന്ന ശിശുവിന്റെ കരച്ചിലിനും മാതാവിന്റെ കുജത്തിൽ നിന്നും ക്ഷീരം നിർഗമിക്കുന്നതിന്നും തമ്മിൽ അദൃശ്യവും അഭേദ്യവുമായ ഒരു ബന്ധമുണ്ട്. ശിശുവിന്റെ രോദനം കേൾക്കുമ്പോഴേക്കും മാതാവ് സഹായത്തിനായി പാഞ്ഞെത്തുന്നു. അനന്തരം മാതൃസ്തനത്തിൽ ചുരത്തപ്പെടുന്ന ക്ഷീരം ശിശുവിന് ആശ്വാസമായി മാറുകയാണ് ചെയ്യുന്നത്. ഇതേ പ്രകാരം വേദന നിറഞ്ഞ പ്രാർഥനയിലൂടെ ദൈവത്തിന്റെ റഹീമിയ്യത്തിനെ ആകർഷിച്ചെടുക്കാൻ ഒരു ദാസന് സാധിക്കുന്നു അഥവാ ദാസന്റെ മനോവേദന നിറഞ്ഞതേട്ടമാണ് ദൈവത്തിന്റെ സിഫത്തെ റഹീമിയ്യത്ത്. വെളിപ്പെടുന്നതിന് നിമിത്തമായി തീരുന്നത്. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ്[(അ)] വിവരിക്കുന്നു: പ്രാർഥിക്കുകയെന്നത് അല്ലാഹുവിന്റെ പ്രകൃതി നിയമമനുസരിച്ചുള്ളതാണ്. ഉദാഹരണത്തിന് കുട്ടി കരയുകയും വിഷമം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് വളരെ അസ്വസ്ഥമായി മുലകൊടുക്കുന്നത് നാം കണ്ടുവരുന്നു. സ്രഷ്ടാവും സൃഷിടിയും തമ്മിൽ ഈ രീതിയിലുള്ള ഒരു ബന്ധമുണ്ട്. അത് മനസ്സിലാക്കാൻ എല്ലാവർക്കും സാധ്യമല്ല. മനുഷ്യൻ അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും വളരെ വിനയത്തോടും ഭയഭക്തിയോടും കൂടി അവന്റെ തിരുമുമ്പിൽ അവന്റെ അവസ്ഥ സമർപ്പിക്കുകയും അവനിൽ നിന്ന് തന്റെ ആവശ്യം തേടുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ദയാബോധം വിജൃംബിക്കുകയും ഭക്തദാസന്റെ മേൽ കരുണ ചൊരിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹാശിസ്സാകുന്ന പാൽ ഒരു കരച്ചിൽ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ മുമ്പിൽ കണ്ണുനീർ വാർക്കുന്ന നയനം സമർപ്പിക്കേണ്ടതാണ്. (മൽഫൂസാത്ത്)

### ആരാധനയുടെ അനിവാര്യത

നിസ്സാരമായ ഒരു രേതസ്കണത്തിൽ നിന്നും ജന്മമെടുത്ത് മനുഷ്യനോട് താൻ കടന്നുവന്ന അവസ്ഥയെ കുറിച്ച് പരിചിന്തനം നടത്തുവാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. ഇതു വഴി താൻ നിസ്സഹായനും ഒട്ടേറെ ആശ്രയങ്ങളിൽ കുടുങ്ങിക്കിടക്കുന്നവനും ആണെന്ന ചിന്ത നിലനിർത്തുവാൻ മനുഷ്യനു കഴിയുന്നു. എന്നാൽ മാതാവിന്റെ മടിത്തട്ടിലും ലാളനയിലും വളർന്നു വന്ന മനു

ഷ്യൻ തന്റെ പരിമിതികളെയും ദൗർബല്യങ്ങളെയും മറന്ന് നിഷേധ മാർഗം സ്വീകരിക്കാനുള്ള സാധ്യതയെ പറ്റിയും വിശുദ്ധ ഖുർആൻ ജാഗ്രതപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഖുർആൻ സൂക്തങ്ങൾ ശ്രദ്ധേയമാണ്. 'മനുഷ്യൻ അറിഞ്ഞിട്ടില്ലേ? നാം അവനെ വെറും ഒരു രേതസ്കണത്തിൽ നിന്നും സൃഷ്ടി ച്ചിരിക്കുന്നുവെന്ന്. ഇപ്പോൾ അതാ അവൻ കടുത്ത കുതർക്കിയായി തീർന്നിരിക്കുകയാണ്. നമുക്ക് അവൻ ഒരു ഉപമ എടുത്ത് കാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണവയെ ജീവിപ്പിക്കുക എന്നവൻ ചോദിക്കുന്നു. പറയുക ആദ്യഘട്ടത്തിൽ അവയെ സൃഷ്ടിച്ചവൻ തന്നെയാണ് വീണ്ടും അവയെ ജീവിപ്പിക്കുക. അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനത്രെ.'(36:78-80) 'മനുഷ്യൻ അവൻ പറയത്തക്ക ഒരു വസ്തുവായിരുന്നിട്ടില്ലാത്ത അവസ്ഥ തീർച്ചയായും വന്നു കഴിഞ്ഞിട്ടുണ്ട്. സത്യമായും നാം മനുഷ്യനെ പല ശക്തികളാൽ) മിശ്രിതമായ ഒരു രേതസ്കണത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നതിനു വേണ്ടി. അങ്ങനെ നാം അവനെ കേൾവിയും കാഴ്ചയുമുള്ളവനാക്കി തീർത്തു. നാം അവനു വഴി കാണിച്ചു കൊടുത്തു. എന്നിട്ട് അവൻ കൃതഘ്നനോ കൃതജ്ഞനോ ആയിതീർന്നു.'(76:1-4) 'മനുഷ്യൻ അനിയന്ത്രിതമായി വിടപ്പെടുമെന്ന് അവൻ വിചാരിക്കുന്നുവോ? തെറിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുമുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അവൻ ഒട്ടിപ്പിടിക്കുന്ന ഒരു രക്തപിണ്ഡമായി തീർന്നു. അങ്ങനെ അല്ലാഹു അതിനെ രൂപപ്പെടുത്തി പരിപൂർണമാക്കി. എന്നിട്ട് അവൻ (അല്ലാഹു) അതിൽ നിന്നും ആണ് പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ളവൻ മരിച്ചവനെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?' (75: 37-41) 'ഒരു ലക്ഷ്യവും കൂടാതെയാണ് നാം നിങ്ങളെ സൃഷ്ടിച്ചതെന്നും നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടക്കി കൊണ്ടുവരികയില്ലെന്നും ധരിച്ചുവച്ചിരിക്കുന്നുവോ? എന്നാൽ യഥാർഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു. അവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആദരണീയമായ സിംഹാസനത്തിന്റെ നാഥനുമാണവൻ.' (23:116,117) 'സർവാധിനാഥനായ സൃഷ്ടി കർത്താവുമായി സദാ തങ്ങളെ ബന്ധിപ്പിച്ചു നിർത്തേണ്ടതിന്റെ ആവശ്യകതയെ പറ്റി മേൽസൂക്തങ്ങൾ മനുഷ്യരെ ജാഗ്രതപ്പെടുത്തുന്നു. ഭയാനകമായ സന്നിഗ്ദ ഘട്ടങ്ങൾ നേരിടുമ്പോൾ നിഷേധികൾക്ക് പോലും ഈ യാഥാർഥ്യം ബോധ്യപ്പെടുന്നതാണെന്നും വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നു. അവനത്രെ നിങ്ങളെ കരയിലും കടലിലിലും സഞ്ചരിപ്പിക്കുന്നവൻ നിങ്ങൾ കപ്പലുകളിലായിരിക്കുകയും ആ കപ്പലുകൾ അവരെയും കൊണ്ട് നല്ല കാറ്റോടുകൂടി സഞ്ചരിക്കുകയും അവർ അതിൽ സന്തുഷ്ടരാവുകയും ചെയ്യുമ്പോൾ ആ കപ്പലിനെ ഒരു കൊടുങ്കാറ്റു ബാധിക്കുകയും നാനാഭാഗത്തു നിന്നും തിരമാലകൾ അവർക്ക് വന്നെത്തുകയും തങ്ങൾ വലയം ചെയ്യപ്പെട്ടുപോയി എന്നവർ കരുതുകയും ചെയ്യുന്നു. അവർ (അപ്പോൾ) അല്ലാഹുവിന് മാത്രം കീഴ്വണക്കം ചെയ്തുകൊണ്ട് അവനോട് പ്രാർഥിക്കുന്നു. ഇതിൽ നിന്ന് നീ ഞങ്ങളെ രക്ഷപ്പെടുത്തുന്നതായാൽ ഞങ്ങൾ തീർച്ചയായും നന്ദിയുള്ളവരിൽ പെട്ടവരായിരിക്കും. (എന്നവർ പറയും)' (വിശുദ്ധ ഖുർആൻ 10:23)

ചുരുക്കത്തിൽ ഒട്ടേറെ ദൗർബല്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. മനുഷ്യപ്രകൃതി തന്നെ അദൃശ്യമായ രൂപത്തിൽ തന്റെ സ്രഷ്ടാവിനെ തേടിക്കൊണ്ടിരിക്കുന്നു. എന്നുള്ളതാണ് വാസ്തവം. വിശ്വാസികൾ ഇത് തിരിച്ചറിയുകയും സദാസമയവും തന്റെ രക്ഷിതാവിനെ സ്മരിക്കുകയും ചെയ്യുന്നു.

### നമസ്ക്കാരം: ദൈവസ്മരണയുടെ സമ്പൂർണരൂപം

'ദൈവസ്മരണ സമ്പൂർണമായി നിലനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇസ്ലാമിൽ അഞ്ച് നേരം നമസ്കാരം നിഷ്ക്കർഷിച്ചിട്ടുള്ളത്. തീർച്ചയായും ഞാൻ തന്നെയാണ് അല്ലാഹു ഞാനല്ലാതെ മറ്റ് ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിന്ന് വേണ്ടി നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക.' (വിശുദ്ധ ഖുർആൻ 20:15)

നമസ്ക്കാരത്തിലെ ഓരോഘട്ടത്തിലും വിവിധ രൂപത്തിൽ ദൈവിക പ്രഭാവത്തെ ഓർമ്മപ്പെടുത്തുന്ന വിധത്തിലാണ് അതിന്റെ ബാഹ്യക്രമമുള്ളത്. നമസ്ക്കാരത്തിന്റെ ബാഹ്യക്രമം ആത്മാവിൽ സ്വാധീനം ചെലുത്തുന്നു. ഒരു ദാസൻ ദൈവസവിധത്തിൽ യാചിക്കുന്നതിന്റെയും വിനയം കാണിക്കുന്നതിന്റെയും നേർക്കാഴ്ച്ചയാണ് നമസ്കാരം അതിൽ നിൽക്കുകയും കുനിയുകയും കുമ്പിടുകയും ചെയ്യുന്നു. ദൈവ സമക്ഷം നിൽക്കുന്നതിന്റെ ആന്തരാർഥം അവന് വേണ്ടി എല്ലാ പരീക്ഷണങ്ങളേയും പ്രതികൂലാവസ്ഥകളെയും നേരിടാൻ സന്നദ്ധനായിരിക്കുന്നു എന്നാണ്. 'റുക്കൂഅ്' അഥവാകുനിയുന്നതിന്റെ വിവക്ഷ സകല കെട്ടുപാടുകളെയും സ്നേഹ ബന്ധങ്ങളെയും ഉപേക്ഷിച്ച് അവനിലേക്ക് കുനിയുന്നു എന്നുള്ളതാണ്. തന്റെതെല്ലാം സമർപ്പണം ചെയ്യുന്നു എന്നതിന്റെ വിളംബരമാണ് സാഷ്ടാഗ പ്രണാമം. വാഗ്ദത്ത മസീഹ്[അ] പറയുന്നു: 'എന്താണ് നമസ്ക്കാരം? തന്റെ

വിനയവും അർഥനകളും ദുർബലതകളും ദൈവ സവിധത്തിൽ അവതരിപ്പിക്കലാണ്. തന്റെ ആവശ്യങ്ങൾ അവനിൽ നിന്നും പൂർത്തിയാക്കാനുള്ള ആഗ്രഹം കാരണം ഈടക്കിടെ അവന്റെ മുന്നിൽ ബഹുമാന പുരസ്സരം നിൽക്കുന്നു. അവന്റെ പ്രതാപത്തിന് മുമ്പിൽ ആദരങ്ങളർപ്പിക്കുന്നു. അവന്റെ കൽപ്പനകൾ പൂർത്തിയാക്കുന്നു. പരിപൂർണ വിനയത്തോടും താഴ്മയോടും കൂടി തന്റെ ആവശ്യങ്ങൾക്ക് വേണ്ടി യാചിച്ചു കൊണ്ട് അവന്റെ മുന്നിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്ന ഒരു യാചകനെ പോലെ ദൈവത്തെ സ്തുതിക്കുന്നു. അവന്റെ പ്രതാപത്തെയും മഹത്വത്തെയും വാഴ്ത്തുകയും അവന്റെ കാരുണ്യവും സഹായവും തേടുകയും ചെയ്യുന്നു' (തഫ്സീർ മഹ്മൂദ്. വാല്യം 3)

### ആരാധനയുടെ ഫലസിദ്ധികൾ

നടേ പരാമർശിച്ചതു പോലെ ബലഹീനനായ മനുഷ്യന് ശക്തിയും പൂർണതയും കൈവരുന്നത് ആരാധനയിലൂടെയാണ്. ആരാധന പൂർണതയിലേക്കുള്ള പ്രയാണമാകുന്നു. സർവശക്തനും സർവ്വാന്തരാമിയും സർവ ഗുണങ്ങളുടെയും മൂർത്തി മദ്ഭാവവുമായ ദൈവത്തെ അഭയ കേന്ദ്രമാക്കുകയും തന്റെ ഗൂണഗണങ്ങളെ സ്വാംശീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നമ്പോൾ സ്വാഭാവികമായും മനുഷ്യനിലെ ബലഹീനതകളും ന്യൂനതകളും അകന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. യഥാർഥ ആരാധകനിലൂടെ ദൈവം തന്റെ ശക്തി പ്രതാപം വെളിപ്പെടുത്തുന്നു. നിരാലംബരും നിസ്സഹായരുമായിരുന്ന ദൈവദുതരുടേയും അനുചരവൃന്ദത്തിന്റേയും ജീവിതവിജയത്തിന്റെ രഹസ്യം ഇത്തന്നെയാണ്. സർവ്വ സന്നാഹങ്ങളുമായി അവർക്കെതിരെ രംഗപ്രവേശനം ചെയ്ത് ഭൗതിക ശക്തികൾ തകർന്ന് തരിപ്പണമായി. വിശുദ്ധ ഖുർആൻ



പറയുന്നു: എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ പിന്തുണയോടെ വലിയ വലിയ സംഘങ്ങളെ ജയിച്ചടക്കിയിട്ടുള്ളത്. ബദർ യുദ്ധത്തിന് മുമ്പ് നബി(സ) തിരുമേനി മനമുരുകി പ്രാർഥിച്ചത് ഇപ്രകാരമാണ്. 'എന്റെ നാഥാ! ഇന്നിപ്പോൾ ഭൂതലത്തിലാകമാനം നോക്കിയാൽ ഈ മുന്നുറു പേർ മാത്രമേ നിന്നെ ആരാധിക്കുന്നവരായും നിന്റെ ആരാധനയെ നിലനിർത്താൻ ഉറച്ചിരിക്കുന്നവരായും ഇല്ല. ഓ രക്ഷിതാവേ! ഈ മുന്നൂറു പേരും ഈ യുദ്ധത്തിൽ ശത്രുക്കളാൽ നിഗ്രഹിക്കപ്പെടുന്ന പക്ഷം നിന്റെ നാമത്തെ ഉയർത്തുന്നവരായി ഭൂമിയിൽ ആരാണ് ശേഷിച്ചിരിക്കുക?' (തബരി)

നബി(സ) അദ്ദേഹത്തോടൊപ്പമുള്ള ആ ചെറുസംഘവും ദൈവാരാധകരായിരുന്നു. ആരാധയിലൂടെ ആത്മീയ ഗിരിശൃഗംങ്ങളിലെത്തിയവരായിരുന്നു അവർ. രാവിന്റെ യാമങ്ങളിൽ നിദ്രാവിഹീനരായി ദൈവസവിധത്തിൽ ദീർഘനേരം അവർ തങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിച്ചു. തന്മൂലം സർവ്വശക്തനായി ദൈവം ആ ദുർബല വിഭാഗത്തെ സഹായിക്കുകയും തന്റെ ശക്തി പ്രകടനം അവരിലൂടെ വെളിപ്പെടുത്തുകയുമുണ്ടായി. അങ്ങനെ സജ്ജരായി വന്ന ശത്രുസംഘം അവർക്കെതിരിൽ നിഷപ്രഭരായി മാറി. അവസാനമായി വാഗ്ദത്ത മസീഹ്(അ)ന്റെ ഏതാനും വരികൾ കുറിച്ചു കൊണ്ട് ഈ ലേഖനത്തിന് വിരാമമിടുന്നു 'സർവ്വശക്തനായ ഒരു രക്ഷിതാവ് തനിക്കുണ്ടെന്നുള്ള ബോധം പോലുമില്ലാത്തവൻ എത്രമാത്രം ഭാഗ്യഹീനനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും സകല സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞും സ്വായത്തമാക്കേണ്ട സമ്പത്താണിത്. സകലവും നഷ്ടപ്പെടുത്തിയിട്ടും വിലകൊടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരെ ഈ നീരുറവയിലേക്ക് ഓടിവരുവീൻ. ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തും. നിങ്ങളെ രക്ഷപ്പെടുത്തുന്ന് ജീവസ്രോതസ്സാകുന്നു ഇത്' (കശ്തീനുഹ്).

# ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ അധ്യാപനങ്ങൾ

മനുഷ്യന് വിശ്രമിക്കാനായി ദൈവം ഒരുക്കിയ അനുഗ്രഹമാണ് ഉറക്കം.
ആരോഗ്യദായകമായ ഉറക്കം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു വിവരണം

**ഡോ. ഷാനവാസ് ഖാൻ**

പ്രവർത്തനനങ്ങൾക്കുശേഷം എല്ലാ ജീവജാലങ്ങൾക്കും വിശ്രമം ആവശ്യമാണ്. കാരണം പ്രവർത്തനങ്ങൾ ജീവകോശകലകളെ ക്ഷീണിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. വിശ്രമം എന്നാൽ അതിന്റെ പരിക്കുകളെ ഭേദമാക്കി പൂർവസ്ഥിതിയിലാക്കുക എന്നാണർഥം. നമ്മുടെ ഉറക്കത്തിനിടയിൽ തകരാറായ കോശങ്ങളെ മാറ്റി പുന:സ്ഥാപിക്കുകയും അവയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഉറക്കം അത്യാവശ്യമാണ്. സസ്യജാലങ്ങൾക്കും വിശ്രമം അത്യന്താപേക്ഷിതമാണ്. സൂര്യകാന്തിച്ചെടി ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. സൂര്യൻ ഉദിക്കുമ്പോൾ അതിന്റെ ദളങ്ങൾ വികസിക്കുകയും സൂര്യൻ അസ്തമിക്കുമ്പോൾ അത് അടയുകയും ചെയ്യുന്നു.

ഉറക്കത്തെ സംബന്ധിച്ചേടത്തോളം കർശനമായ നിയന്ത്രണങ്ങളൊന്നുമില്ല. കാരണം, ഉറക്കം മനുഷ്യന്റെ പ്രായം, ജോലി, അഭിരുചി, എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരെ അപേക്ഷിച്ച് ധാരാളം സമയം ഉറക്കം ആവശ്യമാണ്. മുതിർന്നവർക്ക് യഥാർഥ ഉറക്കത്തേക്കാൾ കൂടുതലായി വിശ്രമം മതി. അവർ അവരുടെ ശരീരം കൊണ്ട് വിശ്രമിച്ചാൽ മതി. ശരീരം കൊണ്ട് പ്രവൃത്തിയെടുക്കുന്നവരേക്കാൾ മസ്തിഷ്കം കൊണ്ട് പ്രവൃത്തിയെടുക്കുന്നവർക്ക് ഉറക്കം ആവശ്യമാണ്. അതുപോലെ ആരോഗ്യമില്ലാത്തവർക്കും രോഗികൾക്കും കൂടുതൽ നേരം ഉറക്കം ആവശ്യമാണ്. മസ്തിഷ്കം കൊണ്ട് ജോലി ചെയ്യുന്ന പ്രായപൂർത്തിയായ ആരോഗ്യമുള്ള ആളുകൾ 7 മണിക്കൂറിലധികം ഉറങ്ങണം.

ഉറക്കത്തിന് ഏറ്റവും നല്ല സമയം രാത്രിയാണെന്ന കാര്യം സ്പഷ്ടമാണ്. രാവിലെ ജോലിയും രാത്രി വിശ്രമവും പ്രകൃതിയുടെ നിയമമാണ്. രാവിലത്തെ പ്രകാശം മനുഷ്യന് ജോലി ചെയ്യാൻ പ്രകൃതി തന്നെ ഒരുക്കിയ ഒരു അനുഗ്രഹമാണ്. ഈ ശീലത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അത് അനാരോഗ്യം ക്ഷണിച്ചുവരുത്തും. രാത്രി ജോലി ചെയ്യുന്ന രാത്രികാവൽക്കാരെക്കുറിച്ചും സിനിമാതാരങ്ങളെക്കുറിച്ചുമുള്ള ആരോഗ്യസംബന്ധമായ പഠനങ്ങൾ ഇതിന് വ്യക്തമായ തെളിവ് നല്കുന്നു.

ഉറക്കം നമ്മുടെ ദഹനവ്യവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്ന ഉപാപചയ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ശരീരം പോഷകങ്ങളെ സ്വാംശീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദീർഘമേറിയ നിദ്ര ആരോഗ്യത്തെ ദുഷിപ്പിക്കുന്നു. അങ്ങനെയുള്ള ഉറക്കം നമ്മുടെ ശരീരം പുറപ്പെടുവിക്കുന്ന ദുർമ്മേദസ്സുകളേയും ദുഷിച്ച ബാഷ്പങ്ങളേയും പിന്നേയും സ്വാംശീകരിക്കുന്നു. അത് കാരണം ദീർഘനിദ്ര ഒരാൾക്ക് ഉന്മേഷം നല്കുന്നതിന് പകരം അയാൾക്ക് ക്ഷീണവും ഉറക്കച്ചടവുമായിരിക്കും സമ്മാനിക്കുക. കുറച്ചു നേരത്തെ അദ്ധ്വാനവും കുറച്ചു നേരത്തെ വിശ്രമവുമാണ് അഭികാമ്യം. ഇക്കാര്യത്തിൽ ഏറ്റവും ഉത്തമമായ മാതൃക റസൂൽ തിരുമേനി(സ)യുടേതാണ്. അവിടുന്ന് നേരത്തെത്തന്നെ ഉറങ്ങുകയും അർദ്ധരാത്രികഴിഞ്ഞ് പുലർ ച്ചെ തഹജ്ജുദ് നമസ്കാരത്തിനായി ഉണരുകയും ചെയ്യും. വീണ്ടും ഉച്ചക്ക് ഒരു ലഘുനിദ്ര പ്രാപിക്കും. വൈകിയുറങ്ങുന്നതും വൈകിയുണരുന്നതുമാണ് നല്ലതെന്ന് ചില ആളുകൾ പറയാറുണ്ട്. പക്ഷേ, ഈ ശീലം നല്ലതല്ല. ഇത് പ്രകൃതിക്ക് ചേർന്നതുമല്ല. പക്ഷികളും, മൃഗങ്ങളുമടക്കം എല്ലാ ജീവികളും നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്ന ശീലമുള്ളവരാണ്. ഒരു മുസ്‌ലിം നമസ്ക്കാരത്തിനായി നേരത്തെ ഉണരാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ ശീലം പ്രകൃതിക്ക് അനുയോജ്യവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്നുറങ്ങുന്നത് ആരോഗ്യകരമായ രീതിയല്ല. അത് നട്ടെല്ലിന്ന് സമ്മർദ്ദമുണ്ടാക്കും. സ്വപ്നസ്ഖലനമുണ്ടാക്കുകയും ചെയ്യും. അപ്രകാരം, കമഴ്ന്നു കിടന്നുറങ്ങുന്നതും ആരോഗ്യകരമായ ശീലമല്ല. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നത് ആരോഗ്യത്തിന് വളരെ ദോഷകരമാണ്. അത് ഹൃദയത്തിന് സമ്മർദ്ദമുണ്ടാക്കും. മസ്തിഷ്കത്തിലെ രക്തചംക്രമണ

ത്തെ ബാധിക്കുകയും ചെയ്യും. അതുപോലെ കമഴ്ന്നുകിടന്നറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും ഉറക്കത്തെഴുന്നേറ്റ് നടക്കുന്നതിനും (സ്വപ്നാടനം) കാരണമാവും - ശാസ്ത്രീയമായി, ഉറക്കത്തിന് ഏറ്റവും അനുയോജ്യമായ നില വലത് ഭാഗം ചരിഞ്ഞുറങ്ങുകയാണ്. ഇത് (ശാസ്ത്രീയമായി) ആധുനിക വൈദ്യശാസ്ത്രം വളരെ വ്യക്തമായി തെളിയിച്ച കാര്യമാണ്. ഇസ്‌ലാമിന്റെ ദൈവികാധ്യാപനങ്ങളുടെ മഹത്വത്തിന് ആധുനികശാസ്ത്രം സാക്ഷിനിൽക്കുകയാണ്. ഇസ്‌ലാംമത സ്ഥാപകരും മുസ്‌ലിംകളുടെ യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ അനുയായികളോട് വലത് വശം ചരിഞ്ഞ് കിടന്നുറങ്ങാനാണ് ഉപദേശിച്ചിട്ടുള്ളത്. കഴിയുന്നതും 'തല' വടക്ക് വശത്ത് വെച്ചായിരിക്കണം ഉറങ്ങേണ്ടത്. കാരണം ഭൂമിയുടെ കാന്തികരേഖകൾ വടക്ക് നിന്ന് തെക്കോട്ടാണ് ധാരയായി പോവുന്നത്. അത് വളരെ നിഗൂഢമായി നമ്മുടെ നാഡിവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കാന്തികരേഖകൾക്ക് സമാന്തരമായിട്ടായിരിക്കണം നാം കിടക്കേണ്ടത്. അതിന്റെ വിപരീതദിശയിലാകാൻ പാടില്ല.

ഉറങ്ങാൻ കിടക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം മനസ്സിൽ എന്തൊരു കാര്യം ചിന്തിച്ചുകൊണ്ടാണോ ഉറങ്ങാൻ കിടക്കുന്നത്, അത് നമ്മുടെ ഉപബോധമനസ്സിൽ ആ രാത്രി മുഴുവനും തങ്ങിനില്ക്കും. അത് അബോധാത്മകമായി നാമറിയാതെ നമ്മുടെ ചിന്തയേയും പ്രവൃത്തികളേയും സ്വാധീനിക്കുകയും ചെയ്യും. ഇതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞുകൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നത് കരഞ്ഞുകൊണ്ടായിരിക്കും എന്നതാണ്. അത് മുലകുടിച്ചുകൊണ്ടാണ് ഉറങ്ങിയതെങ്കിൽ ചുണ്ടുകൾ കൊണ്ട് മുല കുടിക്കുന്നത് പോലെയുള്ള ചലനങ്ങളുമായിട്ടായിരിക്കും ഉണരുക. അതുകൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ നല്ല ചിന്തകളോടേയും ദൈവസ്മരണയോടേയും കിടന്നുറങ്ങണം.

റസൂൽ തിരുമേനി(സ) ഉറങ്ങുന്നതിന് മുമ്പ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ പാരായണം ചെയ്യാൻ നമ്മോട് ഉപദേശിച്ചിട്ടുണ്ട്. അതായത് 'ആയത്തുൽ കുർസി' യും ഖുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകളുമാണ് ഇപ്രകാരം ഓതുവാൻ കല്പിച്ചത്. ഈ ഖുർആൻ വചനങ്ങൾ മന്ത്രങ്ങൾ ചൊല്ലുന്നതുപോലെ ചൊല്ലിത്തീർക്കുകയല്ല വേണ്ടത്. ആ വചനങ്ങൾ അല്ലാഹുവിന്റെ ഏറ്റവും പരമോന്നതമായ ഗുണങ്ങളെ വാഴ്ത്തുകയാണ് ചെയ്യുന്നത്. അതിന്റെ അർഥത്തെ സംബന്ധിച്ച് നാം അഗാധമായ ഭയഭക്തിയോടെ ചിന്തിച്ചുകൊണ്ട് ഈ ദൈവികഗുണങ്ങളെപ്പറ്റിയുള്ള ആഴമേറിയ മനനങ്ങൾ നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു. തിന്മയിൽ നിന്നും എല്ലാ അശുഭകരമായ ചിന്തകളിൽ നിന്നും നമ്മെ നിർമുക്തമാക്കി ദൈവത്തിൽ ശരണം പ്രാപിക്കാൻ ഈ ഖുർആൻ വചനങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു.



ഇത്തരം ശീലങ്ങൾ നാം വളരെ ആലോചനാപൂർവ്വം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് നമ്മുടെ ധാർമിക ശക്തിയെ വമ്പിച്ചതോതിൽ ഉയർത്തുന്നതാണ്.

രാത്രിനേരത്തെ ഭക്ഷണം കഴിച്ച ഉടനെത്തന്നെ കിടന്നുറങ്ങുന്നത് നല്ല ശീലമല്ല. 'രാത്രി ഭക്ഷണം കഴിച്ചതിനുശേഷം ഒരു മൈലെങ്കിലും നടക്കുക' എന്ന ആപ്ത വാക്യം ചിന്തനീയമാണ്. ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. അതുകൊണ്ടാണ് ഇസ്‌ലാം ഇശാ നിസ്കാരം നിർബന്ധമായും പള്ളികളിൽ വെച്ച് നിർവ്വഹിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. (ഭക്ഷണം കഴിച്ചതിനുശേഷമുള്ള ഈ നടത്തം ഏറ്റവും ആരോഗ്യകരമാണ്) ഈ ഉപദേശം ശരീരത്തിനും ആത്മാവിനും ഒരുപോലെ ഗുണകരമാണ്.

തുടർച്ചയായ ഉറക്കമില്ലായ്മ മാനസിക അസ്വസ്ഥതകൾക്ക് കാരണമാകും. അതുകൊണ്ട് രാത്രിയിലെ പൂർണവിശ്രമവും ഉറക്കവും ഇതിന് അത്യാവശ്യമാണ്. ഉറക്കമില്ലായ്മ നമ്മുടെ മനസ്സിനെ പലവിധ ചിന്തകളാലും അലട്ടും. വുളു എടുത്തുകൊണ്ട് ഉറങ്ങാൻ കിടക്കുകയാണെങ്കിൽ അത് നമ്മുടെ ചിന്തകളെ നിയന്ത്രിക്കാൻ സഹായകമായിരിക്കും. അപ്രകാരം ഇളംചൂടുവെള്ളത്തിലെ കുളിയും ചൂടുള്ള എന്തെങ്കിലും പാനീയം കഴിക്കുന്നതും ഉറങ്ങാൻ സഹായകമായിരിക്കും.

ഇസ്‌ലാമിന്റെ അധ്യാപനങ്ങളെല്ലാം പ്രകൃതിപരവും വ്യക്തമായ ആരോഗ്യനിയമങ്ങൾക്കനുസൃതവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെപ്പറ്റി പഠിക്കുക എന്നത് ഏറ്റവും ആഹ്ലാദകരമായ ഒരു പ്രവൃത്തിയാണ്.

ഭാഗം - 44

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## ഖലീഫത്തുൽ മസീഹ് അവ്വൽ رضی اللہ عنہ

ആരെങ്കിലും ആരോഗ്യം എങ്ങനെ ഉണ്ടെന്നു ചോദിച്ചാൽ അല്ലാഹുവിനു ശുക്ര് ചെയ്തു കൊണ്ട് ചികിത്സിക്കുന്ന ഡോക്ടറേയും ശുശ്രൂഷിക്കുന്നവരെയും പുകഴ്ത്തുകയും അവരുടെ സഹായത്താൽ എല്ലാം നല്ലതു പോലെ നടക്കുന്നു എന്നു പറയുകയും ചെയ്യും.

ഇബ്നു വഫാ ബേപ്പൂർ

### രണ്ടു കുട്ടികളുടെ ബൈഅത്ത്

സിയാൽകോട്ട് ജില്ലാ ജമാഅത്തു സദറായിരുന്ന ജനാബ് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനു ഏതാനും മാസങ്ങൾക്കു മുമ്പ് എന്റെ മാതാവ് പതിനൊന്നു വയസ്സുണ്ടായിരുന്ന എന്നേയും പതിനാലു വയസ്സുണ്ടായിരുന്ന എന്റെ അമ്മാവന്റെ മകനേയും കൂട്ടി ഹുദൂറിന്റെ സന്നിധിയിൽ ചെന്നു. എന്നിട്ടു പറഞ്ഞു ഹുദൂർ ഞാൻ ഈ രണ്ടുകുട്ടികളേയും ബൈഅത്തു ചെയ്യിക്കാൻ കൊണ്ടുവന്നതാണ്. ഹുദൂർ പറഞ്ഞു ഇവരിപ്പോൾ ചെറിയ കുട്ടികളാണ്. ഇവരിപ്പോൾ എന്തു ബൈഅത്തു ചെയ്യാനാണ്. പിന്നീട് ഞങ്ങൾ രണ്ടു പേരേയും ഉപദേശിച്ചു കൊണ്ട് ഹുദൂർ പറഞ്ഞു നിങ്ങൾ ഒരിക്കലും മോഷ്ടിക്കരുത് കളവ് പറയരുത്. എന്നിട്ട് പറഞ്ഞു ഇതു തന്നെയാണു നിങ്ങളുടെ ബൈഅത്ത്.

### ഖുർആനോടുള്ള സ്നേഹവും ആദരവും

ഹദ്റത്ത്ഖലീഫത്തുൽ മസീഹ് അവ്വലി(റ)നു ഈ ലോകത്തുവെച്ച് ഏറ്റവും ഇഷ്ടപ്പെട്ടവസ്തു ഖുർആനും ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി ഖുർആനുമായി ബന്ധപ്പെട്ട ജോലിയുമാണ്. അതായത് ഖുർആൻ ഓതുക, ആ വചനങ്ങളിൽ അടങ്ങിയിരിക്കുന്ന ഖുർആനിക ജ്ഞാനങ്ങൾ കണ്ടെത്തുക അതു മറ്റുള്ളവരെ പഠിപ്പിക്കുക എന്നതായിരുന്നു അത്. ഖാദിയാനിൽ എത്തിയ ശേഷം അദ്ദേഹം അതുതന്നെയായിരുന്നു ചെയ്തു കൊണ്ടിരുന്നത്. ഇതിലൂടെ ആ മഹാത്മാവിനു വലിയ ആനന്ദവും മന:സ്സമാധാനവും ലഭിച്ചിരുന്നു. ശാരീരിക അസ്വാസ്ഥ്യവും അസുഖവും കൊണ്ട് ബുദ്ധിമുട്ടുമ്പോഴും മറ്റുള്ളവരെ ഖുർആൻ പഠിപ്പിച്ചും ദറസ് നൽകിയും സുഖവും രോഗ ശമനവും അദ്ദേഹം കണ്ടെത്തിയിരുന്നു.

അതോടൊപ്പം തന്നെ ആരെങ്കിലും ഖുർആന്റെ ആദരവിനും അതിന്റെ സ്ഥാനത്തിനും വിരുദ്ധമായി പ്രവർത്തിക്കുകയോ ഖുർആന്റെ മുകളിൽ മറ്റെന്തെങ്കിലും വസ്തുക്കൾ കയറ്റി വെക്കുകയൊ കത്തുകളോ മറ്റെന്തെകിലും കടലാസ്സുകളോ ഖുർആനകത്തു സൂക്ഷിക്കുന്നതോ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല അത്തരം അനാദരവുകൾ ഹുദൂറിന് അങ്ങേയറ്റം അസഹനീയമായിരുന്നു.

ഒരിക്കൽ ഒരു വിദ്യാർഥി ഖുർആനു മുകളിൽ മഷിക്കുപ്പി വെച്ചതായി ഹുദൂർ കണ്ടു. ഇതു കണ്ട് ഹുദൂറിനു തീരെ സഹിക്കാനായില്ല. കാരണം മഷിക്കുപ്പി ചെരിഞ്ഞു പോവുകയാണെങ്കിൽ മഷി മുഴുവൻ ഖുർആനു മുകളിൽവീഴും അതോടെ ഖുർആൻ ചീത്തയാകും. അതിനാൽ ഹുദൂർ അൽപം ദേഷ്യത്തോടെ ആ വിദ്യാർഥിയോടു പറഞ്ഞു; മിയാ, നിന്റെ മുഖത്തേയ്ക്കു ആരെങ്കിലും ചാണകം വാരിയെറിഞ്ഞാൽ അതു നിനയ്ക്കു എത്രമാത്രം അനിഷ്ടകരവും ദേഷ്യവും ഉണ്ടാക്കും. എന്നിട്ടു പറഞ്ഞു ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അതിനോടൊരിക്കലും അനാദരവു കാണിക്കരുത്.അതിനു മുകളിൽ ഒരു വസ്തുവും വെക്കരുത്. ഏറ്റവും മുകളിൽ ഖുർആൻ മാത്രമാണുണ്ടായിരിക്കേണ്ടത്. തുടർന്നു പറഞ്ഞു ഖുർആൻ നമ്മുടെ സേവകനല്ല. ഖുർആനെ സേവിക്കുക എന്നതാണു നമ്മുടെ കടമ.

### പണം കരസ്ഥമാക്കാനുള്ള മാർഗവും ഹാൾ നിർമാണവും

ഖാദിയാനിൽ ഖുർആൻ ദറസ് നടത്തുന്നതിനായി ഒരു സ്ഥിരം ഹാൾ ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്നു ഹുദൂർ വളരെയധികം ആഗ്രഹിച്ചിരുന്നു. ഹുദൂറിന്റെ ഈ ആഗ്രഹത്തെ കുറിച്ച് ഹദ്റത്ത് നാനാജാൻ അതായത് ഹദ്റത്ത് മീർ നാസിർ നവാ

ബ് സാഹിബ്[റ] അറിഞ്ഞപ്പോൾ ആ ചുമതല അതായത് ഹാൾ ഉണ്ടാക്കുന്ന കാര്യവും അതിനുവേണ്ടി പണം സ്വരൂപിക്കുന്ന ഉത്തരവാദിത്വവും അദ്ദേഹം സ്വയം ഏറ്റെടുത്തു. അപ്പോൾ ഹുദൂർ പറഞ്ഞു പ്രത്യേകമായി എവിടെയെങ്കിലും ഒരു ഹാൾ നിർമിക്കുന്നതിനു പകരം മസ്ജിദ് അഖ്സയിൽ തന്നെ അതിന്റെ ഒരു ഭാഗത്തു വലിയൊരു മുറി ഉണ്ടാക്കുകയാണെങ്കിൽ ആ മുറി ദറസിനുവേണ്ടിയും ഉപയോഗിക്കാം ആവശ്യം വന്നാൽ അതിൽ നമസ്ക്കരിക്കുകയും ചെയ്യാം. ഹുദൂറിന്റെ അഭിപ്രായം പരിഗണിച്ചു തന്നെ മീർ സാഹിബ് പണികൾ ആരംഭിച്ചു. അതിനു വേണ്ടി ഓരോരുത്തരുടെ സാമ്പത്തിക നിലയനുസരിച്ചു പണം പിരിക്കാനുള്ള ഒരു ലിസ്റ്റുണ്ടാക്കി പണം പിരിക്കാനും തുടങ്ങി. ഒരു ദിവസം ആ ലിസ്റ്റു ഖലീഫത്തുൽ മസീഹ് അവ്വലി[റ]നു മുന്നിൽ സമർപ്പിച്ചു കൊണ്ട് പറഞ്ഞു ഹുദൂർ ഇതു നമ്മൾ നിർമിക്കാൻ ഉദ്ദേശിക്കുന്ന ഹാളിനു വേണ്ടി ചന്ദ പിരിക്കാനുള്ളവരുടെ ലിസ്റ്റാണ്. ഹുദൂറിന്റെ ഭാഗത്തു നിന്നുള്ള ചന്ദ എത്രയാണെന്നു ഇതിൽ എഴുതിച്ചേർത്താലും.

ഇതുസംബന്ധമായി ഹദ്റത്ത് ഹാഫിസ് മുഖ്ത്താർ അഹ്മദ് സാഹിബ് ശാഹ് ജഹാൻപുരി നിവേദനം ചെയ്യുകയാണ്. ചന്ദയുടെ വാഗ്ദാനത്തിനായി ഹദ്റത്ത് മീർ സാഹിബ് ഹുദൂറിനെ സമീപിച്ചപ്പോൾ ഹുദൂർ പറഞ്ഞു മീർ സാഹിബ് ഞാൻ താങ്കൾക്കു പണമുണ്ടാക്കാനുള്ള ഒരുവിദ്യ പഠിപ്പിച്ചു തരാം. എങ്കിൽ ചന്ദ പിരിക്കാനായി താങ്കൾക്കു പുറത്തെവിടേയും പോകേണ്ടിവരില്ല. താങ്കൾ വീട്ടിലിരുന്നാൽ മതി. പണം താങ്കളെ തേടി എത്തും. താങ്കൾ പള്ളിയുണ്ടാക്കുവാനും സാധുക്കൾക്കു വീടുണ്ടാക്കി നല്കാനുമായി ഓരോരുത്തരെയായി സമീപിക്കുന്നുണ്ടല്ലോ. അതിനു വേണ്ടി ധാരാളമായി നടക്കുന്നു, കറങ്ങുന്നു. ഈ വിദ്യ പഠിച്ചാൽ അതിന്റെയൊന്നും ആവശ്യമുണ്ടാവുകയില്ല. താങ്കൾക്കു വീട്ടിലിരുന്നു തന്നെ ആവശ്യത്തിനുള്ള പണം കണ്ടെത്താം. എനിക്കു പണം ആവശ്യമുള്ളപ്പോഴൊക്കെ അല്ലാഹുവാണു എത്തിച്ചു തരുന്നത്. മീർ സാഹിബ് പറഞ്ഞു ഹുദൂർ എനിക്കു അത്തരം വിദ്യകളൊന്നും പഠിക്കേണ്ട. ഞാൻ അല്ലാഹുവിനെ മാത്രമേ ആശ്രയിക്കുകയുള്ളു. എനിക്കു അവന്റെ ആശ്രയം മാത്രം മതി. എനിക്കു മറ്റൊരു വിദ്യയും പഠിക്കേണ്ടതില്ല. മീർ സാഹിബ് അങ്ങനെ പറഞ്ഞതു കാരണം ഹുദൂർ മീർ സാഹിബിനോടു മറ്റൊന്നും പറഞ്ഞില്ല. ഹുദൂറിന്റേയും മീർ സാഹിബിന്റേയും സംസാരം കേട്ടു കൊണ്ടിരുന്നവർ,ഹുദൂർ ഒരിക്കലും ആരോടും അങ്ങനെ പറയാറില്ലെന്നും മീർ സാഹിബ് എന്തിനാണു അങ്ങനെ പറഞ്ഞത് ഹുദൂർ പറയുന്നത് ഒന്നു കേട്ടു നോക്കിക്കൂടെ എന്നു പരിഭവം പറയുകയുണ്ടായി.

ഹദ്റത്ത് ഹാഫിസ് മുഖ്ത്താർ അഹ്മദ് സാഹിബ് തുടർന്നു പറയുകയാണ്. മീർ സാഹിബിന്റെ ചന്ദയുടെ ലിസ്റ്റിൽ ഹുദൂർ തന്റെ വാഗ്ദാനമായി ഒരു സംഖ്യ എഴുതി. എന്നിട്ടു പറഞ്ഞു ഞാൻ ഈ സംഖ്യ ഇത്രാം തിയ്യതി ഇന്ന ദിവസം താങ്കൾക്കു നല്കുന്നതായിരിക്കും. ഏതാനും ദിവസങ്ങൾക്കു ശേഷം വാഗ്ദാനം ചെയ്ത സംഖ്യ തരാമെന്നു പറഞ്ഞ ദിവസം ഹുദൂർ മസ്ജിദ് മുബാറക്കിൽ ഇരിക്കുമ്പോൾ പോസ്റ്റ്മാൻ ഹുദൂറിന്റെ പേരിലുള്ള ഒരു മണി ഓഡറുമായി വന്നു. ഹദ്റത്ത് മീർ സാഹിബും കൂടെ ഉണ്ടായിരുന്നു. പോസ്റ്റുമാൻ മണി ഓഡർ ഫോം ഹുദൂറിന്റെ കയ്യിൽ കൊടുത്തു. ഹുദൂർ ഫോമിൽ ഒപ്പിട്ടു പോസ്റ്റുമാന്ന് തിരികെ കൊടുത്തു മീർ സാഹിബിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു പണം ഇദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തേയ്ക്കൂ. പോസ്റ്റ്മാൻ പണം മീർ സാഹിബിനെ ഏൽപിച്ചു. അതു ഹുദൂർ ഹാൾ നിർമിക്കാനായി വാഗ്ദാനം ചെയ്ത സംഖ്യ തന്നെ യായിരുന്നു.

## ദൈവിക സഹായവും കീമിയാഗിരിയും

ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്ലിഹ് മൗഊദ്[റ] ജൽസ സാലാനയിലെ പ്രസംഗത്തിന്നിടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി[റ]നു അല്ലാഹുവിലുള്ള ദൃഢ വിശ്വാസത്തെ കുറിച്ചു വിവരിച്ചു കൊണ്ട് പറഞ്ഞു ഹുദൂർ (ഖലീഫത്തുൽ മസീഹ് അവ്വൽ[റ]) എപ്പോഴും തന്നെ പറയുന്ന ഒരു കാര്യമുണ്ട്. തനിക്കു എപ്പോൾ എന്ത് ആവശ്യമുണ്ടായാലും അതു പണമാകട്ടെ വസ്ത്രമാകട്ടെ ഭക്ഷണമാകട്ടെ മറ്റെന്തെങ്കിലും വസ്തുവാകട്ടെ അല്ലാഹു അത് ഏതെങ്കിലും രീതിയിൽ എത്തിച്ചു തരാറുണ്ട് എന്നതാണത്. അതു ആകാശത്തു നിന്നും ഇറക്കിക്കൊടുക്കാറുണ്ട് എന്നല്ല പറഞ്ഞതിന്റെ അർഥം. പ്രകൃതിദത്തമായ രീതിയിൽ മണിയോഡറായോ പാർസലായോ മറ്റ് ആളുകൾ മുഖേനയോ ആ ആവശ്യം നിറവേറ്റിക്കൊടുക്കും. തീർച്ചയായും അല്ലാഹു തആല അതിശയകരവും അനിതര സാധാരണവുമായ നിലയിൽ ഹുദൂറിനെ സഹായിക്കാറുണ്ടായിരുന്നു. ഇത് തികച്ചും ദുആയുടെ അനുഗ്രഹമാണെന്നു തന്നെയാണു നാം മനസ്സിലാക്കുന്നത്. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു ആൽകിമി (alchemy) നന്നായി അറിയാമെന്നാണു പലരും ധരിച്ചു വെച്ചിരിക്കുന്നത്. (Alchemyയെ ഉറുദുവിൽ کیمیا ‘കീമിയാ’എന്നും അതുപയോഗിച്ചുള്ള പ്രവൃത്തി کیمیاگری ‘കീമിയാഗിരി’ എന്നുമാണു അറിയപ്പെടുന്നത്. ഇതിനെ രസതന്ത്രവിദ്യ എന്നു വേണ

മെങ്കിൽ നമുക്കു മൊഴി മാറ്റാം. വില കുറഞ്ഞതും തരം താണതുമായ ലോഹങ്ങളെ രസതന്ത്ര പ്രതിപ്രവർത്തനത്തിലൂടെ 'chemical reaction' സ്വർണമോ വെള്ളിയോ ആക്കി മാറ്റാനുള്ള വിദ്യയാണു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്? ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു ഈ വിദ്യ നല്ലവശമുള്ളതു കൊണ്ടാണു അദ്ദേഹം ഏതു പ്രതിസന്ധി ഘട്ടത്തേയും തരണം ചെയ്യുന്നതെന്നാണു അഹ്മദികളല്ലാത്തപല മൂഢരും കരുതിയിരിക്കുന്നത്. (ലേഖ.)

മുസ്‌ലിഹ് മൗഊദ്(റ) ജൽസ സാലാനയിലെ പ്രസ്തുത പ്രസംഗത്തിൽ തന്റെ ഒരനുഭവം വിവരിച്ചു കൊണ്ട് പറയുകയാണു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനു ശേഷം ഡൽഹിലുള്ള ഒരു ഹക്കീം സാഹിബ് എന്നെ കാണാൻ വന്നു. തനിക്കു ഒരു സ്വകാര്യ കൂടിക്കാഴ്ച അനുവദിക്കണമെന്നയാൾ വന്ന ഉടനെ എന്നോടപേക്ഷിച്ചു. അപ്രകാരം സൗകര്യം നല്കപ്പെട്ടപ്പോൾ മതപരമായ രീതിയിൽ സംസാരം ആരംഭിച്ചു കൊണ്ട് അയാൾ പറഞ്ഞു താങ്കളുടെ പിതാവിന് അല്ലാഹു വലിയ സ്ഥാനമാണു നൽകിയിരിക്കുന്നത്. അദ്ദേഹം അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയാണ്. അത്തരത്തിലുള്ള ഒരാളുടെ മകൻ ഒരിക്കലും തന്നെ പിശുക്കനാവുകയില്ല എന്നെനിക്കു നല്ല ഉറപ്പുണ്ട്. എനിക്കു താങ്കളുടെ ഒരു സഹായം ആവശ്യമാണ്. എന്നെ സഹായിക്കണം. അതിൽ ഒരു ലുബ്ധും കാണിക്കരുത്. അപ്പോൾ താങ്കൾക്കു എന്തു സഹായമാണു വേണ്ടതെന്നു ഞാനയാളോടു ചോദിച്ചു. അയാൾ പറഞ്ഞു ഞാൻ 'കീമിയാഗിരി'യിൽ വലിയ താല്പര്യവും അഭിരുചിയും ഉള്ള ഒരാളാണു. അതു പഠിക്കാനായി അതിന്റെ പുറകെ ഞാനെന്റെ ജീവിതം ഹോമിച്ചിട്ടാണുള്ളത്. മൗലവി സാഹിബിന് (മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്) ആ വിദ്യ നന്നായി അറിയാമെന്നു ഞാൻ കേട്ടിട്ടുണ്ട്. താങ്കൾ മൗലവി സാഹിബിനു ശേഷം രണ്ടാം ഖലീഫയായി നിയമിതനായിരിക്കുന്ന സ്ഥിതിക്കു അദ്ദേഹം തീർച്ചയായും താങ്കൾക്കു ആ വിദ്യ പഠിപ്പിച്ചു തന്നിട്ടുണ്ടാവും. ദയവു ചെയ്തു ആ വിദ്യ എനിക്കു പറഞ്ഞു തന്നാലും.

മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു മൗലവി സാഹിബ് അത്തരത്തിലുള്ള ഒരു വിദ്യയും എന്നെ പഠിപ്പിച്ചിട്ടില്ല. അയാൾ വളരെ അതിശയത്തോടെ ചോദിച്ചു അതെങ്ങനെ സംഭവിക്കാനാണ് അദ്ദേഹത്തിനുശേഷം താങ്കൾ ഖലീഫയായ സ്ഥിതിക്കു അദ്ദേഹം ആ വിദ്യ താങ്കൾക്കു പഠിപ്പിച്ചു തരാതിരിക്കുമോ? ഹുദൂർ പറയുകയാണ് ഞാൻ എത്ര പറഞ്ഞിട്ടും അയാളതു വിശ്വസിക്കാൻ തയ്യാറായില്ലെന്നു മാത്രമല്ല ഞാനതു നിഷേധിക്കുംതോറും അതെന്റെ മനസ്സിന്റെ പിശുക്കാണെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ വിശ്വാസം ദൃഢമായി കൊണ്ടുമിരുന്നു. പിന്നീടയാൾ എനിക്കു മുഖസ്തുതി പാടാനും പൊന്നാരം പറയാനും തുടങ്ങി. ശേഷം അങ്ങേയറ്റം യാചനാ സ്വരത്തിൽ പറഞ്ഞു നോക്കൂ, ഞാനെന്റെ ജീവിതം 'കീമിയാഗിരി'ക്കു വേണ്ടി തുലച്ചിട്ടാണുള്ളത്. അതുകൊണ്ട് എന്നോടു ദയ കാണിക്കണം. ഇത്രകണ്ട് മനസ്സിൽ പിശുക്കും ലുബ്ധും കൊണ്ടു നടക്കരുത്. അൽപം വിശാല ഹൃദയനായി 'കീമിയാഗിരി' യുടെ വിദ്യ എനിക്കു പറഞ്ഞു തന്നാലും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയാണ് അയാളുടെ പിടിവാശി കാരണം ഞാൻ പൊറുതിമുട്ടി. ആ അവസരത്തിൽ അല്ലാഹു പൊടുന്നനേ എന്റെ മനസ്സിൽ ഒരു കാര്യം ഇട്ടു തന്നു. ഞാൻ അയാളോടു പറഞ്ഞു നോക്കൂ എനിക്കു മൗലവി സാഹിബിൽ നിന്നു ഖലീഫയുടെ സ്ഥാനമല്ലാതെ മറ്റൊന്നും കിട്ടിയിട്ടില്ല. അദ്ദേഹത്തിനു വീടുണ്ടായിരുന്നു. അതെനിക്കു തന്നില്ല. ഉടനെ അയാൾ ചോദിച്ചു പിന്നെ അതാർക്കാണു കിട്ടിയത്. ഞാൻ പറഞ്ഞു അദ്ദേഹത്തിന്റെ മക്കൾക്ക്. വീണ്ടും ഞാൻ പറഞ്ഞു അദ്ദേഹത്തിനു അതിഗംഭീരമായ ഒരു ഗ്രന്ഥാലയമുണ്ടായിരുന്നു. അതും എനിക്കു തന്നില്ല. വീടോ ഗ്രന്ഥാലയമോ മൗലവി സാഹിബ് തരാത്ത സ്ഥിതിക്ക് 'കീമിയാഗിരി'യുടെ വിദ്യ എനിക്ക് എങ്ങനെ പറഞ്ഞു തരാനാണ്. ഞാനത്രയും പറഞ്ഞപ്പോൾ അയാൾക്കു സംഗതി ഏറെക്കുറേ ബോധ്യപ്പെട്ടതു പോലെയായി. ഞാൻ തുടർന്നു പറഞ്ഞു അദ്ദേഹം ഈ വിദ്യ ആർക്കെങ്കിലും പറഞ്ഞു കൊടുത്തിട്ടുണ്ടെങ്കിൽ ഒരു പക്ഷേ, തന്റെ മക്കൾക്കു പറഞ്ഞു കൊടുത്തിട്ടുണ്ടാകാം. അല്ലാതെ മറ്റാർക്കും ഇതു പഠിപ്പിച്ചുകൊടുക്കാൻ സാധ്യതയില്ല. അതിനാൽ താങ്കൾ അദ്ദേഹത്തിന്റെ മക്കളെ സമീപിച്ചു നോക്കൂ. അങ്ങനെ അയാൾ എന്റെ അടുക്കൽ നിന്നും എഴുന്നേറ്റു പോയി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബ് ആ സമയം ജീവിച്ചിരിപ്പുണ്ടായിരുന്നു. ഇയാൾ നേരെ അബ്ദുൽ ഹൈയ് സാഹിബിന്റെ അടുക്കലെത്തി. യാതൊരു മുഖവുരയും കൂടാതെ അദ്ദേഹത്തോടു പറയാൻ തുടങ്ങി നിങ്ങളുടെ പിതാവ് പഠിപ്പിച്ചു തന്ന 'കീമിയാഗിരി' യുടെ വിദ്യയുണ്ടല്ലോ ഞാനതിനു വേണ്ടിയാണു വന്നിരിക്കുന്നത്. അതെനിക്കു പഠിപ്പിച്ചു തന്നാലും. അബ്ദുൽ ഹൈയ് സാഹിബ് വളരെ അതിശയത്തോടെ ചോദിച്ചു ഏതു വിദ്യ എന്തു 'കീമിയഗിരി'. അയാൾ പറഞ്ഞു നിങ്ങളുടെ പിതാവ് നിങ്ങൾക്കു പഠിപ്പിച്ചു തന്ന സ്വർണവും വെള്ളിയും ഉണ്ടാക്കാനുള്ള ആ വിദ്യയുണ്ടല്ലോ അതിനെ കുറിച്ചാണു ഞാൻ സംസാരി

ക്കുന്നത്. അതെനിക്ക് പറഞ്ഞു തന്നാലും. ഇത്തരത്തിൽ അബ്ദുൽ ഹൈയ് സാഹിബിനേയും ബുദ്ധിമുട്ടിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു അത്തരത്തിലുള്ള ഒരു വിദ്യയെ കുറിച്ചു എനിക്കു അറിവുമില്ല ഞങ്ങളുടെ പിതാവു അത്തരത്തിലുള്ള ഒരു വിദ്യ പഠിപ്പിച്ചു തന്നിട്ടുമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുകയാണ് അവസാനം അബ്ദുൽ ഹൈയ് സാഹിബിൽ നിന്നും നിരാശനായി അയാൾ വീണ്ടും എന്റെയടുക്കൽ വന്നിട്ടു പറഞ്ഞു പിതാവും മക്കളും സകലരും ഒരു പോലെ മനസ്സിൽ പിശുക്കും കൊണ്ടാണു നടക്കുന്നത്. അപ്പോൾ മുസ്‌ലിഹ് മൗഊദ് പറഞ്ഞു മൗലവി സാഹിബിന്റെ മക്കൾ പിശുക്കന്മാരാണോ അല്ലയോ എന്നത് നിങ്ങൾ തീരുമാനിച്ചോളൂ. എന്റെ കാര്യം ഞാൻ പറയാം. എനിക്കു ഖലീഫ എന്ന ഓഹരി മാത്രമാണു അദ്ദേഹത്തിന്റെതായി കിട്ടിയത്. 'കീമിയാഗിരി'യുടെ വിദ്യയൊന്നും എനിക്കു അദ്ദേഹത്തിൽ നിന്നും കിട്ടിയിട്ടില്ല.കേട്ടോ?

### ദൈവിക സഹായത്തിന്റെ മറ്റു ചില സംഭവങ്ങൾ

ഇതിനു ശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ പ്രസംഗത്തിൽ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ മറ്റൊരു സംഭവംകൂടിവിവരിക്കുകയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയാണ് ഒരിക്കൽ ഒരാൾ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ പക്കൽ മുപ്പത്തി രണ്ടു രൂപ അമാനത്തു വെച്ചിട്ടുണ്ടായിരുന്നു. ഹുദൂർ സാധാരണ പോലെ ഒരത്യാവശ്യം വന്നപ്പോൾ അതെടുത്തു ചെലവഴിച്ചു. ഏതാനും ദിവസങ്ങൾക്കു ശേഷം അമാനത്തു വെച്ചയാൾ തിരിച്ചു വന്നു അതാവശ്യപ്പെട്ടു. ഇപ്പോൾ തരാമെന്നും അൽപമൊന്നു ക്ഷമിക്കണമെന്നും ഹുദൂർ അയാളോടു പറഞ്ഞു. ഒരു പത്തു മിനുട്ട് കഴിഞ്ഞു കാണും ഹുദൂറിന്റെ അടുക്കൽ ഒരു രോഗി വന്നു. അയാളെ പരിശോധിച്ചു മരുന്നു നല്കിയപ്പോൾ അയാൾ ഫീസെന്ന നിലയ്ക്കു കുറച്ചു രൂപ ഹുദൂറിനു മുന്നിൽ വച്ചു. അടുത്തു തന്നെ ഉണ്ടായിരുന്ന ഹദ്റത്ത് ഹാഫിസ് റോശൻ അലി സാഹിബിനോട് ഹുദൂർ, ആ പണം എണ്ണി നോക്കി അമാനത്തിന്റെ അവകാശിക്കു കൊടുക്കാൻ പറഞ്ഞു. ഹദ്റത്ത് ഹാഫിസ് റോശൻ അലി സാഹിബ് പണമെടുത്തു എണ്ണി നോക്കി അമാനത്തിന്റെ അവകാശിക്കു കൊടുത്തു അയാളോടു റസീറ്റ് തിരിച്ചു വാങ്ങി. ഞങ്ങൾ റോശൻ അലി സാഹിബിനോട് ആ പണമെത്രയുണ്ടായിരുന്നുവെന്നു ചോദിച്ചപ്പോൾ, അമാനത്തുകാരനു കൊടുക്കാനുള്ള മുപ്പത്തി രണ്ടു രൂപ തന്നെയെന്നദ്ദേഹം മറുപടി പറഞ്ഞു. ഇത്തരത്തിൽ അല്ലാഹുവിന്റെ സഹായം നേരിട്ടെത്തിയ എണ്ണമറ്റ സംഭവങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിനെയാണു 'കീമിയാഗിരി' എന്നു മറ്റുള്ളവർ പേരുനല്കിയിരിക്കുന്നത്.

ജനാബ് മിർസാ സലാമുല്ലാഹ് സാഹിബ് നിവേദനം ചെയ്യുന്നു ഒരിക്കൽ ഒരു ഈദുൽ അസ്ഹായുടെ അവസരത്തിൽ പള്ളിയിൽ പോകാനുള്ള സമയമായപ്പോൾ അലക്കിയ വസ്ത്രങ്ങൾ വല്ലതുമുണ്ടോ എന്നു ഹുദൂർ ഭാര്യയോടു ചോദിച്ചു. നോക്കിയപ്പോൾ ശൽവാർ മാത്രമേയുള്ളു. അതാണെങ്കിൽ ചിലയിടത്തു കീറിയിട്ടുമുണ്ട്. ഹുദൂർ അതിൽ നാട ഇട്ടു കൊണ്ടിരിക്കുമ്പോൾ അന്നു സദർ അഞ്ചുമന്റെ സെക്രട്ടറിയായിരുന്ന ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ഒരാളെ ഹുദൂറിന്റെ അടുക്കൽ അയച്ചു കൊണ്ട് നമസ്ക്കാരത്തിനുള്ള സമയമായെന്നും ആളുകൾ കാത്തിരിക്കുകയാണെന്നും നമസ്ക്കാര ശേഷം ആളുകൾക്കു ഖുർബാനി നടത്താനുണ്ടെന്നും അറിയിച്ചു. ഉടനെ എത്താമെന്നു ഹുദൂർ പറഞ്ഞു. അൽപം കഴിഞ്ഞു ഹുദൂറിനെ കാണാതിരുന്നപ്പോൾ നവാബ് സാഹിബ് വീണ്ടും മറ്റൊരാളെ അയച്ചു. അയാളോടും ഉടനെ എത്താമെന്നു ഹുദൂർ പറഞ്ഞു.

അപ്പോഴേയ്ക്കും ഒരാൾ ഹുദൂറിന്റെ വീടിന്റെ വാതിലിൽ മുട്ടി. നോക്കിയപ്പോൾ ഒരപരിചിതൻ സാമാന്യം വലിയൊരു കെട്ടുമായി നിൽക്കുന്നു.അയാൾപറഞ്ഞു ഞാൻ ഹുദൂറിനും വീട്ടുകാർക്കുമുള്ള പെരുന്നാളിനു ധരിക്കാനുള്ള വസ്ത്രവുമായി വസീറാബാദിൽ നിന്നാണു വരുന്നത്. (ഇപ്പോൾ പാക്കിസ്ഥാനിലെ ഗുജാൻവാല ജില്ലയിലെ ഒരു പട്ടണം) ബട്ടാലയിൽ നിന്നും രാത്രി കുതിര വണ്ടിയൊന്നും കിട്ടാത്തതു കൊണ്ട് രാവിലെ പോകാമെന്നു കരുതി രാത്രി അവിടെ തങ്ങി. രാവിലേയും കുതിര വണ്ടി കിട്ടിയില്ല, അതിനാൽ ഞാൻ ബട്ടാലയിൽ നിന്നും നടന്നു വരികയാണു അതു കൊണ്ടാണ് താമസിച്ചു പോയത്. ഹുദൂർ അയാൾ കൊണ്ടു വന്ന പുതിയ വസ്ത്രം ധരിച്ചു വേഗം തന്നെ പള്ളിയിലേയ്ക്കു പുറപ്പെട്ടു.

ഇതു പോലുള്ള മറ്റൊരു സംഭവം ജനാബ് സൂഫി അത്താ മുഹമ്മദ് സാഹിബ് നിവേദനം ചെയ്യുകയാണ്. ഒരു പെരുന്നാൾ ദിവസം ഹുദൂർ സാധുക്കൾക്കു വസ്ത്രം വിതരണം ചെയ്യുകയായിരുന്നു. ആ അവസരത്തിൽ അറിയാതെ തനിക്കു ധരിക്കാൻ വെച്ചിരുന്ന വസ്ത്രവും പാവങ്ങൾക്കു എടുത്തുകൊടുത്തു. ഭാര്യ ചോദിച്ചു ഇനി താങ്കൾ ഈദ് നമസ്ക്കരിക്കാനായി പള്ളിയിൽ എങ്ങനെ പോകും. ഹുദൂർ പറഞ്ഞു. സാരമില്ല അതിനുള്ള ഏർപ്പാടു അല്ലാഹു താൻ തന്നെ ചെയ്തു കൊള്ളും. ഈദ് നമസ്ക്കാരത്തിനു പുറപ്പെടുന്നതിനു അഞ്ചു മിനുട്ടു മുമ്പ് ഒരാൾ വസ്ത്രത്തിന്റെ കെ

ട്ടുമായി വന്നു ഹുദൂറിനു നല്കി. ഹുദൂർ അതെടുത്ത് ഭാര്യയോടു പറഞ്ഞു നോക്കൂ, അല്ലാഹു കൃത്യ സമയത്തു പുതു വസ്ത്രം എത്തിച്ചു തന്നതു കണ്ടോ? ഇത്തരം സംഭവങ്ങളുടെ വെളിച്ചത്തിൽ ഹുദൂറിന്റെ എല്ലാ ആവശ്യങ്ങളും അല്ലാഹു അതിന്റെ യഥാസമയത്തു പൂർത്തികരിച്ചിരുന്നു എന്നു നമുക്കു പറയുവാൻ സാധിക്കും.

## അല്ലാഹു നല്കിയ അനുഗ്രഹങ്ങൾക്കുള്ള നന്ദി

1913 ഡിസംബറിലെ ജൽസാ സാലനയ്ക്കു മുൻപ് ഖിലാഫത്തു നിഷേധികൾ 'യാഥാർഥ്യം വെളിപ്പെടുത്തൽ നമ്പർ 1, നമ്പർ 2' എന്നീ പേരുകളിൽ രണ്ടു ഗൂഢ ലഘുലേഖകളിലൂടെ ജമാഅത്തിൽ വിഭാഗിയതയും ഭിന്നിപ്പും ഉണ്ടാക്കാൻ അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ടായിരുന്നുവല്ലൊ. എന്നാൽ 1913 ലെ ജൽസയിൽ നമ്മുടെ സഹോദരന്മാർ കാണിച്ച ആവേശവും ജമാഅത്തിനോടുള്ള ആത്മാർഥതയും ഐക്യവും സ്നേഹവും മുമ്പത്തെക്കാൾ വർദ്ധിച്ചതായി കണ്ടപ്പോൾ ജൽസയ്ക്കു ശേഷം അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഹുദൂർ താഴെ കാണിച്ച ഒരു നോട്ട് എഴുതുകയുണ്ടായി.

ഹുദൂർ പറയുകയാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

لَئِنْ شَكَرْتُمْ لَأَزِيْدَنَّكُمْ

നിങ്ങൾ നന്ദി കാണിക്കുന്നതായാൽ ഞാൻ നിങ്ങൾക്കു തീർച്ചയായും (അനുഗ്രഹം) വർദ്ധിപ്പിച്ചു തരുന്നതായിരിക്കും (ഖുർആൻ 14:8) അതിനാൽ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്കു നാം അവനോടു നന്ദി പ്രകാശിപ്പിക്കുന്നതായാൽ അവൻ അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ചു തരും. അതിനാൽ അല്ലാഹു നമ്മുടെ മേൽ വലിയ അനുഗ്രഹവും ഔദാര്യവുമാണു ചെയ്തതെന്ന യാഥാർഥ്യം എടുത്തു പറഞ്ഞു ഞാനും അവനോടു നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു.

അവർ തങ്ങളുടെ ഗൂഢ ലഘുലേഖയിലൂടെ എന്റെ മേലിലും ജമാഅത്തിലെ മറ്റു ചിലരുടെ പേരിലും വലിയ വലിയ ആരോപണങ്ങളാണു ഉന്നയിച്ചത്. ജമാഅത്തിൽ ഭിന്നിപ്പും ഫിത്നയും തെറ്റിദ്ധാരണ പരത്തലുമായിരുന്നു അവർ ലക്ഷ്യം വെച്ചിരുന്നത്. എന്നാൽ അല്ലാഹു അവരുടെ സകല ഗൂഢ പദ്ധതികളെയും തകർത്തു തരിപ്പണമാക്കി. സഹോദരന്മാർ സാധാരണയിൽ കൂടുതൽ ജൽസയിൽ പങ്കെടുത്തു. ജമാഅത്തിനോടുള്ള സ്നേഹത്തിന്റേയും ആത്മാർഥതയുടെയും കിരണങ്ങൾ അവരുടെ മുഖത്തു പ്രകടമായിരുന്നു. ഈ വർഷം സദ്ർ അഞ്ചുമൻ അഹ്മദിയാ കടത്തിൽ പെട്ടു പോയിട്ടുണ്ടായിരുന്നു. എന്നാൽ നമ്മുടെ സഹോദരന്മാർ വലിയൊരു സംഖ്യ റൊക്കമായി നല്കിയതിനു പുറമെ ബാക്കിയുള്ള മുഴുവൻ കടങ്ങളും വീട്ടാമെന്ന വാഗ്ദാനം ചെയ്യുകയും ചെയ്തു. മുൻ കാലങ്ങളേക്കാൾ ഈ വർഷം മൂന്നിരട്ടി ചന്ദയുടെ വാഗ്ദാനമാണു ലഭിച്ചത്.

നൂറുദ്ദീൻ കുതിരപ്പുറത്തുനിന്നും വീണു പോയിരിക്കുന്നു. ഇനി അയാൾക്കു പ്രവർത്തിക്കാനൊന്നും സാധ്യമല്ല എന്നായിരുന്നു അവർ പറഞ്ഞു പരത്തിയിരുന്നത്. എന്നാൽ അല്ലാഹു ഒരു ദർശനത്തിലൂടെ എനിക്കു വലിയ വിജയം നല്കുമെന്നും എന്നെ പിന്തുണക്കുമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. അതാണു നമ്മൾ ജൽസയിൽ കണ്ടത്.

## പാപങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ[റ] അരുൾ ചെയ്യുകയാണ്. ധാരാളം സൂഫിവര്യന്മാരോടും ദൈവ ഭക്തരോടും, മനുഷ്യനു പാപങ്ങളിൽ നിന്നും എങ്ങനെ രക്ഷപ്പെടാനാകുമെന്നു ഞാൻ നേരിട്ടു ചോദിച്ചിട്ടുണ്ടായിരുന്നു. മൗലാനാ മുഹമ്മദ് ഖാസിം സാഹിബ് നാനൂത്വിയുടെ അഭിപ്രായത്തിൽ മനുഷ്യൻ എല്ലായ്പ്പോഴും മരണത്തെ മുന്നിൽ കണ്ടു കൊണ്ട് ജീവിക്കുകയാണെങ്കിൽ തീർച്ചയായും അയാൾക്കു പാപങ്ങളിൽ നിന്നും രക്ഷപ്രാപിക്കാനാകും. വലിയ ദൈവ ഭക്തനും സാത്വികനുമായ എന്റെ ഒരു ഉസ്താദ് ഉണ്ടായിരുന്നു. അബ്ദുൽ ഗനി സാഹിബ്. ഞാൻ പഠിക്കുന്ന കാലത്തു അദ്ദേഹത്തിന്റെ ഉന്നതമായ ആത്മീയ നില കണ്ട് ഞാൻ അദ്ദേഹത്തിനു ബൈഅത്തും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു ഏതൊരാൾ സദാ സമയം അല്ലാഹുവിനെ സ്മരിക്കുമോ അയാൾ പാപങ്ങളിൽ നിന്നും രക്ഷപ്പെടും.

ഹദ്റത്ത് മസീഹ് മൗഊദി[അ]നോടും ഇതേ ചോദ്യം ഞാൻ ചോദിച്ചിട്ടുണ്ടായിരുന്നു. ധാരാളമായി ഇസ്തിഗ്ഫാർ (പാപപ്പൊറുതി) ചെയ്യുകയാണെങ്കിൽ പാപത്തിൽ നിന്നും രക്ഷപ്പെടാമെന്നാണു ഹുദൂർ അരുൾ ചെയ്തതു. കുറേ കാലം മുമ്പ് എന്റെ മനസ്സിൽ ഒരു പാപചിന്ത ഉടലെടുത്തിട്ടുണ്ടായിരുന്നു. ആ സമയം എന്റെ മനസ്സ് ശരീഅത്തിലെ ചില വിധി വിലക്കുകളെ മറികടക്കാൻ ഉപായങ്ങൾ തേടി നടക്കുകയും ചെയ്തിരുന്നു. ആ അവസരത്തിൽ പോക്കറ്റിൽ സൂക്ഷിക്കാൻ ഉതകുന്ന ഖുർആന്റെ ചെറിയ പതിപ്പുകൾ കുറച്ചെണ്ണം വാങ്ങിക്കൊണ്ടു വന്ന്, പെട്ടെന്നു എന്റെ ദൃഷ്ടി പതിയുന്ന ഇടങ്ങളിലെല്ലാം തന്നെ ഞാൻ ആ ഖുർആൻ കെട്ടിത്തൂക്കി. അതിനു പുറമെ വസ്ത്രത്തിന്റെ പോക്കറ്റിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നു. മനസ്സിൽ ഏതെങ്കിലും സമയം പാപചിന്ത ഉണ്ടായാൽ തൂക്കിയിട്ടിരിക്കുന്ന ഒരു ഖുർആനെ നോക്കി ഞാനെന്റെ നഫ്സിനോടു പറയും

നോക്കൂ നീ ഈ ഗ്രന്ഥത്തിൽ പൂർണ വിശ്വാസമർപ്പിച്ചിട്ടാണുള്ളത്. എന്നിട്ടും മനസ്സിൽ ഇത്തരം ചിന്തകളുമായാണോ ജീവിക്കുന്നത്. അപ്പോൾ എനിക്കു ലജ്ജ തോന്നാറുണ്ട്. അവസാനം മെല്ലെ മെല്ലെ എന്റെ മനസ്സിൽ നിന്നും അത്തരം ദുഷ്ചിന്തകൾ പാടേ ഇല്ലാതായി.

### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ പ്രധാനപ്പെട്ട ചില ഉപദേശങ്ങൾ

1. തങ്ങളിൽ ആത്മീയപരിവർത്തനം ഉണ്ടാക്കുന്നതിനായി എല്ലായിപ്പോഴും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുക. അതോടൊപ്പം ലാഹൗല ***വലാഖുവ്വത്ത ഇല്ലാ ബില്ലാഹിൽ അലിയ്യുൽ അളീം, അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ,*** സ്വലാത്ത് മുതലായവ വളരെ ശ്രദ്ധാപൂർവം ചൊല്ലിക്കൊണ്ടിരിക്കുക.

2. അഹങ്കാരികളും ഉദാസീനരും പിശുക്കരും അലക്ഷ്യ ജീവിതം നയിക്കുന്നവരും യാതൊരു കാരണവുമില്ലാതെ കലഹിക്കുന്നവരും ഭീരുക്കളും മതത്തെ കളിയും വിനോദമാക്കുന്നവരുമായി ഒരുതരത്തിലും കൂട്ടു കൂടാതിരിക്കുക.

3. നമസ്കാരം ഒരു സത്യവിശ്വാസിയുടെ മിഅ്റാജാണ്. അതു മുഴുവൻ ആരാധനയുടെയും രത്നച്ചുരുക്കമാണെന്നു മനസ്സിലാക്കി അതിൽ ഒരിക്കലും അലംഭാവവും അശ്രദ്ധയും കാണിക്കാതിരിക്കുക. അശരണരും അഗതികളുമായിട്ടുള്ളവരോടു നല്ല നിലയിൽ പെരുമാറുക.

4. തങ്ങളുടെ കൃത്യ നിർവഹണത്തിൽ ഒരിക്കലും ഉദാസീനത കാണിക്കാതിരിക്കുക. വലിയവരെ ബഹുമാനിക്കുക. തങ്ങളെ പോലുള്ളവരോടു പരമാവധി വിനയത്തോടും നല്ല നിലയിലും പെരുമാറുക.

5. ദീൻ അനുവദിക്കുന്നിടംവരെ മാതാപിതാക്കളേയും മേലധികാരികളേയും തൃപ്തിപ്പെടുത്താൻ എപ്പോഴും പ്രയത്നിച്ചു കൊണ്ടിരിക്കുക.

6. പരസ്പരമുള്ള പരിചയം വർദ്ധിപ്പിക്കുക.

7 ഇംഗ്ലീഷും അറബിയും സംസാരിക്കാൻ പരിശീലിച്ചു കൊണ്ടിരിക്കുക.

8. എല്ലാ പ്രവൃത്തികളും സൂക്ഷ്മതയോടും ദീർഘവീക്ഷണത്തോടും വിവേകത്തോടും മാത്രം ചെയ്യുക.

9. മറ്റുള്ളവർക്കു എപ്പോഴും നല്ല മാതൃകയാവുക.

10. ഏതൊരു പ്രവൃത്തിയും അല്ലാഹുവിനു വേണ്ടി നിർവഹിക്കുക. അതു ഭക്ഷണം കഴിക്കലായാലും വെള്ളം കുടിക്കുന്നതായാലും ഉറക്കമാണെങ്കിലും ഉണരുകയാണെങ്കിലും ഇരിക്കുകയാണെങ്കിലും എഴുന്നേൽക്കുകയാണെങ്കിലും ഒരാളെ സ്നേഹിതനാക്കുകയാണെങ്കിലും ശത്രുവാക്കുകയാണെങ്കിലും എല്ലാം അല്ലാഹുവിന്റെ അഭീഷ്ടം മനസ്സിലാക്കി ചെയ്യേണ്ടതാണ്.

11. എത്ര വലിയ ബുദ്ധിമുട്ടുകളും ക്ലേശങ്ങൾ നേരിട്ടാലും ദുആയിലൂടെ പരിഹാരം തേടേണ്ടതാണ്.

12. തങ്ങളുടെ സ്വഭാവവും പ്രവർത്തനങ്ങളും മറ്റുള്ളവരെ ആകർഷിക്കുന്ന തരത്തിലുള്ളതായിരിക്കണം. ഖുർആൻ പറയുന്നു:

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ

മനുഷ്യ വംശത്തിന്റെ നന്മയ്ക്കായി എഴുന്നേൽപിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണു നിങ്ങൾ (ഖുർആൻ 3:111) ആ നിലയ്ക്കു ജീവിതത്തിലെ ഉൽകൃഷ്ടത കാത്തു സൂക്ഷിക്കുക.

AL-ISLAM

### ഉൽകണ്ഠാകുലമായിക്കൊണ്ടിരിക്കുന്ന ഹുദൂറിന്റെ ആരോഗ്യ നില

1913ന്റെ അവസാനത്തോടെ ഹുദൂറിന്റെ ആരോഗ്യനില പ്രതീക്ഷയ്ക്കു വിപരീതമായി ദിനം പ്രതി താഴേയ്ക്കു തന്നെ പോയിക്കൊണ്ടിരുന്നു. 1914 ജനുവരിയിൽ ഹുദൂർ രോഗവും ബലഹീനതയും ക്ഷീണവും കാരണം മസ്ജിദ് അഖ്സയിൽ വളരെ പ്രയാസപ്പെട്ടാണു ദറസ് നടത്തിയിരുന്നതെന്നു അതിൽ പങ്കെടുത്തവർ പറയാറുണ്ട്. ഫിബ്രവരി രണ്ടാം വാരമായതോടുകൂടി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആരോഗ്യം ഒന്നു കൂടി മോശമായി. എങ്കിലും തനിക്കു അൽപമെങ്കിലും സംസാരിക്കാൻ പറ്റുമെങ്കിൽ ഖുർആൻ ദറസ് നിർത്താൻ പാടില്ല എന്നായിരുന്നു ഹുദൂറിന്റെ ആഗ്രഹവും കഠിന ശ്രമവും. ബലഹീനത വർദ്ധിക്കുകയും ഹുദൂറിനു മസ്ജിദ് അഖ്സയുടെ കോണിപ്പടികൾ കയറാൻ പ്രയാസമാവുകയും ചെയ്തപ്പോൾ ചില സഹോദരന്മാരുടെ നിർബന്ധത്തിനു വഴങ്ങി ഖുർആൻ ക്ലാസ്സ് മദ്റസ അഹ്മദിയ്യായുടെ അങ്കണത്തിൽ സംഘടിപ്പിക്കാൻ തുടങ്ങി. ആ സമയങ്ങളിൽ ബലഹീനത നിമിത്തം ഹുദൂർ രണ്ടു പേരുടെ തോളിൽ താങ്ങിയായിരുന്നു പള്ളിയിൽ വന്നു പോയിക്കൊണ്ടിരുന്നത്.

പിന്നീട് ക്ഷീണവും ബലഹീനതയും ഒന്നു കൂടി വർദ്ധിച്ചപ്പോൾ മറ്റുള്ളവരുടെ തോളിൽ താങ്ങിയും ഹുദൂറിനു നടക്കാൻ സാധിക്കാതായി. അങ്ങനെ ഹുദൂറിന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബിന്റെ വീട്ടിൽ ദറസ് സംഘടിപ്പിക്കാൻ തുടങ്ങി. ഹുദൂറിനു തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ സുന്നത്തനുസരിച്ചു നിന്നുകൊണ്ട് ഖുർആൻ ദറസ് നടത്തുന്നതായിരുന്നു ഇഷ്ടം. എന്നാൽ ഹുദൂറിനു അവ

സാനത്തെ രണ്ടു മൂന്നാഴ്ച ഇരിക്കാനും നിൽക്കാനും എഴുന്നേൽക്കാനുമുള്ള ആരോഗ്യം പോലും ഇല്ലാതായപ്പോൾ ഡോക്ടർമാർ ദറസ് നിർത്തി വെക്കണമെന്നു നിർദേശിച്ചു. അപ്പോൾ ഹുദൂർ അരുൾ ചെയ്തു ഖുർആൻ എന്റെ ആത്മാവിന്റെ ഭക്ഷണമാണ്. അതില്ലാതെ എനിക്ക് ജീവൻ നിലനിർത്താൻ പറ്റുകയില്ല. അതിനാൽ ദറസ് ഒരു കാരണവശാലും നിർത്തിവെക്കാൻ സാധ്യമല്ല.

ഹുദൂറിന്റെ ആരോഗ്യ നില വിവരിച്ചു കൊണ്ട് അൽ ഫസ്ൽ പത്രം എഴുതുകയാണ്. ഹുദൂറിന്റെ ബലഹീനതയുടെ കാര്യം പറയുകയാണെങ്കിൽ ആരുടെയും സഹായമില്ലാതെ ഇരിക്കുന്നത് പോകട്ടെ, ഹുദൂറിനു തന്റെ ശിരസ്സു താങ്ങാനുള്ള ശക്തി പോലുമില്ലാതായിരിക്കുകയാണ്. അവസ്ഥ ഇതാണെങ്കിലും ഒരിക്കൽ ഹുദൂർ പറഞ്ഞു, എനിക്കു സംസാരിക്കാൻ സാധിക്കുന്നുണ്ടല്ലോ ആ നിലയ്ക്കു അല്ലാഹു ചോദിച്ചാൽ ഞാനെന്തു മറുപടിയാണു പറയുക. അതിനാൽ ഖുർആൻ ദറസിനുള്ള ഏർപ്പാടു ചെയ്യുവിൻ.

### 1914 ഫിബ്രവരി 2ാം തിയ്യതി ഹുദൂർ ചെയ്ത വസിയ്യത്ത്

ഓർത്തു കൊള്ളുവിൻ എന്റെ സന്താനങ്ങൾക്ക് സക്കാത്ത്, സദഖ, മറ്റു ദാനധർമങ്ങളിൽ നിന്നുള്ളതോ അനാഥർക്കും അശരണർക്കുമുള്ള ഫണ്ടിൽ നിന്നോ എന്തെങ്കിലും തരത്തിലുള്ള സഹായമോ പണമോ നൽകരുത്. അവർക്കു അല്ലാഹു മറ്റെന്തെങ്കിലും മാർഗം കാണിച്ചു കൊള്ളും. അത്തരം ഫണ്ടിൽ നിന്നു എന്റെ സന്താനങ്ങളെ സഹായിക്കേണ്ടതാണെന്നു പറയുന്നവരോട് ഞാനീ പറഞ്ഞ ഈ കാര്യം അവരെ അറിയിച്ചാൽ മതി. ആരെങ്കിലും എന്റെ ജീവചരിത്രം എഴുതുന്നുണ്ടെങ്കിൽ ഈ വസിയ്യത്ത് എഴുതാൻ വിട്ടു പോകരുത്. ഇതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അവരെ തടയേണ്ടതാണ്. ഇപ്പോൾ എന്റെ കൈയിൽ പണമൊന്നുമില്ല. ഉണ്ടായിരുന്ന കടങ്ങളെല്ലാം തന്നെ ഞാൻ വീട്ടിയിട്ടുണ്ട് ബാക്കിയുള്ള കുറച്ചു കടങ്ങൾ കൂടി വരും ദിവസങ്ങളിൽ വീട്ടുന്നതായിരിക്കും. എന്റെ പിതാവും സാധാരണ നിലയിൽ കടങ്ങളൊന്നും വാങ്ങാറില്ല. ഉണ്ടെങ്കിൽ അതു ബാക്കി വെക്കാറുമില്ല. ഞാനും കടങ്ങൾ ബാക്കി വെക്കാറില്ല. (തുടരും)

പേജ് 27 ൽ നിന്ന്

പനം സ്വീകരിക്കുന്നതാവും സുരക്ഷിതമാവുക എന്ന് ഹ: അഹ്മദ്(അ) മതപണ്ഡിതന്മാരെ തർജ്ജനം ചെയ്തിരുന്നു. ആ മഹാത്മാവിന്നുണ്ടായിരുന്ന അതുല്യമായ ആത്മീയ വിജയങ്ങൾ സർ സയ്യിദിനെ വിചാരമഗ്നാക്കിയെന്ന് വേണം കരുതാൻ. എന്തെന്നാൽ, സർ സയ്യിദ് ഒരു ബദ്ധശത്രുവായി തിരിഞ്ഞില്ല. ആ പുണ്യതമാവിനെതിരായി പിന്നീടൊരിക്കലും ഒരക്ഷരം പോലും പറഞ്ഞില്ല.

എങ്കിലും സർ സയ്യിദ് അഹ്മദ് ഖാൻ ദൈവം പ്രാർഥന സ്വീകരിക്കുന്നവനല്ല എന്ന ഗുരുതരമായ ഒരു തെറ്റ് പ്രചരിപ്പിച്ചതിന്ന് ദൈവിക ശിക്ഷക്കിരയാവുക തന്നെ ചെയ്തു. ഹ: അഹമദ്(അ) പ്രവചിച്ചതിൻ വണ്ണം തന്നെ സർ സയ്യിദിനു ആയുരാന്ത്യത്തിൽ പല ദുരനുഭവങ്ങളുമുണ്ടായി. വാർധക്യ കാലത്ത് അദ്ദേഹത്തിന്റെ സീമന്ത പുത്രന്റെ ദാരുണമായ മരണം കാണേണ്ടി വന്നു. ഈ വിരഹ വ്യഥയിൽ നിന്നും മോചനം നേടുന്നതിനു മുമ്പായി തന്നെ മറ്റൊരു ഭയങ്കര ദുഖവും അദ്ദേഹത്തെ പിടികൂടി. അലിഗഡ് കോളേജിലെ കെട്ടിട നിർമാണാർഥം അദ്ദേഹം വളരെ പാടുപെട്ട് പിരിച്ചെടുത്ത 105490 ക, ശാംബിഹാരിലാൽ എന്നൊരാൾ പിടിങ്ങിക്കളഞ്ഞ സംഭവമാണത്. അപമാനഭാരവും ദുഖവും നിമിത്തം മുന്നു ദിവസം വരെ അദ്ദേഹം ആഹാരമൊന്നും കഴിച്ചിട്ടില്ലെന്ന് മാത്രമല്ല പലതവണ പ്രജ്ഞയറ്റ് വീഴുകയും ചെയ്തിരുന്നു. തദവസരത്തിൽ താൻ അലിഗഡിലില്ലായിരുവെങ്കിൽ പിതാവ് ശോക പാരവശ്യം കാരണം മരണ മടഞ്ഞേനെ എന്ന് പുത്രൻ സയ്യിദ് മഹ്മൂദ് പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

സർ സയ്യിദിന്റെ ചരമം അടുത്തെത്തിയിട്ടുണ്ടെനു ദൈവത്തിൽ നിന്നും അറിവ് കിട്ടിയതിനെ തുടർന്ന് ഹ: അഹ്മദ്(അ) 1897 മാർച്ച് 12-ാം തിയ്യതി ഒരു വിജ്ഞാപനം മുഖേന അദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിന്ന് ക്ഷണിക്കുകയുണ്ടായി. അതിലിപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു: 'പ്രാർഥന ഫലിക്കില്ലെന്ന് ധാരണ സർ സയ്യിദ് സാഹിബിന്ന് പറ്റിയ ഒരു പിഴവാണ് കഷ്ടം! നാൽപ്പത് ദിവസമെങ്കിലും അദ്ദേഹം എന്റെ കൂടെ താമസിച്ചുവെങ്കിൽ നവവും വിശുദ്ധവുമായ വിവരങ്ങൾ അദ്ദേഹം നേടിയിരിക്കുമായിരുന്നു. ഇനി നാം തന്നിൽ മറു ലോകത്ത് വെച്ചായിരിക്കും കണ്ടുമുട്ടുക. നേരിട്ട് കൂടികാഴ്ച്ച ലഭില്ലെന്നതും കഷ്ടം തന്നെ സയ്യിദ് സാഹിബ് ഈ വിജ്ഞാപനം ശ്രദ്ധാപൂർവ്വം പരായണം ചെയ്യട്ടെ എന്തെന്നാൽ ഇനി കൂടിക്കാഴ്ച്ചക്ക് പകരമായി ഈ വിജ്ഞാപനം മാത്രമാണുള്ളത്. (വിജ്ഞാപനം 123 99, തദ്ക്കിറ, ഒന്നാം പതിപ്പ് ഭാ, 288)

എന്നാൽ നമസ്ക്കാരം നോമ്പ് മുതലായ നിർബന്ധകാര്യങ്ങൾ പോലും ഉപേക്ഷിച്ചു കഴിയുന്ന സർ സയ്യിദിന് ആ സ്വർഗീയ വിളിക്ക് ഉത്തരം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അദ്ദേഹം കൃത്യം ഒരു കൊല്ലം കഴിഞ്ഞ് 1898 മാർച്ച് 28ാം തിയ്യതി ചരമമടഞ്ഞു.

കുറിപ്പുകൾ
മുസാഫിർ

# സത്യം പതുക്കെ പരക്കുക തന്നെ ചെയ്യും

ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്, A lie travels around the globe while the truth is putting on its shoes. 'സത്യം അതിന്റെ പാദുകം ധരിക്കുമ്പോഴേക്കും അസത്യം ഭൂഗോളം ചുറ്റിസഞ്ചരിക്കുന്നു.' ഇത് ഒരു പഴമൊഴിയാണെങ്കിലും ആധുനിക സാറ്റലൈറ്റ് ഡിജിറ്റൽ സംപ്രേഷണ യുഗത്തിൽ ഈ ലോകോക്തി ദിനേന പുലർന്നു കൊണ്ടിരിക്കുകയാണ് പ്രത്യേകിച്ചു യുദ്ധകാലഘട്ടത്തിൽ. പക്ഷേ സത്യത്തിന് മുന്നിൽ അസത്യത്തിനും അനീതിക്കും ഏറെ നാൾ നിലനിൽക്കാൻ സാധ്യമല്ല. ഖുർആൻ പറയുന്നു:

'പറയുക, സത്യം വന്നു അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നത് തന്നെയാണ്' (ബനീ ഇസ്റായീൽ 17: 82)

ആധുനിക ശാസ്ത്രത്തിന്റെ ഒരു സംഭാവനയാണ് വാർത്താവിനിമയം. വ്യക്തിഗത വിവര കൈമാറ്റ രീതിയിൽ നിന്നും വ്യത്യസ്തമായി ആധുനിക കാലത്ത് ജനങ്ങളെ മൊത്തത്തിൽ സ്വാധീനിക്കുന്ന വാർത്തകളുടെയും വിവരങ്ങളുടെയും വ്യാപനത്തിന്റെ ശക്തിയും സാധ്യതയും നേട്ടങ്ങളും അപാരമാണ്. പത്രം, റേഡിയോ ടെലിവിഷൻ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, പബ്ലിക്ക് റിലേഷൻസ് സിനിമ മുതലായ മാധ്യമങ്ങളാണ് ഇതിനായി ഉപയോഗിച്ച് വരുന്നത്. മാസ്സ് കമ്മ്യൂണിക്കേഷൻ എന്നാണ് ഇത് അറിയപ്പെടുന്നത്. പൊതുജന മനശാസ്ത്രത്തെ പറ്റി നിരവധി സൂക്ഷ്മവും വിദഗ്ദവുമായ പഠനങ്ങളും ഫീൽഡ് സർവ്വേകളും നടത്തിയാണ് വൻ വാർത്താവിനിമയ കോർപറേറ്റ് സ്ഥാപനങ്ങൾ വാർത്താ-വിവര വിനിമയങ്ങളുടെ വിധവും തരവും രീതിയും രൂപപ്പെടുത്തുന്നത്. പാശ്ചാത്യ നാഗരികതയും സാമ്രാജ്യത്വവും അവരുടെ ചരക്കുകളുടെ വിപണനത്തിനും രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടിയെടുക്കാനും കോളനിവത്ക്കരണത്തിനും അഭ്യന്തര ഭരണത്തിനുമാണ് മാസ്സ് കമ്മ്യൂണിക്കേഷൻ ഉപയോഗിക്കുന്നത്.




1990 കളിൽ സോഷ്യൽ മീഡിയായുടെ രംഗപ്രവേശനത്തോടെ മാസ്സ് കമ്മ്യൂണിക്കേഷൻ എന്നറിയപ്പെടുന്ന വാർത്തകളുടെ വിനിമയം നിയന്ത്രിച്ചിരുന്ന കോർപറേറ്റുകൾക്കും ഭരണകൂടങ്ങൾക്കും ഏറ്റ പ്രഹരം ഊഹാതീതമാണ്. അവരുടെ കുത്തകയാണ് ഇപ്പോൾ തകർന്ന് വീണിരിക്കുന്നത്. തടിച്ചു കൊഴുത്ത് ഭിമാകാരമായി നിൽക്കുന്ന വാർത്താ കുത്തക സ്ഥാപനങ്ങളെ അംശീകരിച്ച് ധൂളിച്ചു കളയുന്ന ഈ പ്രതിഭാസത്തെയാണ് ഡീമാസിഫിക്കേഷൻ എന്ന് വിളിക്കുന്നത്. പുതിയ ഇന്റർനെറ്റ് ഡിജിറ്റൽ വാർത്താ വിവര സാങ്കേതിക വിദ്യ വ്യക്തികളെ ശാക്തീകരിച്ചിരിക്കുന്നു. വ്യക്തികൾക്ക് സോഷ്യൽ മീഡിയകളിലേക്ക് വാർത്തകൾ നിർബാധം വിതരണം ചെയ്യാനും സ്വീകരിക്കനുമുള്ള അവസരം മൊബൈൽ ഇന്റർനെറ്റ് സംവിധാനം സാധ്യമാക്കി തന്നിരിക്കുന്നു. 1876 ഗ്രഹാംബെൽ ടെലഫോൺ കണ്ടുപിടിച്ചതിനു ശേഷം 1973 ൽ മോട്ടറോളയിലെ ഡോ. മാർട്ടിൻ കൂപ്പറായിരുന്നു കൈയ്യിൽ കൊണ്ടു നടക്കാവുന്ന ആദ്യത്തെ മൊബൈൽ ഫോൺ രൂപകൽപ്പന ചെയ്തത്. 2 കിലോ ആയിരുന്നു ഭാരം 3500 ഡോളർ വിലയും അതിന് ശേഷം ഇന്റർനെറ്റുമായി മൊബൈൽ ഫോണിന്റെ ബന്ധിപ്പിക്കുകയും അതിന്റെ രൂപകൽപ്പനയിലും സാങ്കേതിക മികവിലും വിവിധങ്ങളായ ഉപയോഗങ്ങളിലും ദ്രുതഗതിയിൽ മാറ്റങ്ങൾ വന്നു. ആർക്കും വാങ്ങാവുന്ന വിലക്കുറവും ഉണ്ടായി. പരിഷ്ക്കാരങ്ങൾ മിന്നൽ വേഗത്തിലാണ് സംഭവിച്ചത്. 2007 ൽ അമേരിക്കയിൽ 7 ശതമാനം ആളുകളായിരുന്നു സോഷ്യൽ മീഡിയ ഉപയോഗിച്ചുരുന്നത്. 2017 അത് 80 ശതമാനമായി ഇന്ന് നമ്മുടെ മൂന്നാം ലോകരാജ്യങ്ങളിലടക്കം ഏറെക്കുറെ പൂർണമായും മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരായി

മാറി. അത്രയും ജനകീയമാണ് ഈ ഉപകരണം.

മാർക്കറ്റിങ്ങ്, ആശയ പ്രചാരണം, വിദ്യാഭ്യാസം, രാഷ്ട്രീയം, വിനോദം, സാമ്പത്തിക രംഗം ആരോഗ്യം തുടങ്ങി നിരവധി മേഖലകളെ സ്വാധീനിക്കാൻ സോഷ്യൽ മീഡിയക്ക് കഴിയുന്നു. ഇന്ന് മൊബൈയ്ൽ ഫോണും സോഷ്യൽ മീഡിയയും ഇല്ലാതെ ജീവിതം തന്നെ അസാധ്യമായി തീർന്നിരിക്കുന്നു. സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തിന്റെ ഭീകരത വിവരണാതീതമാണെങ്കിലും സത്യത്തിന് തടസ്സമില്ലാതെ വിനിമയം ചെയ്യാൻ ഒരു വാതായനം തുറക്കപ്പെട്ടിരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. അപ്രകാരം തന്നെ വിജ്ഞാന കുതുകികൾക്ക് ആകാശം അതിരായി വിജ്ഞാനം കുറഞ്ഞ് ചിലവിൽ തേടാനുള്ള അവസരമാണ് സെൽഫോണും കമ്പ്യൂട്ടറും സോഷ്യൽ മീഡിയയും ഒരുക്കിതന്നത്.

ഇയ്യിടെയുണ്ടായ ഹമാസ്-ഇസ്റായേൽ യുദ്ധത്തിൽ ഫലസ്തീൻ പക്ഷം ചേർന്ന് യൂറോപ്പിലെയും അമേരിക്കയുടെയും നഗരങ്ങളിൽ 'ഫ്രീ ഫലസ്തീൻ' എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് വൻപ്രകടനങ്ങളും പ്രതിഷേധങ്ങളും നടന്നു. ഇതെല്ലാം അമേരിക്കയിൽ ഇത്വരെയില്ലാത്ത സാമൂഹിക മാറ്റങ്ങളാണ്. ഇതിനെയെല്ലാം സോഷ്യൽ മീഡിയയുടെ ഒരു പ്രതിഭാസമായി കണക്കാക്കാവുന്നതാണ്. അമേരിക്കയിലെ ലോസ് ആഞ്ചലസ് ന്യൂയോർക്ക്, മിച്ചിഗൺ മുതലായ നഗരങ്ങളിലെല്ലം വലിയ പ്രകടനങ്ങളും പ്രതിഷേധങ്ങളുമുണ്ടായി. ഇതിനിടയിൽ ബ്രിട്ടീഷ് ആഭ്യന്തര സെക്രട്ടറി സുവെല്ല ബ്രേവർമാനെ പ്രധാന മന്ത്രി ഋഷി സുനക് പുറത്താക്കിയ സംഭവം ശ്രദ്ധേയമാണ്. ഫലസ്തീന് അനുകൂലമായി നടന്ന പടുകൂറ്റൻ പ്രകടനത്തിന് അനുമതി നൽകിയ പോലിസിനെതിരെ അഭിപ്രായ പ്രകടനം നടത്തിയതിനാണ് നടപടി. ഫലസ്തീൻ റാലിയോട് മൃദു സമീപനമാണ് ലണ്ടൻ പോലീസ് സ്വീകരിച്ചതെന്നായിരുന്നു ആഭ്യന്ത സെക്രട്ടറിയുടെ വിമർശനം. ലണ്ടനിൽ ഫലസ്തീൻ പതാക പാറിച്ചതിനും ബ്രൊവർ പോലീസിനെ വിമർശിച്ചിരുന്നു. യു കെ യിലെ ഗ്ലാസ്കോ സ്കോട്ട്ലണ്ട്, മാഞ്ചസ്റ്റർ സ്വിസ്റ്റർലണ്ടിലെ തലസ്ഥാനമായ ജനീവ, ഇറ്റലിയിലെ ടൂറിൻ അയർലണ്ടിലെ ഡബ്ലിൻ ഫ്രാൻസിലെ പ്യാരീസ് ജർമ്മനിയിലെ മ്യൂണിച്ച് എന്നീ യൂറോപ്യൻ നഗരങ്ങളിലെല്ലാം ഫലസ്തീന്ന് അനുകൂലമായി പ്രകടനങ്ങളും പ്രതിഷേധങ്ങളുമുണ്ടായി. അമേരിക്കൻ യൂണിവേഴ്സിറ്റികളിലുടനീളം ഫലസ്തീൻ ഇസ്റായേൽ അനുകൂല ചേരികളായി തിരിഞ്ഞിരിക്കുന്നു. കൊളംമ്പിയ ഹാർഡ്വാർഡ് യൂണിവേഴ്സിറ്റികളിൽ ഇതിന്റെ പേരിൽ സംഘർഷങ്ങളുണ്ടായി. കൊളമ്പിയ യൂണിവേഴ്സിറ്റിയിൽ നാഷനൽ സ്റ്റുഡൻസ് ഫോർ ജസ്റ്റീസ് എന്ന സംഘടന ഹമാസ് അക്രമത്തെ വാഴ്ത്തുക പോലുമുണ്ടായി. സോഷ്യൽ മീഡിയകളിലൂടെ പ്രചരിക്കുന്ന ഭീകരമായ അക്രമത്തിന്റെയും ബോംബിങ്ങിന്റെയും നേർചിത്രങ്ങളും വാർത്തകളും ലോകം മുഴുവനും പ്രചരിക്കുന്നത് തീർച്ചയായും അമേരിക്കയിലേയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയു അഭ്യസ്ഥ വിദ്യരായ യുവാക്കളിലും വിദ്യാർഥികളിലും ഫലസ്തീനികളോട് അനുഭാവം ഉണ്ടാക്കുകയും ഫലസ്തീൻ പ്രശ്നത്തിന്റെ നിജസ്ഥിതി നിഷ്പക്ഷമായി അന്വേഷിക്കാൻ കാരണമാവുകയും ചെയ്യുന്നു.

ഇറാഖ്, സിറിയ, അഫ്ഘാൻ എന്നീ രാജ്യങ്ങളിലെ യുദ്ധങ്ങൾക്ക് ശേഷം അമേരിക്കയിലേക്കുള്ള അഭയാർഥികളായ മുസ്ലിംകളുടെ കുടിയേറ്റം വൻതോതിൽ കൂടിയിട്ടുണ്ട്. അമേരിക്കൻ ജനസംഖ്യയുടെ അനുപാതത്തിൽ അത് നേരിയ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ഈ മുസ്ലിംകളിൽ ചിലർ അമേരിക്കക്കാരുടെ അയൽക്കാരായിത്തീരുകയും തൊഴിലിടങ്ങളിൽ ബന്ധപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ മുസ്ലിംകളുമായി സമ്പർക്കത്തിലേർപ്പെടുന്ന അമേരിക്കക്കാർക്ക് ഇസ്ലാമിനെ പറ്റി ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റുകളും പുരോഹിതന്മാരും പ്രചരിപ്പിച്ച വൻ തെറ്റിധാരണ മാറാൻ കാരണമാവുകയും അതു വഴി ഇസ്ലാമിനെ കുറിച്ച് പഠിക്കാനും അവസരമൊരുക്കുകയും ചിലർ ഇസ്ലാമിലേക്ക് മാറുകയും ചെയ്യുന്നു. ഇന്ന് സോഷ്യൽ മീഡിയകളിലൂടെ യഥാർഥ ഇസ്ലാമിനെ പറ്റി ആരുടെയും മധ്യസ്ഥതയില്ലാതെ നേരിട്ടറിയാൻ മറ്റെന്നെത്തെക്കാളും സാധ്യമാവുന്നു. ഇത് സത്യമതമായ ഇസ്ലാമിനും വൻസാധ്യത ഒരുക്കുന്നു എന്നതിന്റെ സൂചനയാണ് ഫലസ്തീൻ പ്രശ്നത്തിൽ നീതിയുടെയും സത്യത്തിന്റേയും പക്ഷത്തേക്കുള്ള ജനങ്ങളുടെ മാറ്റം.

ഹമാസ് ജിഹാദീ സിദ്ധാന്തം ഉൾക്കൊണ്ട ഒരു പോരാട്ട സംഘടനയാണ്. അവരുടെ സമീപനം ഒരിക്കലും ഫലസ്തീനികൾക്ക് സമാധാനം കൊണ്ടുവരില്ല എന്നുറപ്പാണ്. ഇസ്റയേലിൽ തന്നെ നല്ലവരും ഇസ്റായേലിന്റെ യുദ്ധനയത്തെ വിമർശിക്കുന്നവരുമുണ്ട്. പലസ്തീൻ പ്രശ്നത്തിൽ ലോകം മുഴുവനും നീതിമാന്മാർ ഫലസ്തീനികളോട് കാട്ടുന്ന അനുഭാവം ഹമാസിനോടുള്ള പിന്തുണയായി ഒരിക്കലും ആരും കരുതരുത്. നിരപാരാധികളായ ഇസ്റായേലി പൗരന്മാരെ കൊല്ലുന്നത് പോലെയുള്ള ആക്രമണം തീർച്ചയായും അപലപിക്കപ്പെടേണ്ടതാണ്.

ഫലസ്തീൻ പ്രശ്നത്തിന്റെ യാഥാർഥ്യത്തെ തമസ്ക്കരിക്കുന്ന പ്രചാരണമാണ് ഇസ്റയേലും സാമ്രാജ്യത്വവും നടത്തിക്കൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് വർഷങ്ങളായി പാർത്തുകൊണ്ടിരിക്കുന്ന അവരുടെ ജന്മഭൂമിയിൽ നിന്നും എഴുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് ആ ജനത ഇസ്റായേൽ രാഷ്ട്ര പ്രഖ്യാപനത്തോടെ പുറത്താക്കപ്പെടുകയും അക്രമിക്ക

പ്പെടുകയും ചെയ്തു. അതിന് ശേഷം നിരവധി യുദ്ധങ്ങളിലൂടെ ഫലസ്തീനികളുടെ ജന്മദേശത്തെ സ്ഥലങ്ങൾ ആദ്യം വാങ്ങിക്കുകയും പിന്നീട് പിടിച്ചടക്കുകയും ചെയ്താണ് ഇസ്റായേൽ മുന്നോട്ട് പോകുന്നത്. ഇപ്പോൾ ലോകം മുഴുവൻ അഭ്യർഥിച്ചിട്ടും വകവെക്കാതെ അവർ ഫലസ്തീനികൾക്കെതിരെ കിരാതമായി യുദ്ധം തുടരുകയാണ്. ഇങ്കുബേറ്ററിലെ ശിശുക്കളടക്കം പതിനഞ്ചായിരത്തിലധികം വരുന്ന നിരപരാധികളായ മനുഷ്യർ നാല്പത് ദിവസം കൊണ്ട് കൊല്ലപ്പെടുകയുണ്ടായി. ഒരു പേക്കിനാവ് പോലെ ഉൾക്കിടിലത്തോടെ മാത്രം ഓർക്കാൻ കഴിയുന്ന ക്രൂരത ഒരു ആധുനിക രാഷ്ട്രം നിർവ്വഹിക്കുക എന്നത് അചിന്ത്യമാണ്. പക്ഷേ ഇസ്റായേലിന് അത് സാധിക്കുന്നു. ഒരു യുദ്ധത്തിൽ ഇത്ര കുറഞ്ഞ ദിവസത്തിനുള്ളിൽ നിസ്സഹായരായ കുട്ടികളെയും സ്ത്രീകളെയും മേൽ ഇത്രയധികം കൊലപാതകങ്ങളും കുറ്റങ്ങളും മനുഷ്യന് നടത്താൻ കഴിയും എന്ന് ആധുനിക ലോകത്തിനു മുമ്പിൽ അവർ തെളിയിച്ചു. ചരിത്രത്തിലുടനീളം മറ്റുള്ളവരുടെ പീഡനങ്ങളേറ്റുവാങ്ങിയ യഹൂദ ജനതയുടെ പേരിലുള്ള ഒരു രാഷ്ട്രമാണ് ഇത് ചെയ്യുന്നത് എന്നതും, അക്കാലത്തെല്ലാം അവരെ സംരക്ഷിക്കുകയും അഭയം നല്കുകയും ചെയ്ത ഒരു ജനതയെയാണ് അവർ ഇങ്ങനെ അക്രമിക്കുന്നതെന്നതും അവിശ്വസനീയമായ ഒരു വിരോധാഭാസമായി നിൽക്കുന്നു. ഗസ്സയാകട്ടെ ഇസ്റയേലിന് തികച്ചും അധീനപ്പെട്ടു നിൽക്കുന്ന നാലുഭാഗത്തു നിന്നും വലയം ചെയ്യപ്പെട്ട ഒരു ചെറുപ്രദേശവും. ഈ അനീതിചെയ്യുന്ന ഇസ്റായേലിന് സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയത് ലോകത്തിലെ ജനാധിപത്യത്തിന്റെയും പൗരവകാശങ്ങളുടെയും പറുദീസ എന്ന് സ്വയം വിശേഷിപ്പിക്കപ്പെടുന്ന അമേരിക്കയും ബ്രിട്ടനുമാണ്. അവിടുത്തെ ജനങ്ങളല്ല എന്നകാര്യം പ്രത്യേകം സ്മരണീയമാണ്. ഏറ്റവും ശുഭോതർക്കമായ കാര്യം ഈ കിരാത യുദ്ധത്തിനെതിരെ ഇസ്റായേലിലടക്കം മനുഷ്യസ്നേഹികളായ ആളുകളുടെ വൻപ്രതിഷേധങ്ങൾ അമേരിക്കയുടെയും ബ്രിട്ടന്റെയും മറ്റു യൂറോപ്യൻ നഗരങ്ങളിലും ദൃശ്യമാണ്. വാർത്താവിതരണത്തെയും വിനിമയത്തെയും കുത്തകയാക്കി തമസ്ക്കരിച്ചിരുന്ന പഴയ കാലത്തിൽ നിന്നും വിഭിന്നമായി സത്യം പ്രചരിക്കാനുള്ള ഒരു വാതിൽ തുറന്നു കിട്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

'പറയുക സത്യം വന്നിരിക്കുന്നു. അസത്യം പുതുതായി ഒന്നും ഉണ്ടാക്കുകയില്ല ആവർത്തിക്കുകയുമില്ല.'(34: 50)

# സത്യദൂതൻ വായനക്കാരോട്

**ബഹുമാന്യരെ, അസ്സലാമു അലൈക്കും**

**സത്യദൂതൻ ഈ ഡിസംബർ ലക്കത്തോടെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 1925 ൽ ആരംഭിച്ച സത്യദൂതൻ അതിന്റെ സുദീർഘവും സംഭവ ബഹുലവുമായ ചരിത്രത്തിന്റെ നൂറ് വർഷം പൂർത്തിയാക്കാനാനൊരുങ്ങുകയാണ്. സത്യദുതനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്തത് അതിന്റെ ബഹുമാന്യരായ വായനക്കാരാണ്. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സത്യദൂതന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സത്യദൂതന്റെ പുതിയ മാനേജറായി ജനാബ് മാലിക് അമീൻ സാഹിബിനെ നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഫോൺ നമ്പർ 9895 867 185. സബ്സ്ക്രിബ്ഷൻ സംബന്ധിച്ച കാര്യങ്ങൾക്ക് വായനക്കാർ അദ്ദേഹവുമായിട്ടാണ് ബന്ധപ്പെടേണ്ടത്.**

**സത്യദൂതന്റെ പുതിയ വർഷത്തേക്കുള്ള വരിസംഖ്യയും കുടിശ്ശികയും അയക്കാൻ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. QRcode, Gpay, PhonePe, Paytm എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വായനക്കാരുടെ സബ്സ്ക്രിബ്ഷൻ നമ്പറും ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴേ കൊടുത്ത നമ്പരിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. വായനശാലയിലേക്കും ലൈബ്രറികളിലേക്കും അയക്കാൻ ആഗ്രഹിക്കുന്നവർ ഒന്നോ രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർ ചെയ്യാനും അഭ്യർത്ഥിക്കുന്നു. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.**

**വസ്സലാം**

**സി. ശമീം അഹ്മദ്**

**സദർ, ഇശാഅത്ത് കമ്മിറ്റി, കേരള**

# ജില്ലാ സമ്മേളനങ്ങൾ

### അഹ്മദിയ്യാ മുസ്‌ലിം കണ്ണൂർ ജില്ലാ സമ്മേളനം




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കണ്ണൂർ ജില്ലാ സമ്മേളനം നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ജുനൂബി ഹിന്ദ് മൗലാനാ നാസർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ഇരിക്കുന്നവർ മൗലവി ഖമറുദ്ദീൻ സാഹിബ്, മൗലവി അബ്ദുസ്സലാം സാഹിബ് കണ്ണൂർ ജില്ലാ അമീർ അബ്ദുൽ അസീസ്, മൗലവി അമീറുദ്ദീൻ സാഹിബ്

### അഹ്മദിയ്യാ മുസ്‌ലിം എറണാകുളം ജില്ലാ സമ്മേളനം




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാ കുളം ജില്ലാ സമ്മേളനം മൗലവി പി.എം.റശീദ് സാഹിബ്, വക്കീലുൽ മാൽ തഹ്‌രീക്ക് ജദീദ് ഉദ്ഘാടനം നിർവഹിക്കുന്നു. വേദിയിൽ ഇരിക്കുന്നവർ വലത്തു നിന്ന്– ബി.ബി.അഹ്മദ് കബീർ സാഹിബ്, സദർ ജമാഅത്ത്, എറണാകുളം, താജ്ജുദ്ദീൻ സാഹിബ് നായിബ് സദർ, മജ്‌ലിസ് അൻസാറുല്ലാഹ്, സൗത്ത് ഇന്ത്യ, ഇ.എച്ച്.നജീബ് സാഹിബ് നായിബ് അമീർ, ടി.കെ.അബൂക്കർ സാഹിബ് –ജില്ലാ അമീർ എറണാകുളം, മൗലവി സി.എൻ. താഹിർ അഹ്മദ് സാഹിബ് –ജില്ലാ മുബല്ലിഗ് ഇൻചാർജ്, ജുനൈദ് അഹ്മദ് സാഹിബ്–ജില്ലാ ഖായിദ്, എച്ച്.അഹ്മദ് ശാഫി സാഹിബ്–ജില്ലാ നാസിം അൻസാറുല്ലാഹ്.

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കൊല്ലം– തിരുവനന്തപുരം ജില്ലാ സമ്മേളനം




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കൊല്ലം – തിരുവനന്തപുരം ജില്ലാ സമ്മേളനം മൗലവി എം.നാസർ അഹ്മദ് സാഹിബ്, അഡീ.നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ജുനൂബി ഹിന്ദ് ഉദ്ഘാടനം നിർവഹിക്കുന്നു. വേദിയിൽ ഇരിക്കുന്നവർ മുൻനിര യിൽ – എം.അബ്ദുല്ലാഹ് സാഹി ബ് –ജില്ലാ അമീർ കൊല്ലം–തിരുവനന്തപുരം, മൗലവി എസ്.ശഫീഖ് അഹ്മദ് സാഹിബ് –ജില്ലാ മുബല്ലിഗ് ഇൻചാർജ്, നാസിമുദ്ദീൻ സാഹിബ്–അമീർ കരുനാഗപള്ളി, മൗലവി ടി.അമീറുദ്ദീൻ സാഹിബ് – ഇൻസ് പെക്ടർ ബൈത്തുൽ മാൽ ആമദ്, ടി.സുബൈർ അഹ്മദ് സാഹിബ് –ജില്ലാ നാസിം അൻസാറുല്ലാഹ്, തബ്‌വാ ഹുസൈൻ സാഹിബ് –ജില്ലാ ഖായിദ്. രണ്ടാം നിരയിൽ – അബ്ദുൽ ജലീൽ സാഹിബ്– സദ്ർ ജമാഅത്ത് ആദിനാട്, ശമീം അഹ്മദ് സാഹിബ് – സദ്ർ ജമാഅത്ത് കൊട്ടാരക്കര, അബ്ദുൽ റശീദ് സാഹിബ് സദ്ർ ജമാഅത്ത് മാത്ര, അബ്ദുൽ വഹാബ് സാഹിബ് സദ്ർ ജമാഅത്ത് പത്തനാപുരം, മുസഫർ അഹ്മദ് സാഹിബ് സദ്ർ ജമാഅത്ത് തിരുവനന്തപുരം, അജിത് അഹ്മദ് സാഹിബ് സദ്ർ ജമാഅത്ത് കൊല്ലം

## യു എസ് എസ് ലഭിച്ചു



കോഴിക്കോട് ജമാഅത്തിലെ സിയാഫത്ത് സെക്രട്ടറി ഹനീഫ് സാഹിബിന്റെ മകൻ മിഥ്‌ലാജ് അലിക്ക് യു എസ് എസ് ലഭിച്ചു. ഹനീഫ് സാഹിബിന്റെയും ദിൽഷ സാഹിബയുടെയും പുത്ര നാണ് മിടുക്കനായ ഈ വിദ്യാർത്ഥി. കേരളാഗവർമെന്റ് പഠനത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്കായി നടത്തു ന്ന സ്കോളർഷിപ്പ് പരീക്ഷയാണ് യു എസ് എസ്. 4 ാം ക്ലാസിൽ നടത്തുന്ന എൽ എസ് എസ്സും മിഥ്‌ലാജിന് ലഭിച്ചിരുന്നു.

എല്ലാ വർഷവും തന്റെ ചെറുനിക്ഷേപങ്ങൾ സമാഹരിച്ച് വഖഫ് ജദീദിനു നൽകി വരുന്ന മിഥലാജിനെ ഹുസൂർ തിരുമനസ്സ് ഖുതുബയിൽ അഭിനന്ദിച്ചിരുന്നു. അത്ഫാൽ അഹ്മദി യ്യായുടെ ഖിദ്മത്തെ ഖൽക്ക് സെക്രട്ടറിയാണ്.

Published on 07.12.2023

Pages 44

Vol: 95 Issue.12
Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
**Phone No: 9447086862 (G. Pay)**

ISLAM
INTERNATIONAL
PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim